കേരള സർക്കാർ

Azadi Ka Amrit Mahotsav

# സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
# 2022-23

## സമർപ്പണം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1994 ലെ 23-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 ലെ 25-ാം ചട്ടം എന്നിവ അനുശാസിക്കുന്ന വിധം സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2022-2023 അനന്തര നടപടികൾക്കായി സമർപ്പിക്കുന്നു.

**മിനിമോൾ.കെ.ജി**

**ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**തിരുവനന്തപുരം**

**29.09.2023**

# ആമുഖം

2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സർവ്വകലാശാലകളുടെയും, ഇതര സ്ഥാപനങ്ങളുടെയും വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും തെരഞ്ഞെടുത്ത പരാമർശങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയതാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2022-23.

ക്രിയാത്മകമായ ഇടപെടലുകളുടെ അഭാവത്തിൽ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിലുണ്ടായ നഷ്ടം, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, മാർഗ്ഗരേഖകൾ തുടങ്ങിയവയ്ക്കനുസൃതമായി പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ചകൾ മൂലം സ്ഥാപനത്തിന്റെ വരുമാനവും, വികസനവും ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താത്തത്, പൊതുപണം ചെലവഴിച്ചതിലുണ്ടായ ചട്ടലംഘനം, നിർവഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ധനദുർവിനിയോഗം, വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾ പ്രത്യേക കത്തുകൾ/ റിപ്പോർട്ടുകൾ വഴി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ വിവരങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ക്രോഡീകരിച്ച വാർഷിക കണക്കുകൾ http://aims.ksad.kerala.gov.in/dashboard/gotoAimsDataCollectionDashboard എന്ന ലിങ്കിൽ എയിംസ് സോഫ്റ്റ്‌വെയറിൽ പ്രസിദ്ധീകൃതമായതിനാൽ, പ്രസ്തുത വിശദാംശങ്ങൾ ഉൾപ്പെടുന്ന വാല്യം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതര സ്ഥാപനങ്ങളുടേതടക്കമുള്ളവയുടെ വരവ് ചെലവ് കണക്കുകൾ, സാമ്പത്തിക നില, വരവ് - ചെലവ് ഇനങ്ങളിലെ നഷ്ടം തുടങ്ങിയ വിശദാംശങ്ങൾ അതത് ഓഡിറ്റ് റിപ്പോർട്ടുകളുടെ തന്നെ ഭാഗമാകുന്നതിനാലും, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ അനുശാസിക്കുംവിധം തുടർനടപടികൾ സ്വീകരിക്കാവുന്നതിനാലും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമാക്കിയിട്ടില്ല.

**http://aims.ksad.kerala.gov.in/dashboard/gotoAimsDataCollectionDashboard**

## അനുക്രമണിക


| ക്രമ നം. | വിഷയങ്ങൾ | പേജ് നം. |
|---|---|---|
| | **ഭാഗം – 1** | |
| | **അധ്യായം – 1** | |
| | **ത്രിതല പഞ്ചായത്തുകളുടെ ഓഡിറ്റ് പരാമർശങ്ങൾ** | |
| 1 | തിരുവനന്തപുരം ജില്ല | 1-4 |
| 2 | കൊല്ലം ജില്ല | 5-11 |
| 3 | പത്തനംതിട്ട ജില്ല | 12-19 |
| 4 | ആലപ്പുഴ ജില്ല | 20-22 |
| 5 | പാലക്കാട് ജില്ല | 23-29 |
| 6 | വയനാട് ജില്ല | 30-32 |
| | **അധ്യായം – 2** | |
| | **നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റ് പരാമർശങ്ങൾ** | |
| 1 | തിരുവനന്തപുരം കോർപ്പറേഷൻ | 33-36 |
| 2 | കൊല്ലം കോർപ്പറേഷൻ | 37-39 |
| 3 | തിരുവല്ല മുനിസിപ്പാലിറ്റി | 40-42 |
| 4 | ആലപ്പുഴ മുനിസിപ്പാലിറ്റി | 43 |
| | **അധ്യായം – 3** | |
| | **സർവ്വകലാശാലകളുടെ ഓഡിറ്റ് പരാമർശങ്ങൾ** | |
| 1 | കാർഷിക സർവ്വകലാശാല | 44-45 |
| 2 | കേരള സർവ്വകലാശാല | 46-47 |
| | **അധ്യായം – 4** | |
| | **ഇതര സ്ഥാപനങ്ങളുടെ ഓഡിറ്റ് പരാമർശങ്ങൾ** | |
| 1 | കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം | 48 |
| 2 | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | 49 |

| | | |
|---|---|---|
| **ഭാഗം – 2** | | |
| | **അധ്യായം – 1** | |
| | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് – പൊതുപരാമർശം** | |
| 1 | ടേക്ക് എ ബ്രേക്ക് | 50-56 |
| 2 | ഖരമാലിന്യപരിപാലനം - എംസിഎഫ് സംവിധാനമൊരുക്കൽ | 57-61 |
| **ഭാഗം – 3** | | |
| | **അധ്യായം – 1** | |
| | **ഓഡിറ്റ് ഇംപാക്റ്റ്** | |
| 1 | തിരുവനന്തപുരം നഗരസഭ | 62-65 |
| 2 | മണമ്പൂർ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 65 |
| 3 | വക്കം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 65-66 |
| | **അധ്യായം – 2** | |
| | **അനുകരണീയ മാതൃക** | |
| 1 | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 67 |
| 2 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) | 68 |
| 3 | തൃശ്ശൂർ ജില്ല പഞ്ചായത്ത് | 68-70 |
| | **ഭാഗം – 4** | |
| | **സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രത്യേക റിപ്പോർട്ടുകളിലെയും പ്രത്യേക കത്തുകളിലെയും ഓഡിറ്റ് നിരീക്ഷണങ്ങൾ – സംക്ഷിപ്തം** | 71-78 |
| **ഭാഗം – 5** | | |
| | **അനുബന്ധങ്ങൾ** | 79-101 |

# ഭാഗം - 1

## അധ്യായം - 1
## ത്രിതല പഞ്ചായത്തുകളുടെ ഓഡിറ്റ് പരാമർശങ്ങൾ

### 1. തിരുവനന്തപുരം ജില്ല

1. **2018-19 ൽ വിഭാവനം ചെയ്ത പൈപ്പ് ലൈൻ നീട്ടൽ പദ്ധതി - നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല**
*(വെള്ളനാട് ഗ്രാമപഞ്ചായത്ത്, ഓ.റി. 2021-22 ഖ.1-20)*

വെള്ളനാട് ഗ്രാമപഞ്ചായത്തിലെ കടുക്കാമൂട് മുതൽ മാവുന്നക്കുഴി വരെയുള്ള എസ്.റ്റി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി വിവിധ വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കി കേരളാ വാട്ടർ അതോറിറ്റിക്ക് പണം കൈമാറിയെങ്കിലും നാളിതുവരെ പ്രവൃത്തികൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

2018-19 വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ച് ആസൂത്രണം ചെയ്ത പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് 14,90,000/-രൂപയും, വാട്ടർ അതോറിറ്റിക്ക് കൈമാറിയത് 9,75,000/- രൂപയും ആയിരുന്നു. മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്യാത്തതിനാൽ പ്രസ്തുത വർഷം പ്രവൃത്തി ആരംഭിച്ചില്ല. തുടർന്ന് 2019-20 മുതൽ 2021-22 വരെയുള്ള ഓരോ വർഷവും കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ചതിനാൽ ഗ്രാമപഞ്ചായത്ത് പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന ഫണ്ട് അപര്യാപ്തമാവുകയും പ്രോജക്ട് നിർവഹണം സാധ്യമാകാതെയും വന്നു. 2018-19 മുതൽ 2021-22 വരെ ആകെ 29,65,786/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

| വർഷം | എസ്റ്റിമേറ്റ് തുക (രൂപ) | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയത് (രൂപ) |
|---|---|---|
| 2018-19 | 14,90,000/- | 9,75,000/- |
| 2019-20 | 20,49,100/- | - |
| 2020-21 | 22,32,100/- | 10,16,948/- |
| 2021-22 | 26,24,000/- | 9,73,838/- |
| **ആകെ** | | **29,65,786/-** |

2021-22 വർഷത്തെ എസ്റ്റിമേറ്റ് തുകയായ 26,24,000/- രൂപയിൽ നിന്ന് എസ്റ്റിമേറ്റ് തുക 54,39,000/- രൂപയായി വീണ്ടും വർദ്ധിപ്പിക്കുകയും തുക ഡെപ്പോസിറ്റ് ചെയ്ത്, UTR നമ്പരും സമ്മതപത്രവും നൽകുന്ന മുറയ്ക്ക് പ്രവൃത്തി ദർഘാസ് ക്ഷണിച്ച് നടപ്പിലാക്കുന്നതാണെന്നും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ, അരുവിക്കര 21.02.2022 ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചതായി അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. 2018-19 ൽ 14,90,000/- രൂപ എസ്റ്റിമേറ്റ് നിർണ്ണയിച്ച പദ്ധതിയുടെ എസ്റ്റിമേറ്റ് വിവിധ വർഷങ്ങളിൽ പുതുക്കുകയും, നിലവിൽ ആദ്യ എസ്റ്റിമേറ്റിന്റെ ഏകദേശം നാലിരട്ടിയോളമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുന്നതിനനുസൃതമായി പദ്ധതി അടങ്കൽ ഓരോ വർഷവും ഉയരുകയും, പദ്ധതിച്ചെലവിനായി ഗ്രാമപഞ്ചായത്ത് നാളിതുവരെ നിക്ഷേപിച്ച തുക നിഷ്ക്രിയമാവുകയും ചെയ്യുതല്ലാതെ, പദ്ധതി ലക്ഷ്യം ഗുണഭോക്താക്കളിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല.

**2. കുടിവെള്ളപദ്ധതികൾ പാഴ്ചെലവുകളായി പരിണമിക്കുന്നു**

*(പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഓ.റി.2021-22 ഖ.1-13)*

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച രണ്ട് പദ്ധതികൾ (നം. 73/22, 104/22 ചിറ്റിക്കര പാറമട കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം) മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ 40,98,497/- രൂപ (34,63,500 + 6,34,997) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രദേശത്ത് പരിശോധന നടത്തിയതിൽ, പദ്ധതിനിർവഹണം നടത്താൻ ഉദ്ദേശിച്ച സ്ഥലത്തിന് സമീപത്തായി ഒന്നാംഘട്ട പ്രവർത്തനങ്ങളിലുൾപ്പെടുത്തി 23 ലക്ഷം രൂപ ചെലവഴിച്ച് 2017-18 വർഷത്തിൽ നിർമ്മിച്ച്, 2020 സെപ്റ്റംബറിൽ ഉദ്ഘാടനം നടത്തിയ ശുദ്ധീകരണ പ്ലാന്റ് ഉപയോഗരഹിതമായി നിലകൊള്ളുന്നതായി ബോധ്യപ്പെട്ടു (ചിത്രം ചുവടെ ചേർക്കുന്നു). വൈദ്യുതചാർജ്ജ് 33,746/- രൂപ ഒടുക്കാത്തതിനാൽ 14.06.2022 മുതൽ താല്ക്കാലികമായി കണക്ഷൻ വിച്ഛേദിക്കുന്നതായുള്ള നോട്ടീസും പ്ലാന്റിൽ പതിച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിച്ചെങ്കിലും ഗാർഹിക/വ്യാവസായിക ആവശ്യങ്ങൾക്ക് പൈപ്പ് ലൈൻ മുഖേന കണക്ഷനുകളൊന്നും നൽകിയിട്ടില്ല.



കുടിവെള്ളവിതരണത്തിനായി പുതിയ ഒരു പ്ലാന്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത രണ്ട് പദ്ധതികളുടെ തുടർച്ചയായി, വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ശേഷിക്കുന്ന തുകയായ 10,41,503/-രൂപ 2022-23 വർഷത്തിൽ 'ചിറ്റിക്കര കുടിവെള്ള പദ്ധതി മൂന്നാം ഘട്ടം' എന്ന പദ്ധതി മുഖേന ഒടുക്കിയിട്ടുണ്ടെങ്കിലും ഒരു പ്രവർത്തനവും നാളിതുവരെ തുടങ്ങിയിട്ടില്ല. ഈ പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിഷയങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

- മഴവെള്ളത്തെ മാത്രം ആശ്രയിച്ചുള്ള പാറമടകളിൽ ഇത്തരം വൻപദ്ധതികൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സാധ്യത.
- ജൽജീവൻ മിഷൻ മുഖേന ഗാർഹികകുടിവെള്ള കണക്ഷനുകൾ ധാരാളമായി നൽകിവരുന്ന അവസരത്തിൽ ഈ പദ്ധതി മുഖേന ലഭിക്കാനിടയുള്ള ഗുണഭോക്താക്കളുടെ എണ്ണം.
- വ്യക്തമായ DPR തയ്യാറാക്കുകയോ ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള സാധ്യത.

- 2017-18 ൽ നിർമ്മിച്ചിട്ടുള്ള പ്ലാന്റിന്റെ ഉൽപാദനക്ഷമതയും സംഭരണശേഷിയും ഉയർത്തി പദ്ധതിപ്രദേശത്തെ വീടുകളിൽ കുടിവെള്ളം എത്തിക്കാവുന്നതിന്റെ സാധ്യത.
- പദ്ധതിപ്രദേശം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോയെന്ന് ഉറപ്പാക്കി പ്രസ്തുത പദ്ധതിയുടെ സാധ്യതയും ആവശ്യകതയും വിലയിരുത്തൽ.

## 2. കൊല്ലം ജില്ല

**1. ക്ലബ് മഹീന്ദ്ര റിസോർട്ട് – നിർമ്മാണ അനുമതിയോ പ്രവർത്തനാനുമതിയോ ഇല്ലാതെ ഫ്ലോട്ടിങ്ങ് കോട്ടേജുകൾ പ്രവൃത്തിക്കുന്നു.**

*(തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, ഓ.റി. 2021-2022, ഖ. 1-14)*

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 218 (1) (ഗ്രാമപഞ്ചായത്തുകളെ ജലമാർഗ്ഗം, നീരുറവകൾ, ജലസംഭരണികൾ മുതലായവ ഏൽപ്പിക്കൽ) പ്രകാരം എല്ലാ പൊതു ജല മാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും, കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, മറ്റ് ജലസംഭരണികളും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യവസ്തു അല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തു പരിപൂർണ്ണമായി അതിൽ നിഷിപ്തമായിരിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. സെക്ഷൻ 218 (2) ൽ, പഞ്ചായത്ത് രാജ് ആക്ടിലെ ചില വ്യവസ്ഥകൾക്ക് വിധേയമായി ജലമാർഗ്ഗങ്ങളെയും ഉറവകളെയും ജലസംഭരണികളെയും കുളങ്ങളെയും നീർത്തടങ്ങളെയും കിണറുകളെയും ചാലുകളെയും മറ്റ് ജലസംബന്ധമായ പണികളെയും സംബന്ധിച്ച് സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും സെക്ഷൻ 218 (1) ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നതും അപ്രകാരം നിക്ഷിപ്തമായിരിക്കുന്ന തീയതി മുതൽ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളും ആയിത്തീരുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ക്ലബ് മഹീന്ദ്ര റിസോർട്ടിന്റെ പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതിനിർണ്ണയ ഫയൽ പരിശോധനയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ, റിസോർട്ട് സ്ഥിതി ചെയ്യുന്ന സ്ഥലത്തോടുചേർന്ന് കായലിൽ റിസോർട്ടിന്റെ ഭാഗമായി ഏകദേശം 30 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള 22 കോട്ടേജുകൾ അനധികൃതമായി സ്ഥാപിച്ച് ടൂറിസ്റ്റുകളുടെ ഉപയോഗത്തിന് നൽകി വരുന്നതായി ബോധ്യപ്പെട്ടു. റിസോർട്ട് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്നുതന്നെയാണ് കായലിൽ സ്ഥാപിച്ചിട്ടുള്ള കോട്ടേജുകളിലേക്കുള്ള പ്രവേശന കവാടവും. കോട്ടേജുകൾക്ക് വേണ്ടിയുള്ള ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ

സ്ഥാപിച്ചിട്ടുള്ളത് റിസോർട്ട് ഭൂമിയിൽ തന്നെയാണ്. തീരദേശ മേഖലയിലെ പ്രസ്തുത കോട്ടേജുകളുടെ നിർമ്മാണത്തിനോ പ്രവർത്തനത്തിനോ പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയിട്ടില്ലെന്നും കോട്ടേജുകളിൽ നിന്നും നികുതികളൊന്നും ഈടാക്കി വരുന്നില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് 218(4) പ്രകാരം, ഗ്രാമപഞ്ചായത്തിന് കൈമാറുകയും നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുള്ള പ്രദേശം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഉപയോഗിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നത് നിയമവിരുദ്ധമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ, പഞ്ചായത്തിൽ നിന്നുള്ള നിർമ്മാണാനുമതിയോ പ്രവർത്തനാനുമതിയോ ഇല്ലാതെ സ്ഥാപിച്ച മേൽ കോട്ടേജുകൾക്ക് പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള അനധികൃത നിർമ്മാണത്തിനെതിരെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.





2. **ലക്ഷ്യം കാണാതെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് - സത്വര നടപടികൾ അനിവാര്യം.**

   *(ചിതറ ഗ്രാമപഞ്ചായത്ത്, ഓ.റി 2020-2021 ഖ.1-20)*

ചിതറ ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ (നം.204/21) ഉൾപ്പെട്ട പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്, വനിതകൾക്ക് പരിശീലനം (എസ്.സി) എന്നീ പദ്ധതികൾക്കായി അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയിൽ നിന്ന് മെഷീനുകൾ വാങ്ങി സ്ഥാപിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി സിഡ്കോയുമായി കരാർ വയ്ക്കുകയും, വിവിധ ഇനങ്ങളുടെ എസ്റ്റിമേറ്റുകൾക്ക് അനുസരിച്ച് 13,01,830/-രൂപ സിഡ്കോ സെയിൽസ് എംപോറിയം, കൊല്ലത്തിന് മുൻകൂറായി നൽകുകയും ചെയ്തു.

എന്നാൽ നാളിതുവരെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2,71,400/- രൂപ വിലയുള്ള വിവിധ ഉപകരണങ്ങൾ മാത്രമാണ് നാളിതുവരെ സിഡ്കോ നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രധാന മെഷീനുകളായ പേപ്പർ കട്ടിംഗ് മെഷീൻ, പ്രിന്റിംഗ് മെഷീൻ തുടങ്ങിയവ ലഭ്യമാക്കുകയോ, നൽകിയ മെഷീനുകൾ ഉപയോഗിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്യാതെയാണ് സാമ്പത്തിക വർഷാവസാനം മുൻകൂറായി തുക നൽകിയിട്ടുള്ളത്.

ഭൗതിക പരിശോധനയിൽ സിഡ്കോയിൽ നിന്ന് ലഭ്യമാക്കിയ ഉപകരണങ്ങൾ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനോട് ചേർന്നുള്ള ഡൈനിംഗ് ഹാളിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. 16-2-2021 തീയതിയിൽ സിഡ്കോയുമായി നിർവഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ട കരാർ പ്രകാരം പ്രസ്തുത ഉപകരണങ്ങളുടെ വാറന്റി/ഗ്യാരന്റി അവ ലഭ്യമാക്കിയ തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രമാണ്.



പദ്ധതി നടപ്പിലാക്കുന്നതിനായി തുടക്കത്തിൽ കണ്ടെത്തിയ സ്ഥലത്തുനിന്നും മാറി മറ്റൊരു കെട്ടിടത്തിൽ ഭൗതിക സാഹചര്യം ഒരുക്കേണ്ടിവന്നതിനാലും, സിഡ്കോയിൽ നിന്ന് യഥാസമയം ഉപകരണങ്ങൾ ലഭ്യമാകാത്തതിനാലുമാണ് യൂണിറ്റ് ആരംഭിയ്ക്കാൻ വൈകിയതെന്നും, സിഡ്കോയിൽ നിന്നും മെഷീനുകൾ ഉടനേതന്നെ ലഭ്യമാക്കാമെന്ന് ഉറപ്പ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ യൂണിറ്റ് എത്രയും വേഗം ആരംഭിയ്ക്കുന്നതാണെന്നും മേൽ വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയെങ്കിലും 13,01,830/- രൂപ സിഡ്കോയ്ക്ക് മുൻകൂറായി നൽകിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

29.01.18 ലെ സ.ഉ.(കൈ) നം.11/18 തസ്വഭവ, ഖണ്ഡിക 11(2) (ഡി) പ്രകാരം കേരള ജല അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജലവകുപ്പ് തുടങ്ങിയവ മുഖേനയുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്കാണ് മുൻകൂർ തുക നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. സിഡ്കോയ്ക്ക് മുൻകൂർ തുക അനുവദിക്കുന്നതിന് നിലവിൽ ഉത്തരവുകളില്ല. നിർവഹണാധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ആസൂത്രണ പിഴവ് കാരണമാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വരുമാനമാർഗം കണ്ടെത്തുക, പഞ്ചായത്ത് മാലിന്യമുക്തമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച പദ്ധതി ഫലപ്രാപ്തി കൈവരിക്കാത്തതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3. **സർക്കാർ ഭൂമി കൂടി കയ്യേറി നിയമാനുസൃതമല്ലാതെ പണികഴിപ്പിച്ച അനധികൃത കെട്ടിടത്തിന് താത്കാലിക നമ്പർ നൽകി നികുതി ഈടാക്കി വരുന്നു.**
   *(മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്, ഓ.റി.2021-22 ഖ. 1-12)*

മൺറോതുരുത്ത് വില്ലേജിൽ റീസർവ്വേ നമ്പർ 483/5-16 ൽ ഉൾപ്പെട്ട സ്ഥലത്ത് പ്രവർത്തിക്കുന്ന "ലേക്ക് ആന്റ് റിവർ" എന്ന റിസോർട്ടിന്റെ നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് നിർമ്മാണം ക്രമവത്കരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് 10.12.2015 ന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥലപരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം തീരദേശ പരിപാലന നിയമം പാലിച്ചല്ല കെട്ടിട നിർമ്മാണം എന്ന് സംശയം ഉന്നയിച്ചിരുന്നു. തുടർന്ന് തീരദേശ പരിപാലന അതോറിറ്റിയുടെ നിർദ്ദേശത്തിനായി 10/02/2016, 06/04/2016 തീയതികളിൽ കത്തുകൾ അയച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത കെട്ടിടം സർക്കാർ പുറമ്പോക്ക് കൂടി ഉൾപ്പെടുന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്ന് മൺറോതുരുത്ത് വില്ലേജ് ഓഫീസർ നൽകിയ കത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പൂർണമായും അനധികൃത നിർമ്മാണമായ കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28/05/2016 ലെ ഉത്തരവ് പ്രകാരം താത്കാലിക കെട്ടിട നമ്പർ

നൽകി നിയമാനുസൃത കെട്ടിടത്തിന് ചുമത്തുന്ന നികുതി അസസ്സ് ചെയ്തു ഈടാക്കി വരുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഇപ്രകാരം താത്കാലിക നമ്പർ നൽകുന്നതിനെക്കുറിച്ച് പരാമർശിക്കുന്നില്ല. എന്നാൽ സെക്ഷൻ 235 (AA) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് കെട്ടിട നമ്പർ നൽകാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രത്യേക നമ്പർ (U/A) നൽകേണ്ടതുമാണ്. അതിനാൽ സെക്രട്ടറി കെട്ടിടത്തിന് താത്കാലിക നമ്പർ അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

2011 ലെ തീരദേശ പരിപാലന നിയമം സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി നിയമ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**4. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല.**

*(ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് ഓ.റി.2020-21 ഖ.3-1)*

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 15,00,000/-രൂപ വകയിരുത്തി 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണാധികാരിയായി ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു ഇത്. പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ പ്രകാരം വാർഡ് 2 - ൽ നിലവിലുണ്ടായിരുന്ന കുടിവെള്ള കിണറിന്റെ ആഴവും വിസ്തൃതിയും വർധിപ്പിച്ച് '300cm Dia and 30 cm Height and 7.5cm Thick RC Ring' കൾ, ആവശ്യമായ പൈപ്പ് ലൈനുകൾ, വാട്ടർടാങ്ക്, വൈദ്യുത പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ച് രണ്ടാം വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിനായി ഇ - ടെൻഡറിലൂടെ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ടുചെയ്ത കരാറുകാരനുമായി 28.11.18 ൽ പ്രവൃത്തി നിർവഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രവൃത്തി നിർവഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും പഞ്ചായത്തിലെ ഓവർസിയറുടെയും സാന്നിധ്യത്തിൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ, പരാമർശിത പ്രാഥമിക എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമായി 8.35 മീറ്റർ വീതിയും 8.60 മീറ്റർ നീളത്തോടും കൂടി വാർഡ് 2- ൽ നിലനിന്നിരുന്ന ഒരു കുളത്തിൽ 11.3 മീറ്റർ ആഴത്തിലും 4.5 മീറ്റർ വ്യാസത്തിലും 0.25 മീറ്റർ ഘനത്തിലും ഒരു കോൺക്രീറ്റ് കിണർ സ്ഥാപിച്ച് ജി ഐ പ്ലേറ്റിൽ നിർമ്മിച്ച മൂടിയാൽ അടച്ചിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. 9 മീറ്റർ ആഴത്തിലും 4.5 മീറ്റർ വ്യാസത്തിലും മൺപണി നടത്തിയാണ് കിണർ വാർത്തിട്ടുള്ളത്. പദ്ധതിയുടെ ആകെ ചെലവ് 13,99,445/-രൂപയാണ് (കിണറിന്റെ

ഫോട്ടോ ചുവടെ ചേർക്കുന്നു).



പദ്ധതി നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

- ആദ്യ എസ്റ്റിമേറ്റിന് അനുസരിച്ചുള്ള ടെൻഡർ നടപടികൾ ക്യാൻസൽ ചെയ്ത്, പുതിയ എസ്റ്റിമേറ്റ് പ്രവൃത്തികൾക്കായി പുതിയ ടെൻഡർ നടപടികൾ സ്വീകരിക്കാതെ ആദ്യ കരാറുകാരനു തന്നെ പ്രവൃത്തികൾ അനുവദിച്ച് നൽകി.
- പരിഷ്കരിച്ച എസ്റ്റിമേറ്റിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ, മോട്ടോർ പമ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഒഴിവാക്കി കുടിവെള്ള കിണറും പൈപ്പ് ലൈൻ സ്ഥാപിക്കലും മാത്രമാക്കി പദ്ധതി പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തി.
- പൈപ്പ് ലൈൻ സ്ഥാപിക്കലിനും അനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമായി 3,45,465/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഡിലെ കുടിവെള്ളം എത്തിക്കേണ്ട പ്രദേശങ്ങൾ, വീടുകളുടെ എണ്ണം, സ്ഥാപിക്കേണ്ട വാട്ടർ ടാങ്കിന്റെ കപ്പാസിറ്റിയും സ്ഥാപിക്കുന്ന സ്ഥലവും തുടങ്ങിയവ വ്യക്തമാക്കുന്ന യാതൊരുവിധ പഠന റിപ്പോർട്ടുകളും ഫയലിൽ ലഭ്യമല്ല.
- പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്ന എം ബുക്ക് നമ്പർ 55/19-20 ൽ 1 മുതൽ 38 വരെ പുറങ്ങളിൽ കിണർ നിർമ്മാണത്തിന്റെ അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ 12.4.2019 മുതൽ 31.8.2019 വരെ തീയതികളിൽ രേഖപ്പെടുത്തിയിട്ടുള്ളതായും 02.9.2019 ൽ ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ളതായും കാണുന്നു. എന്നാൽ കോൺക്രീറ്റ് കിണർ നിർമ്മിക്കുന്നതിനാവശ്യമായ വിധത്തിൽ എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുമതി നൽകിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത് 10.03.2020 ൽ മാത്രമാണ്

(തീരുമാനം നമ്പർ 1/16). പ്രാഥമിക ഭരണാനുമതിക്കുപോലും കാത്തുനിൽക്കാതെയും യാതൊരുവിധ പഠനറിപ്പോർട്ടുകളും തയ്യാറാക്കാതെയും ഇത്തരത്തിൽ പദ്ധതി പ്രവർത്തനം നടത്തുവാൻ ഉണ്ടായ സാഹചര്യം വ്യക്തമല്ല.പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ഉണ്ടായ അപാകതകൾ കാരണം 13,99,445/- രൂപ ചെലവഴിച്ച ശേഷവും പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**3. പത്തനംതിട്ട ജില്ല**

1. **ആധുനിക വാതക ശ്മശാനം പ്രവർത്തനക്ഷമമായില്ല – നടപടിക്രമങ്ങളിൽ വീഴ്ച**
   *(സീതത്തോട് ഗ്രാമപഞ്ചായത്ത്, ഓ.റി. 2021-22 ഖ. 1-16)*

സീതത്തോട് വില്ലേജിൽ കൊച്ചാണ്ടിയിൽ സർവ്വേ നം.1263/3 ൽ ഉൾപ്പെട്ട സ്ഥലത്ത് ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് 2020-21-ൽ ഫിനാൻസ് കമ്മീഷൻ (ടൈഡ്) ഗ്രാന്റിൽ നിന്നും 3,99,98,500/- രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിക്കുകയും, പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ, നിർമ്മാണം എന്നിവ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ 44.24 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ആധുനിക വാതക ശ്മശാനം പ്രവർത്തനക്ഷമമാകുകയോ, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിരക്ഷാ വകുപ്പ് എന്നിവയുടെ പ്രവർത്തനാനുമതി ലഭിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 6(1) ൽ നിഷ്കർഷിക്കും പ്രകാരം, ജില്ലാ കളക്ടറിൽ നിന്നുള്ള അനുമതി വാങ്ങിയിട്ടില്ല.
- ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ലഭ്യമാണോയെന്ന് പരിശോധിക്കാതെ എൽ പി ജി ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതക ശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കൽ, പ്രവൃത്തി പരിപാലനം എന്നിവ ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാക്കളുടെ പട്ടികയിൽ ഉൾപ്പെടാത്ത, പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു.
- ആധുനിക വാതക ശ്മശാനം സ്ഥാപിക്കുന്നതിന് പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ എല്ലാ അംഗീകൃത സേവന ദാതാക്കൾക്കും തങ്ങളുടെ ഓഫർ സമർപ്പിക്കുവാൻ അവസരം ലഭിക്കുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പ് നൽകണമെന്നും, പ്രൊക്യൂർമെന്റ് മാനുവലിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്നുമുള്ള ശുചിത്വമിഷന്റെ നിർദ്ദേശം പാലിക്കപ്പെട്ടില്ല.
- നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൺസ്ട്രക്ഷൻ ഓഫ് ജനറൽ സിവിൽ വർക്ക് - പി.എം.സി എന്ന പരിഗണന പാലിച്ച് കരാറിലേർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ

ചുമതലപ്പെടുത്തിയെങ്കിലും, ജില്ലാ നിർമ്മിതികേന്ദ്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ പ്രകാരം നോൺ പിഎംസി എന്ന നിലയിൽ നേരിട്ടാണ് നിർമ്മാണം നടത്തുന്നത്.

- സ്ഥാപിച്ച ഉപകരണങ്ങൾക്ക് ജില്ലാ നിർമ്മിതി കേന്ദ്രം അഞ്ചുവർഷത്തെ വാറന്റി നൽകുന്നുണ്ടെങ്കിലും, തുടർപരിപാലനം സംബന്ധിച്ച വ്യവസ്ഥകളൊന്നും കരാറിലില്ല.
- ജില്ലാ നിർമ്മിതികേന്ദ്രവുമായി നോൺ പിഎംസി എന്ന നിലയിൽ കരാറിലേർപ്പെട്ട് ആദ്യം 7,99,700 രൂപ മുൻകൂർ നൽകിയതിനുപുറമെ, കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാതിരുന്നിട്ടും 29.11.2021 ൽ 19,19,280 രൂപ രണ്ടാമതും അഡ്വാൻസ് നൽകി.
- മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചില്ല.
- ശ്മശാനം നിർമ്മാണത്തിലെ പ്രധാന ഇനമായ ഫർണസ് ഉൾപ്പെടെ സ്ഥാപിച്ചതിന് ഇനം തിരിച്ചുള്ള ചെലവ് കാണിച്ചിട്ടില്ലാത്തതിനാൽ, ചെലവിന് കൃത്യതയില്ല.
- എസ്റ്റിമേറ്റിൽനിന്ന് വ്യതിചലിച്ച് പല ഇനങ്ങളുടെയും നിർമ്മാണം നടത്തിട്ടുണ്ടെങ്കിലും ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങിയില്ല.
- ക്രിമറ്റോറിയം പ്രവർത്തന സജ്ജമാകാതെ ജില്ലാ നിർമ്മിതി കേന്ദ്രം വ്യാജമായ പൂർത്തീകരണ സാക്ഷ്യപത്രം നൽകി
- ആധുനിക വാതക ശ്മശാനം സ്ഥാപിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും, പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി (consent to operate) ലഭിച്ചിട്ടില്ല. അഗ്നിരക്ഷാവകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടില്ല.
- ശ്മശാനത്തിന്റെ നിയന്ത്രണം, നടത്തിപ്പ്, ഫീസ് ഈടാക്കൽ, ശ്മശാനത്തിന്റെ പ്രവർത്തന സമയം മുതലായ വിഷയങ്ങൾ സംബന്ധിച്ച് ചട്ടം 12 പ്രകാരം ബൈലോ തയ്യാറാക്കിയിട്ടില്ല.
- പ്രധാന റോഡിൽനിന്നും ഉള്ളിലേക്ക് ഏകദേശം ഒന്നര കിലോമീറ്റർ മാറി ഉയർന്ന പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള ശ്മശാനത്തിലേക്ക് സാധാരണ ആംബുലൻസിൽ മൃതദേഹം എത്തിക്കുന്നത് ദുഷ്കരമാണ്.

**ക്രിമറ്റോറിയത്തിനായി ഇതുവരെ ചെലവഴിച്ച തുക**

| ഇനം | ചെലവഴിച്ച തുക |
|---|---|
| ക്രിമറ്റോറിയം നിർമ്മാണം - ജില്ലാ നിർമ്മിതി കേന്ദ്രത്തിനു നൽകിയത് | 39,95,000 |
| മലിനീകരണ നിയന്ത്രണ ബോർഡിൽ ഫീസ് | 35,524 |
| ത്രീ ഫേസ് കണക്ഷൻ - കെഎസ്ഇബി | 3,94,169 |
| **ആകെ** | **44,24,693** |

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിരക്ഷാ വകുപ്പ് എന്നിവയിൽ നിന്നും പ്രവർത്തനാനുമതി വാങ്ങി 44.24 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച വാതക ശ്മശാനം പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**2. ആങ്ങമൂഴി കുട്ടവഞ്ചി ഇക്കോ ടൂറിസം പദ്ധതി – പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്**

*(സീതത്തോട് ഗ്രാമപഞ്ചായത്ത്, ഓ.റി.2021-22 ഖ.1-21)*

ആങ്ങമൂഴി - കൊച്ചാണ്ടി ചെക്ക് ഡാം കുട്ടവഞ്ചി സവാരി, പെഡൽ ബോട്ടിംഗ്, ചങ്ങാടം സവാരി എന്നിവയ്ക്കുവേണ്ടി പഞ്ചായത്ത് മുൻകൈയെടുത്ത് 75 ലക്ഷം രൂപ ചെലവഴിച്ച് ആരംഭിച്ച പദ്ധതിയാണ് ആങ്ങമൂഴി കുട്ടവഞ്ചി ഇക്കോ ടൂറിസം.

പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും, പഞ്ചായത്ത് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായുള്ള ഗവി ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി (DMC)-യുടെ നേതൃത്വത്തിലാണ് ടൂറിസം പദ്ധതി നടപ്പിലാക്കിയത്. ജനപ്രതിനിധികളും, ടൂറിസം രംഗത്തെ വിദഗ്ദ്ധനും ഉൾപ്പെടെ മറ്റ് 16 പേർ കൂടി കമ്മിറ്റിയിൽ അംഗങ്ങളാണ്. പ്രാദേശിക സമൂഹത്തിന്റെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ വികസനം, സ്ത്രീശാക്തീകരണം മുതലായ ലക്ഷ്യങ്ങൾ മുൻനിർത്തി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി നിലവിൽ പ്രവർത്തനരഹിതമാണ്.

DMC-യുടെ നിയമാവലി പ്രകാരം എല്ലാ മാസവും മാസാന്ത്യ കണക്കുകൾ തയ്യാറാക്കി DMC-യുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും സാമ്പത്തിക വർഷാവസാനം കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതും വാർഷിക റിപ്പോർട്ടും കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും DMC യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ചെലവ് പൂർണ്ണമായും

പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ, പദ്ധതി നടത്തിപ്പിലൂടെ ലഭിച്ച വരുമാനം പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർത്തിട്ടില്ല.

പഞ്ചായത്ത് രാജ് നിയമപ്രകാരം ടൂറിസം പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെട്ടതല്ല. നിലവിൽ നിഷ്ക്രിയമായി തുടരുന്ന ടൂറിസം പദ്ധതിക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനും, ബൈലോ തയ്യാറാക്കി അംഗീകരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്ന തരത്തിൽ പ്രവർത്തനം പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3. വൻ തുക ചെലവഴിച്ച് ആരംഭിച്ച മുഴുക്കോട്ട് ചാൽ ഇക്കോ ടൂറിസം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

*(തുമ്പമൺ ഗ്രാമപഞ്ചായത്ത്, ഓ.റി. 2021-22 ഖ.1-16)*

ലോകബാങ്ക് ധനസഹായം ഒരു കോടി രൂപയും, തുമ്പമൺ ഗ്രാമപഞ്ചായത്തും, പന്തളം ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷം രൂപ വീതവും ചെലവഴിച്ച് നെടുങ്കോട്ട് പുഞ്ചയിൽ 2016-17 വർഷം നിർമ്മാണം ആരംഭിച്ചതാണ് മുഴുക്കോട്ട് ചാൽ ഇക്കോ ടൂറിസം പദ്ധതി. തുമ്പമൺ നിവാസികൾക്ക് വിശ്രമത്തിനും വിനോദത്തിനും ആശ്രയിക്കാവുന്ന ഏകപദ്ധതിയാണ് ആസൂത്രണത്തിന്റെ അഭാവത്തിൽ അനിശ്ചിതത്വത്തിലായിരിക്കുന്നത്.

നെടുങ്കോട്ട് പുഞ്ചയിലെ ഉദ്ദേശം ഒരു ഹെക്ടറോളം വിസ്തൃതിയുള്ള ചിറയുടെ സംരക്ഷണഭിത്തി നിർമ്മാണവും, വശങ്ങളിലെ ഇന്റർലോക്ക് കട്ട വിരിച്ചുള്ള നടപ്പാതയും, ചിറയ്ക്ക് ചുറ്റും കൈവരി നിർമ്മാണവും 2017-18-ലെ പദ്ധതിയിൽ പൂർത്തിയാക്കി. ചിറയുടെ ഒരു വശത്തായി കുട്ടികൾക്കുള്ള പാർക്കിന്റെ സിവിൽ വർക്കും പൂർത്തിയാക്കി. പാർക്കിൽ ഇരിപ്പിടങ്ങൾ, നടപ്പാത, സെക്യൂരിറ്റി ക്യാബിൻ, നിരവധി LED അലങ്കാര വിളക്കുകൾ എന്നിവയും സ്ഥാപിച്ചു. വൈദ്യുതി കണക്ഷനും ലഭ്യമാക്കി. പത്ത് ലക്ഷത്തോളം രൂപ ചെലവഴിച്ച് പാർക്കിലേക്ക് 110 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡും, ശുചി മുറികളും നിർമ്മിച്ചു. പാർക്കിൽ കുട്ടികൾക്ക് വിനോദത്തിനുള്ള കളിയുപകരണങ്ങൾ സ്ഥാപിക്കാൻ അവശേഷിക്കുന്നു. സ്ഥല പരിശോധനയിൽ പദ്ധതി പ്രദേശം കാടുകയറിയ നിലയിലാണെന്ന് ബോധ്യപ്പെട്ടു.



*നിർമ്മാണം പൂർത്തിയാക്കിയ പാർക്കിന്റെ ചിത്രം*



*പാർക്ക് നിലവിൽ കാട് കയറിയ നിലയിൽ*

സേവനപ്രദാനമായ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും, പരിപാലിക്കുന്നതിനുമാണ് ലോക ബാങ്കിൽനിന്നും കടം എടുത്ത് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലവറി പ്രോജക്ട് (KLSGDP) സംസ്ഥാന സർക്കാർ നടപ്പാക്കിയത്. പഞ്ചായത്തിൽനിന്നും, അതിന്റെ ഘടക സ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ നാടിന്റെ വികസനാവശ്യങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കാതെ ലഭ്യമായ ഫണ്ട് മുഴുവൻ ഈ പദ്ധതിയ്ക്കായി വകമാറ്റുകയാണ് ചെയ്തത്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയ്ക്കുള്ളിലും അവയുടെ

പങ്കാളിത്തത്തോടെ കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി മുഴക്കോട്ട് ചാൽ ഇക്കോ ടൂറിസം പദ്ധതിയെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് ആത്മാർത്ഥ ശ്രമം ഉണ്ടാകേണ്ടതാണ്.

**4. നിർവഹണത്തിൽ ഗുരുതര വീഴ്ച; PHC കെട്ടിടം ഉപയോഗപ്പെട്ടില്ല; 57.31 ലക്ഷം രൂപ പാഴായി**

*(കടപ്ര ഗ്രാമപഞ്ചായത്ത്, ഓ.റി. 2021-22 ഖ. 1-23)*

പഴയ പി.എച്ച്.സി. കെട്ടിടം അസൗകര്യങ്ങളാലും, കാലപ്പഴക്കത്തിനാലും ഉപയോഗയോഗ്യമല്ലാതായതിനാൽ പുതിയ പി.എച്ച്.സി. കെട്ടിടം പണിയുന്നതിനും, പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കുമായി 57.31 ലക്ഷം രൂപ ചെലവഴിച്ച്, നിർമ്മാണത്തിൽ ഗുണനിലവാരം പുലർത്താത്തതിനാൽ രണ്ട് കെട്ടിടങ്ങളും ഉപയോഗപ്പെടുത്താനാവാതെ നിലവിൽ പി.എച്ച്.സി. വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്.

<u>പുതിയ പി.എച്ച്.സി. കെട്ടിടം നിർമ്മാണം - അപാകതകൾ (ചെലവ് - 31,23,511 രൂപ)</u>

- പുതിയ പി.എച്ച്.സി. കെട്ടിടം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുണ്ടായിരുന്ന പുഞ്ചയാണ് തെരഞ്ഞെടുത്തത്. 2018-ലും തുടർന്നും വലിയ തോതിൽ ഇവിടെ വെള്ളപ്പൊക്കം ഉണ്ടായിട്ടുണ്ട്. 1957-ലെ ഭൂസംരക്ഷണ നിയമം, ചട്ടം, 1967-ലെ ഭൂവിനിയോഗ ഉത്തരവ്, 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം, ചട്ടം, 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം എന്നിവ ലംഘിച്ചാണ് പഞ്ചായത്ത് ഈ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചത്.
- 2012-13-ൽ ആരംഭിച്ച കെട്ടിട നിർമ്മാണത്തിന് 2016-17 വരെ ആകെ 31,23,511 രൂപ ചെലവഴിച്ചുവെങ്കിലും വൈദ്യുതീകരണവും, പ്ലംബിംഗും ബാക്കിയായതിനാൽ, രണ്ടര വർഷത്തോളം ഉപയോഗിക്കാതെ കിടന്ന കെട്ടിടത്തിൽ 2020 നവംബറിലാണ് പി.എച്ച്.സി. പ്രവർത്തിച്ച് തുടങ്ങിയത്.
- പുതിയ കെട്ടിടം പ്രവർത്തനക്ഷമമാകുന്നതുവരെ വാടക കെട്ടിടത്തിലാണ് പി.എച്ച്.സി. പ്രവർത്തിച്ചത്. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത വാടക കെട്ടിടത്തിൽ പി.എച്ച്.സി.

പ്രവർത്തിക്കാൻ അനുവദിച്ചത്, പഞ്ചായത്തിലെ ജനങ്ങൾക്ക് ഗുണമേന്മയുള്ള ചികിത്സ സേവനം ലഭ്യമാകുന്നതിന് തടസ്സമായി.

- പി.എച്ച്.സി. പ്രവർത്തിച്ച് തുടങ്ങി മാസങ്ങൾക്കുള്ളിൽ 1500 ച.അടി വിസ്തൃതിയുള്ള പുതിയ കെട്ടിടത്തിൽ കനത്ത വിള്ളലുകൾ ഉണ്ടാകുകയും, കെട്ടിടം ഒരു വശത്തേക്ക് ചരിയുകയും ചെയ്തു. ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം കെട്ടിടം അൺഫിറ്റ് ആണെന്ന് സാക്ഷ്യപ്പെടുത്തിയതിനെ തുടർന്ന് പി.എച്ച്.സി. വീണ്ടും വാടക കെട്ടിടത്തിലേക്ക് മാറ്റേണ്ടിവന്നു.
- കരാർ വ്യവസ്ഥ പ്രകാരം പണിയുടെ Defect Liability Period ആയ 5 വർഷക്കാലത്തിനുള്ളിൽ ഉണ്ടാകുന്ന അപാകതകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണെങ്കിലും അതിനുള്ള യാതൊരു നടപടികളും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറോ മറ്റ് പഞ്ചായത്ത് അധികൃതരോ സ്വീകരിച്ചിട്ടില്ല.



പുതിയ പി.എച്ച്.സി കെട്ടിടം



പഴയ പി.എച്ച്.സി. കെട്ടിടം

പഴയ പി.എച്ച്.സി. കെട്ടിടം പുനരുദ്ധാരണം - അപാകതകൾ (ചെലവ് - 26,07,475)

- പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കാതെ 2017-18-ൽ തന്നെ പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുക്കുകയും, 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലായി 26,07,475/- രൂപ ചെലവഴിക്കുകയും ചെയ്തു..
- അറ്റകുറ്റപ്പണികൾ പുരോഗമിക്കുമ്പോൾതന്നെ അൺഫിറ്റായ കെട്ടിടത്തിന്റെ ഭിത്തികൾക്ക് വലിയതോതിൽ വിള്ളൽ ഉണ്ടായി. പഴയ കെട്ടിടത്തിനോട് കൂട്ടിചേർത്ത്, ചതുപ്പ് നിലം മണ്ണ് നിറച്ച് ഒരുക്കിയെടുത്ത സ്ഥലത്ത് നിർമ്മാണം നടത്തിയ ഹാളിന്റെ ഫൗണ്ടേഷൻ, പണി പുരോഗമിക്കുമ്പോൾതന്നെ ദുർബലമായി. ഈ നിലയിലും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയായിരുന്നു.

ചെലവഴിച്ച 57.31 ലക്ഷം രൂപ പാഴായെന്ന മാത്രമല്ല, ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ പര്യാപ്തമല്ലാത്ത, അസൗകര്യങ്ങൾ നിറഞ്ഞ വാടക കെട്ടിടത്തിലാണ് പഞ്ചായത്തിന്റെ പി.എച്ച്.സി. ഇപ്പോഴും പ്രവൃത്തിക്കുന്നത് എന്നത് പദ്ധതി ആസൂത്രണത്തിലെ പരിമിതിയെ അടയാളപ്പെടുത്തുന്നു.

**4. ആലപ്പുഴ ജില്ല**

1. **പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം നിലച്ചു – 73 ലക്ഷം രൂപ പാഴായി**
   *(ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്, ഓ.റി 2021-22 1-12)*

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് 2017-18, 2018-19 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുകയും, 2019-20 ൽ സെക്രട്ടറിയുടെ നിർവഹണത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ, ബയിലിംഗ് മെഷീൻ എന്നിവ വാങ്ങി സ്ഥാപിച്ച്, നവംബർ 2020 ൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രോജക്ടിനായി 73,82,659/- രൂപ ചെലവഴിച്ചുവെങ്കിലും, ഡിസംബർ 2021 ൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു. ഇതുകൂടാതെ ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി ലഭിച്ചതിൽ 33,25,357/- രൂപ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ ഭൗതിക സാഹചര്യം നിർമ്മിക്കുന്നതിനായും ചെലവഴിച്ചിട്ടുണ്ട്.





ഷ്രഡ്ഡഡ് പ്ലാസ്റ്റിക് കൂട്ടിയിട്ട നിലയിൽ

പദ്ധതിയുടെ രൂപീകരണം, നിർവഹണം, തുടർ നടത്തിപ്പ് എന്നിവ സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

- സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ ആസ്തിയാക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. നിർമ്മിച്ച കെട്ടിടം നിലവിൽ നിഷ്ക്രിയാവസ്ഥയിലുമാണ്.
- പ്ലാസ്റ്റിക് റീസൈക്ലിംഗ് മെഷീൻ റെഡ് കാറ്റഗറിയിൽ ഉൾപ്പെട്ടതായതിനാൽ മലിനീകരണം ഉണ്ടാകാൻ ഇടയാകുമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ച സാഹചര്യത്തിൽ, പകരം ക്ലീൻ കേരള മിഷനിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങുവാൻ തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രകൃതി എന്ന സ്ഥാപനത്തിൽ നിന്നുമാണ് 2019-20 വർഷം പ്ലാസ്റ്റിക് ബയിലിംഗ് മെഷീനും ഷ്രഡ്ഡിംഗ് മെഷീനും വാങ്ങിയിട്ടുള്ളത്. പ്രസ്തുത മെഷീന് ഉൽപ്പാദന ക്ഷമത കുറവാണെന്നും തുടർച്ചയായി പരാതികൾ ഉണ്ടാകുന്നതായും ഹരിതസംഘാംഗങ്ങൾ പരാതി നൽകിയിട്ടുണ്ട്.
- ക്ലീൻ കേരള എത്തിച്ചുകൊടുക്കുന്ന പ്ലാസ്റ്റിക്കുകൾ ഷ്രഡ്ഡ് ചെയ്ത് കൈമാറുക എന്ന ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഹരിതസംഘം മൈക്രോസംരംഭം എന്ന പേരിൽ 4 പേർ ചേർന്ന് ഒരു യൂണിറ്റ് രൂപീകരിച്ച് തൃക്കുന്നപ്പുഴ കുടുംബശ്രീ സി.ഡി.എസിൽ രജിസ്റ്റർ ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ക്ലീൻ കേരള മിഷനുമായി ഏർപ്പെട്ട ഒരു വർഷ കരാർ കാലാവധിക്ക് ശേഷം 29.11.2021 ൽ കരാർ പുതുക്കിയിരുന്നുവെങ്കിലും ഒരുമാസം മാത്രമെ പ്രവർത്തനം നടന്നിട്ടുള്ളൂ. ബ്ലോക്കിന് സ്വന്തമായി ഹരിത കർമ്മസേനയില്ല.
- കരാർ നിബന്ധന 1 (6) പ്രകാരം ആർ.ആർ.എഫിന്റെ സുഗമമായ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഇരുകക്ഷികളും ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും, നിബന്ധന 1(7) പ്രകാരം കളക്ഷൻ സെന്ററിൽ നിന്നും ആർ.ആർ.എഫിലേക്ക് എത്തിക്കുന്ന പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, മറ്റ് അജൈവ മാലിന്യങ്ങളുടെ അളവ് എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ടി കണക്കുകൾ ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടില്ല.
- ലാഭത്തിന്റെ 50% ക്ലീൻ കേരള കമ്പനി ബ്ലോക്ക് പഞ്ചായത്തിന്

നൽകുന്നതാണെന്ന് കരാറിലുണ്ടെങ്കിലും വരവ് ചെലവുകൾ കൃത്യമായി കണക്കാക്കി ലാഭ-നഷ്ട കണക്കുകൾ ക്ലീൻ കേരള തിട്ടപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടില്ല.

- ജീവനക്കാർക്ക് വേതനമായി 1,62,797.45 രൂപ ക്ലീൻ കേരള, ഹരിതസംഘം മൈക്രോസംരംഭത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഇത് കൂടാതെ സ്ഥാപനത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ്, ക്ലീൻ കേരള ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നുണ്ട്. എന്നാൽ ഇതിന്റെ വ്യക്തമായ കണക്ക് ലഭ്യമാക്കിയില്ല.
- ബ്ലോക്ക് പരിധിയിലുള്ള ഏതൊക്കെ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ളതെന്ന് വ്യക്തമല്ല. എല്ലാ പഞ്ചായത്തുകളിലും ഹരിത കർമ്മസേനകൾ രൂപീകരിക്കുകയും പ്ലാസ്റ്റിക്കുകൾ നേരിട്ട് ക്ലീൻ കേരളക്ക് നൽകുകയും ചെയ്യുന്നുണ്ട്. പല പഞ്ചായത്തുകളിലും ഷ്രഡ്ഡിംഗ് യൂണിറ്റും (കുമാരപുരം) ആരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്കിന്റെ ആർ.ആർ.എഫിലേക്ക് ഏതൊക്കെ പഞ്ചായത്തുകളിലെ പ്ലാസ്റ്റിക്കാണ് എത്തിക്കുക എന്നത് സംബന്ധിച്ച് കരാറിൽ തന്നെ വ്യക്തമാക്കേണ്ടതുണ്ട്.
- ക്ലീൻ കേരള മിഷൻ നൽകിയ കണക്ക് പ്രകാരം നവംബർ 20 മുതൽ ഡിസംബർ 21 വരെയുള്ള കാലയളവിൽ 11240.35 കിലോ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉത്പാദിപ്പിച്ചിട്ടുണ്ട്. എന്നാൽ ക്ലീൻ കേരള ഇതൊന്നും ഏറ്റെടുക്കുകയോ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് വിറ്റഴിക്കുകയോ ചെയ്തിട്ടില്ല. ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ നിരക്ക് നിശ്ചയിച്ചിട്ടുമില്ല.
- ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ഡിസംബർ 2021 ന ശേഷം നാളിതുവരെ പുനരാരംഭിച്ചിട്ടില്ല.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ, മാലിന്യം കുറയ്ക്കൽ, സമ്പൂർണ്ണ ശുചിത്വം തുടങ്ങിയ പദ്ധതി ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 5. പാലക്കാട് ജില്ല

### 1) ലൈഫ് ഭവന നിർമ്മാണ പദ്ധതി – വകയിരുത്തിയ വിവിധ ഫണ്ടുകൾ നിർവഹണ ഉദ്യോഗസ്ഥൻ ദുരുപയോഗം ചെയ്തു

*(നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്, ഓ.റി.2021-22 ഖ. 1-21 {ഖ 1-21-1 മുതൽ 1-21-6 വരെ})*

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ലൈഫ് ഭവന പദ്ധതിയുടെ യൂണിറ്റ് നിരക്കായ 4 ലക്ഷം രൂപയിൽ അധികം തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.</u>

2018-19 മുതൽ 2022-23 വരെയുള്ള വിവിധ വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിയുടെ വിവിധ പ്രോജക്ടുകൾ പ്രകാരം ഏതാനും ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കായ 4,00,000/- രൂപയിലും അധികം തുക ക്രെഡിറ്റ് ചെയ്യുകയും, ഒരേ ഗുണഭോക്താവിനെ ഒരു വർഷത്തിൽത്തന്നെ മൂന്ന് പ്രോജക്ടുകളിൽ വരെ ഉൾപ്പെടുത്തി തുക നൽകുകയും ചെയ്തു. അധികം തുക നൽകിയതിന്റെ വിശദാംശങ്ങൾ (a) മുതൽ (e) വരെയായി ചേർക്കുന്നു.

**a)** പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിവിധ ഗുണഭോക്താക്കൾക്ക് ജനറൽ, എസ്.സി ഫണ്ടുകളിൽ നിന്നും പ്രോജക്ട് പരിഗണിക്കാതെ തുക നൽകിയത് വഴി 4,00,000 രൂപയിൽ അധികം നൽകിയത് - 9,89,497/- രൂപ. വിശദാംശങ്ങൾ അനുബന്ധം 1 -ൽ ചേർത്തിട്ടുണ്ട്.

**b)** പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് എസ്.സി ഫണ്ടിൽ നിന്നും 400000 രൂപയിൽ അധികം നൽകിയത് - ആകെ 3,23,622/- രൂപ. വിശദാംശങ്ങൾ അനുബന്ധം 2 -ൽ ചേർത്തിട്ടുണ്ട്.

**c)** 2020-21 വർഷം വരെ ജനറൽ, എസ്. സി ഫണ്ടുകളിൽ നിന്നും തുക അധികം നൽകിയത് - 1,04,050/- രൂപ. വിശദാംശങ്ങൾ അനുബന്ധം 3 ൽ ചേർത്തിട്ടുണ്ട്.

**d)** 2022-23 സാമ്പത്തിക വർഷത്തിൽ 03.10.2022 വരെ ജനറൽ, എസ്.സി ഫണ്ടുകളിൽ നിന്നും തുക അധികം നൽകിയത് - 3,60,000/- രൂപ. വിശദാംശങ്ങൾ അനുബന്ധം 4 ൽ ചേർത്തിട്ടുണ്ട്.

ഭവനനിർമ്മാണ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റിലും കൂടുതൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിനുശേഷം,

പിന്നീട് ഗുണഭോക്താവിൽ നിന്നും അധിക തുക തിരികെ പണമായി കൈപ്പറ്റുന്ന രീതിയിലാണ് നിർവഹണോദ്യോഗസ്ഥൻ സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് അധികൃതരും നിലവിലെ നിർവഹണ ഉദ്യോഗസ്ഥനും വ്യക്തമാക്കി.

**e)** ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഫണ്ടിൽ നിന്നും തുക നൽകിയതിനു ശേഷം തിരികെ വാങ്ങി - 40,000/- രൂപ

ലൈഫ് ഭവനപദ്ധതിയുടെ ലിസ്റ്റിലുൾപ്പെട്ട ശ്രീമതി അമ്മിണി, പൊന്നമ്പലത്ത് പടി എന്ന ഗുണഭോക്താവിന് വീട് വാസയോഗ്യമാക്കൽ പദ്ധതിക്കായി വകയിരുത്തിയ ഫണ്ടിൽ നിന്നും 17.03.2020, 24.06.2020 എന്നീ തീയതികളിലായി ആകെ 40,000/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീമതി. അമ്മിണി ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവായതിനാൽ 24.06.2020, 31.03.2022 എന്നീ തീയതികളിലായി 1,40,000/- രൂപയും നൽകിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ വീട് അറ്റകുറ്റപ്പണിയ്ക്കായി ലഭിച്ച 40,000/- രൂപ തിരികെ നൽകണമെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ നിർദ്ദേശമനുസരിച്ച്, തുക തിരികെ നിർവഹണോദ്യോഗസ്ഥന് നൽകിയിട്ടുള്ളതായി കാണിച്ച് ശ്രീമതി.അമ്മിണി 19.11.22 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം നിലവിലും പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണത്തിന്റെ മുഴുവൻ ഗഡുക്കളും നൽകിയിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിലൊന്നായ ലൈഫ് ഭവന പദ്ധതിയുടെ നിർവഹണം കാര്യക്ഷമമായി ഏറ്റെടുത്ത് ഗുണഭോക്താക്കളിൽ എത്തിക്കാൻ ബാധ്യസ്ഥനായ നിർവഹണ ഉദ്യോഗസ്ഥൻ നടത്തിയ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് വഴി [ക്രമ നം. (a) മുതൽ (e) വരെ മേൽപരാമർശിച്ചിട്ടുള്ളത് പ്രകാരം] ആകെ 18,17,169/- രൂപയുടെ നഷ്ടം (989497+ 323622+ 104050+ 360000+ 40000) ഉണ്ടായിട്ടുണ്ട്.

2. ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാതെ തുക അനുവദിച്ചു

എ) ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 5 വ്യക്തികൾക്ക് ഭവന നിർമ്മാണത്തിനുള്ള ആദ്യഗഡു നൽകി

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ലൈഫ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും കൈമാറി ലഭിച്ച ഗുണഭോക്താക്കൾ ഉൾപ്പെടെ ആകെ 356 പേരാണുള്ളത്. ഇവരിൽ 191 പേർ ജനറൽ വിഭാഗത്തിലും 165 പേർ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരും ആകുന്നു. ഈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 5 വ്യക്തികൾക്ക് 2021-22 വർഷം മുതൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ അനുബന്ധം 5 ൽ ചേർത്തിട്ടുണ്ട്.

ബി) Approved Status ൽ ഉള്ള ഗുണഭോക്താക്കളെ Eligible ആക്കാതെ തുക അനുവദിച്ചു

356 പേരുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 152 പേർ മാത്രമാണ് എലിജിബിൾ ആയിട്ടുള്ളത്. ജനറൽ വിഭാഗത്തിൽപെട്ട അപ്രൂവ്ഡ് സ്റ്റാറ്റസിലെ ഗുണഭോക്താക്കളുടെ റേഷൻ കാർഡിൽ മറ്റൊരംഗത്തിന് വീട് ഉണ്ടെങ്കിൽ ഇവരെ പിന്നീട് Eligible ആക്കാൻ സാധിക്കില്ല. എന്നാൽ ഇത്തരത്തിലുള്ളവരിൽ ചിലർക്കും നിർവഹണോദ്യോഗസ്ഥൻ തുക നൽകിയിട്ടുള്ളതും, നിലവിലുള്ള വീട് പൊളിച്ചുമാറ്റി പുതിയ വീട് നിർമ്മാണം തുടങ്ങിയവരുടെ സ്ഥിതി അനിശ്ചിതത്വത്തിലുമാണ് ഇത്തരത്തിലുള്ള ഏതാനും പേരുടെ ഉദാഹരണങ്ങൾ അനുബന്ധം 6 ആയി ചേർത്തിട്ടുണ്ട്.

3. ഫണ്ട് ദുർവിനിയോഗം ചെയ്തതിനാൽ ഏറ്റവും അർഹരായ ഏതാനും ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചു

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽക്കാണ് ലൈഫ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിക്കായുള്ള സംസ്ഥാന സർക്കാർ വിഹിതവും ലോൺ വിഹിതവും സെക്രട്ടറി ലോഗിനിൽ എലിജിബിൾ ആയ ഗുണഭോക്താക്കൾക്ക് മാത്രമേ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. മാത്രമല്ല സംസ്ഥാന സർക്കാർ വിഹിതം ഒരു ഗുണഭോക്താവിന് 1,00,000 രൂപയിൽ അധികം പിൻവലിക്കാനും സാധ്യമല്ല. ക്രമക്കേട് നടത്തിയിട്ടുള്ള ബില്ലുകളിൽ കൂടുതലും ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസനഫണ്ട് ജനറൽ, എസ്.സി വിഭാഗം ഫണ്ടുകളും ജില്ലാ, ബ്ലോക്ക്

പഞ്ചായത്ത് വിഹിതങ്ങളുടേതുമാണ്. ആയതിനാൽ നിലവിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഏതാനും ഗുണഭോക്താക്കൾക്ക് അവസാനഗഡു നൽകുന്നതിന് വികസനഫണ്ട് ലഭ്യമല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും ഇവർക്ക് 1,00,000/- രൂപ നൽകിയിട്ടുള്ളതിനാൽ, ഈ വിഹിതം തുടർന്ന് നൽകാനും സാധിക്കുകയില്ല. യോഗ്യരല്ലാത്ത ഗുണഭോക്താക്കൾക്ക് തുക നൽകിയ കേസുകളിലും, ഇവർ ഭവന നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നിലവിൽ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ തന്നെ ഉൾപ്പെടാത്തതിനാൽ തുടർന്ന് ഗഡുക്കൾ നൽകാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നു.

**ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് നിർവഹണോദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ**

ബാങ്ക് അക്കൗണ്ടിലേക്ക് അധികം അനുവദിച്ച 1.60 ലക്ഷം രൂപ കാഷ് ആയി നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ തിരികെ ആവശ്യപ്പെട്ടതിനെതിരെ ലൈഫ് പദ്ധതിയിലുൾപ്പെട്ട ഒരു ഗുണഭോക്താവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയതിനെത്തുടർന്ന് പാലക്കാട് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 03.10.2022 ലെ ഉത്തരവ് പ്രകാരം മേൽ പരാമർശിച്ച ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ശ്രീ.അമൽരാജ്.ടി.യു, വി.ഇ.ഒ ഗ്രേഡ്-2 എന്ന ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. പ്രസ്തുത ഉദ്യോഗസ്ഥൻ നടത്തിയ ലൈഫ് ഭവന പദ്ധതിയുടെയും മറ്റ് പദ്ധതികളുടെയും അന്വേഷണം നടത്തി, ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21.10.2022 ൽ പോലീസിൽ പരാതി നൽകിയിട്ടുള്ളതാണ്.

ഭരണസമിതിയുടെ 07.10.2022 ലെ തീരുമാനം പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പാലക്കാട് മുഖാന്തിരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ആരോപണവിധേയനായ ഉദ്യോഗസ്ഥനെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു: മുഖ്യമന്ത്രി എന്നിവർക്ക് റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**2) ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - 2018-19 വർഷം തുക വകയിരുത്തി നാലു വർഷത്തിനു ശേഷവും പദ്ധതി നടപ്പിലായില്ല**

*(നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്, ഓ.റി. 2021-2022 ഖ.1-23)*

പഞ്ചായത്തിന്റെ അധീനതയിലുള്ള കൊറ്റമംഗലം പ്രദേശത്തെ പൊതു ശ്മശാനത്തെ 80 സെന്റ് സ്ഥലത്തിൽ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് 2018-19 വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2018-19 വർഷത്തിൽ 30 ലക്ഷം രൂപയും, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 20 ലക്ഷം രൂപയും പദ്ധതി നിർവഹണത്തിനായി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂരിൽ പ്രവൃത്തിക്കുന്ന അക്രഡിറ്റഡ് സ്ഥാപനമായ കോസ്റ്റ്ഫോർഡിനെ ക്രിമറ്റോറിയം നിർമ്മാണത്തിനായി ചുമതലപ്പെടുത്തി. 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഗ്രാമപഞ്ചായത്തിന്റെ 11.01.2019 ലെ തീരുമാന പ്രകാരം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഫോർഡിന് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% ആയ 10 ലക്ഷം രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

കൊറ്റമംഗലം പ്രദേശവാസികളുടെ എതിർപ്പ് മൂലം ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവൃത്തികൾ നടത്താൻ കഴിയാതെ വന്നതിനാൽ നിർമ്മാണം നിർത്തി വെയ്ക്കുകയും കോസ്റ്റ് ഫോർഡിൽ നിന്നും തുക പലിശസഹിതം തിരികെ ഈടാക്കുന്നതിനും മറ്റ് ഏജൻസികൾ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനും 22.10.2020 ൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും, നാളിതുവരെ തുക തിരികെ ഈടാക്കിയിട്ടില്ല. 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ ക്രിമറ്റേറിയം നിർമ്മാണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2018-19 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ 20,00,000/- രൂപ 2021-22 ൽ നീക്കിയിരിപ്പുണ്ട്. നിലവിൽ കോസ്റ്റ് ഫോർഡുമായി കരാർ പുതുക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല.


ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കി പദ്ധതിയുമായി മുമ്പോട്ടു പോകാൻ കഴിയാത്ത പക്ഷം കോസ്റ്റ് ഫോർഡിന് നൽകിയ തുക തിരികെ ഈടാക്കി അവശേഷിക്കുന്ന തുകയുൾപ്പെടെ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

**3. ഊട്ടറ വാതക ശ്മശാനം – പൂർത്തീകരണം അനന്തമായി നീളുന്നു**

*(വടവന്നൂർ ഗ്രാമ പഞ്ചായത്ത് ഓ.റി. 2021-22 ഖ. 1-18)*

ഊട്ടറയിലെ വാതക ശ്മശാനം നിർമ്മാണം പദ്ധതി നടപ്പാക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി 30-07-2020 ന് തൃശ്ശൂരിൽ പ്രവൃത്തിക്കുന്ന കോസ്റ്റ്ഫോർഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി 'cost and energy effective materials and techniques' ഉപയോഗിച്ച് നിർവഹിക്കേണ്ടതും, കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തുക കണക്കാക്കേണ്ടതുമാണ്. എഗ്രിമെന്റ് തീയതി മുതൽ ആറു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതും പ്രവൃത്തി നിർവഹിക്കുന്നതിൽ കാലതാമസം ഉണ്ടായാൽ നിലവിലുള്ള PWD ചട്ടങ്ങൾ പ്രകാരം പിഴ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, കരാർ പ്രകാരം 09-01-2021 ന് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആകെ 22.75 ലക്ഷം രൂപയാണ് കോസ്റ്റ്ഫോർഡിന് അനുവദിച്ചിട്ടുള്ളത്.





2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തിയുടെ കാലാവധി ഔദ്യോഗികമായി ദീർഘിപ്പിച്ചു നൽകുകയോ, ആവശ്യമായ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഫർണസ് സ്ഥാപിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നതിനായി തുറന്നു നൽകേണ്ടതാണ്.

### 6. വയനാട് ജില്ല

1. **1,28,98,756 രൂപ ചെലവഴിച്ച കണിയാമ്പറ്റ പട്ടികവർഗ്ഗ വനിതാ കരകൗശല ഉത്പാദന വിപണനകേന്ദ്രം ലക്ഷ്യം കണ്ടില്ല**

   *(വയനാട് ജില്ലാ പഞ്ചായത്ത് ഓ.റി.2021-22 ഖ.1-15)*

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പട്ടികവർഗ്ഗ വനിതാ കരകൗശല ഉത്പാദന വിപണന കേന്ദ്രത്തിനുള്ള കെട്ടിടം പണിയുന്നതിനായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ 2016-17 സാമ്പത്തികവർഷം ആരംഭിച്ച് 2020-21 ൽ 1,16,54,317 രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. പണിതീർത്ത കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് 2021-22 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി വികസനഫണ്ടിൽ (ടി.എസ്.പി) നിന്നും 12,44,439 രൂപയും ചെലവഴിച്ചിട്ടുണ്ട്.

2021-22 വർഷം വരെ 1,28,98,756 രൂപ ആകെ ചെലവഴിച്ചുവെങ്കിലും, നാളിതുവരെയും ഈ കെട്ടിടത്തിൽ ആരംഭിക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തതായി കാണുന്നില്ല. പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതത്തിൽനിന്ന് വലിയ തുക വകയിരുത്തി നിർമ്മിച്ച കെട്ടിടം ലക്ഷ്യം കൈവരിക്കാതെ നിലവിലും നിഷ്ക്രിയാസ്തിയായി തുടരുകയാണ്. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.



പട്ടികവർഗ്ഗ വനിതാ കരകൗശലകേന്ദ്രത്തിന് വേണ്ടി പണിതീർത്ത കെട്ടിടം

**2. വനിതാതൊഴിൽ പരിശീലനകേന്ദ്രം, ഭിന്നശേഷി വനിതകൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം എന്നിവ പ്രവർത്തനക്ഷമമായില്ല.**

*(വയനാട് ജില്ലാപഞ്ചായത്ത് ഓ.റി. 2021-22 ഖ.1-16)*

വയനാട് ജില്ലാപഞ്ചായത്ത് പൂതാടി ഗ്രാമപഞ്ചായത്തിൽ കേണിച്ചിറ എന്ന സ്ഥലത്ത് ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 2017-18 സാമ്പത്തിക വർഷം മുതൽ താഴെപ്പറയുന്ന പദ്ധതികളിലായി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി വികസനഫണ്ട് - ജനറൽ, തനതുഫണ്ട് എന്നിവയിൽ നിന്നും തുക ചെലവഴിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്കുവേണ്ടി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

| ക്രമ നം | പദ്ധതി സംബന്ധിച്ച വിവരങ്ങൾ | ചെലവ് തുക |
|---|---|---|
| 1 | 498/18 ഭിന്നശേഷി വനിതകൾക്ക് തൊഴിൽ പരിശീലനകേന്ദ്രം | 40,94,352/- രൂപ |
| 2 | 490/18 - വനിതാവ്യവസായപാർക്ക് | 56,77,537/- രൂപ |
| 3 | 201/21- വനിതാതൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം | 33,07,436/- രൂപ |
| 4 | 598/22- വനിതാതൊഴിൽ പരിശീലനകേന്ദ്രം - കുഴൽക്കിണർ | 1,11,400/- രൂപ * |
| 5 | 668/20-ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിൽ ടോയ്ലെറ്റ് നിർമ്മാണം | 5,86,424/- രൂപ |
| | **ആകെ** | **1,37,77,149** |

*കുഴൽകിണർ നിർമ്മാണത്തിനായി 1,11,400/ രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 25.11.22 ന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

അഞ്ച് പ്രോജക്ടുകളിലായി ഒരേ കോമ്പൗണ്ടിൽ രണ്ടു തൊഴിൽ പരിശീലനകേന്ദ്രങ്ങളും അനുബന്ധ സൗകര്യങ്ങളുമൊരുക്കുന്നതിന് വിവിധ വർഷങ്ങളിലായി ചെലവഴിച്ചത് 1,37,77,149/- രൂപയാണ്. എന്നാൽ നാളിതുവരെയും ഈ കെട്ടിടങ്ങളിൽ യാതൊരു പ്രവർത്തനങ്ങളും ആരംഭിക്കുകയോ, ഇവയിൽ

നടത്താനുദ്ദേശിച്ചിരുന്ന പ്രവർത്തനങ്ങൾക്കായി പ്രോജക്ട് രൂപീകരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ കെട്ടിടങ്ങൾ നിഷ്ക്രിയാവസ്ഥയിലാണ്. പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.



പണിതീർത്ത വനിത തൊഴിൽ പരിശീലനകേന്ദ്രം, ഭിന്നശേഷി തൊഴിൽപരിശീലനകേന്ദ്രം

### അധ്യായം -2

# നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റ് പരാമർശങ്ങൾ

## 1. തിരുവനന്തപുരം കോർപ്പറേഷൻ

### 1. ഭൂരഹിതർക്ക് ഭൂമി വാങ്ങൽ – കെട്ടിട നിർമാണ അനുമതി ഉറപ്പാക്കാതെ തുക അനുവദിച്ചു

*(തിരുവനന്തപുരം കോർപ്പറേഷൻ, ഓ.റി. 2020-21 ഖ. 1-29)*

നഗരസഭാ പരിധിയിൽ താമസിക്കുന്ന ഭൂരഹിതരായവർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/-രൂപ വീതം ധനസഹായം നൽകുന്നതിന് പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് (എസ് സി പി) ഉപയോഗിച്ച് ആവിഷ്കരിച്ച പദ്ധതിയുടെ ആകെ ചെലവ് 7,49,00,000/- രൂപയാണ്. പദ്ധതി പ്രകാരം റാണിചന്ദ്ര ബി, ടി സി 19/1018, വിളകത്തു വീട്, തട്ടാൻവിള, തമലം, പൂജപ്പുര എന്ന ഗുണഭോക്താവ് തിരുമല വില്ലേജിൽ റീസർവേ നം. 15 ൽ ഉൾപ്പെട്ടുവരുന്ന 3.53 ആർ വസ്തു വാങ്ങുകയും, വസ്തുവിലയായി 6,00,000/-രൂപ വസ്തു ഉടമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിർവഹണ ഉദ്യോഗസ്ഥൻ കൈമാറുകയും ചെയ്തിട്ടുണ്ട്.

നിർമാണ അനുമതിയുമായി ബന്ധപ്പെട്ട് പ്രസ്തുത വസ്തുവിൽ ഓവർസിയർ നടത്തിയ സൈറ്റ് പരിശോധനയിൽ, വസ്തു പുരയിടമായതിനാൽ വീട് നിർമിക്കുന്നതിന് തടസ്സമില്ലെങ്കിലും റയിൽവേ അതിർത്തിയിൽ നിന്നും 30 മീറ്റർ ദൂരപരിധിയ്ക്കകത്ത് വരുന്നതിനാൽ റയിൽവേയുടെ എൻ ഒ സി ലഭ്യമാകുന്ന മുറയ്ക്ക് വീട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ 10-3-2020 ലെ നം. എൽ എം 3/2019/ലൈഫ് കത്തിൽ (ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നത് സംബന്ധിച്ച പതിവ് ചോദ്യത്തിനുള്ള ഉത്തരം) വാങ്ങുന്ന സ്ഥലം, കെട്ടിട നിർമ്മാണചട്ടങ്ങൾ പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് ഗുണഭോക്താവും നിർവഹണ ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ റയിൽവേയുടെ എൻ ഒ സി ലഭ്യമാക്കി പ്രസ്തുത സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് ഉറപ്പ് വരുത്താതെയാണ് വസ്തു ഉടമയ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ തുക കൈമാറിയിരിക്കുന്നത്.

സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെ പദ്ധതിപ്പണം ചെലവഴിച്ചതു കാരണം, ഭൂരഹിത – ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനുള്ള

ലക്ഷ്യത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഗുണഫലം ഗുണഭോക്താവിന് നഷ്ടമാകുന്ന സ്ഥിതി സംജാതമായി.

**2. സ്വയം തൊഴിൽ ഗ്രൂപ്പ് – വനിത (എസ് സി) – പദ്ധതി നിർവഹണത്തിലെ അപാകതകൾ സമഗ്ര അന്വേഷണം അനിവാര്യം**

*(തിരുവനന്തപുരം കോർപ്പറേഷൻ, ഓ.റി. 2020-21 ഖ. 1-30)*

അഞ്ച് പട്ടികജാതി വനിതകൾ ചേർന്ന ഗ്രൂപ്പുകൾക്ക് സ്വയം സംരംഭം ആരംഭിക്കുന്നതിനായി ബാങ്ക് വായ്പയുടെ 85% പരമാവധി 3 ലക്ഷം രൂപ സബ്സിഡി ആയി അനുവദിക്കാമെന്ന സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.22/ 2018/തസ്വഭവ/14.02.2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്ട് 1054/21 പ്രകാരം 9 ഗ്രൂപ്പുകൾക്ക് 27 ലക്ഷം രൂപയും, പ്രോജക്ട് നം.38/21 പ്രകാരം 33 ഗ്രൂപ്പുകൾക്കായി 99 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

- **വ്യാജ ജാതി സർട്ടിഫിക്കറ്റ്**

  പട്ടികജാതി വിഭാഗക്കാരായ ഭൂരിഭാഗം ഗുണഭോക്താക്കളും ഹാജരാക്കിയ താലൂക്ക് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് കാണുന്നു. 2014 മുതൽ 2021 വരെ അനുവദിച്ച ജാതി സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. ചിലരുടെ ജാതി സർട്ടിഫിക്കറ്റിന് പകരം പദ്ധതിയിലോ, ഗുണഭോക്തൃലിസ്റ്റിലോ ഉൾപ്പെടാത്തവരുടെ ജാതി സർട്ടിഫിക്കറ്റുകളാണ് ഹാജരാക്കിയിട്ടുള്ളത്. ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരം തഹസിൽദാർക്ക് ഓഡിറ്റിൽ നിന്നും പരിശോധനയ്ക്ക് നൽകിയ 17 ജാതി സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എല്ലാംതന്നെ വ്യാജമാണെന്ന് 14.07.2022-ലെ കത്ത് പ്രകാരം തഹസീൽദാർ അറിയിച്ചിട്ടുണ്ട്.

- **എല്ലാ സബ്സിഡി തുകയും ഒരു ബാങ്കിലേക്ക്**

  പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുള്ള നഗരസഭാ പരിധിയിലെ പൂന്തുറ, തിരുവല്ലം, ആറ്റിപ്ര, മണക്കാട്, കുളത്തൂർ, വിഴിഞ്ഞം തുടങ്ങി നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ JLG (Joint Liability Group) - കൾക്കും പട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുമാണ് ലോൺ സാങ്ഷൻ ലെറ്ററും

ഗ്രേഡിംഗ് സർട്ടിഫിക്കറ്റും നൽകിയിട്ടുള്ളത്. എല്ലാ സാങ്ഷൻ ലെറ്ററുകളിലും ഗ്രേഡിംഗ് സർട്ടിഫിക്കറ്റുകളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ബാങ്കിന്റെ ആവശ്യപ്രകാരം നിർവഹണോദ്യോഗസ്ഥൻ പട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ 20421001530005, 20051001500031 എന്നീ നമ്പർ അക്കൗണ്ടുകളിലേക്കാണ് സബ്സിഡി തുക പൂർണ്ണമായും കൈമാറിയിട്ടുള്ളത്. ലോൺ വിതരണം ചെയ്തതായോ, തുക കൈപ്പറ്റിയതായോ, പദ്ധതിയിൽ വിഭാവനം ചെയ്തു പോലുള്ള സംരംഭം ആരംഭിച്ച് ലോൺ തുക തിരിച്ചടയ്ക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ, ലൈസൻസ് അടക്കമുള്ള രേഖകൾ ഉൾപ്പെടെ ലഭ്യമാക്കിയിട്ടില്ല.

- **അപൂർണമായ ഫയലുകൾ**

  സബ്സിഡി ആനുകൂല്യത്തിനായി അപേക്ഷിക്കുന്ന ഓരോ ഗ്രൂപ്പുകളുടെയും അപേക്ഷയോടൊപ്പം കേന്ദ്ര-കേരള സർക്കാർ ഏജൻസിയിൽ നിന്നോ മറ്റ് പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നോ തങ്ങൾ യാതൊരുവിധ സബ്സിഡിയോ, ആനുകൂല്യങ്ങളോ കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം, വ്യാവസായിക സ്വയം സംരംഭകർക്കുള്ള അപേക്ഷാ ഫോറം എന്നിവ ഒട്ടുമിക്ക ഫയലുകളിലും ഇല്ല. ഉള്ള അപേക്ഷാ ഫോറങ്ങളിലാകട്ടെ വാർഡ് കൗൺസിലർ ഒപ്പിട്ട വാർഡ് കമ്മിറ്റിയുടെ ശിപാർശയുണ്ടെങ്കിലും നിർവഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഇല്ല. ബാങ്ക് പാസ്ബുക്കിന്റെ കോപ്പി, വാർഡ് കമ്മിറ്റി മിനിട്ട്സിന്റെ പകർപ്പ്, ഗ്രൂപ്പ് ഫോട്ടോ, കൈപ്പറ്റ് രസീത് തുടങ്ങിയവ ഭൂരിഭാഗം ഫയലുകളിലും ലഭ്യമല്ല.

- **ഒരേ ഗുണഭോക്താവ് ഒന്നിലധികം ഗ്രൂപ്പിൽ**

  ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ പൂർണ്ണമായ പേരോ മേൽവിലാസമോ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ചില ഗുണഭോക്താക്കളെ ഒന്നിലധികം ഗ്രൂപ്പിൽ ഉൾപ്പെടുത്തി സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - 7 ൽ ചേർത്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ പൂർണ്ണമായോ പേരും മേൽവിലാസവും ഉൾപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് കിട്ടിയാൽ മാത്രമേ ഇപ്രകാരം എത്രത്തോളം ഇരട്ടിപ്പ് ഉണ്ടായി എന്ന് ഉറപ്പിക്കാൻ കഴിയൂ.

- **സ്വയം തൊഴിൽ ഗ്രൂപ്പുകൾ ലഭ്യമാക്കിയ രേഖകളിലെ അപാകതകൾ**

  പദ്ധതി ആനുകൂല്യത്തിനായി ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ അനുബന്ധം-8 ൽ ചേർത്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ നാമമാത്രമായ അപേക്ഷകൾ മാത്രമാണ്

പരിശോധനയ്ക്കായി ഹാജരാക്കിയത്.

- **പ്രായപരിധി അധികരിച്ചും ആനുകൂല്യം നൽകി**

  സബ്സിഡി മാർഗ്ഗരേഖ പ്രകാരം 18-നും 60-നും ഇടയ്ക്ക് പ്രായപരിധിയിൽ ഉള്ളവരായിരിക്കണം ഗുണഭോക്താക്കൾ. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ അപ്രകാരമല്ലാത്ത ഗുണഭോക്താക്കളും ഗ്രൂപ്പിൽ ഉൾപ്പെട്ട് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-9 ൽ ചേർത്തിട്ടുണ്ട്.

എസ്.സി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയംതൊഴിലിലൂടെ അവരുടെ തൊഴിലില്ലായ്മ പരിഹരിക്കൽ, സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തൽ എന്നീ ലക്ഷ്യങ്ങളിൽ ഊന്നി നിന്നുകൊണ്ട് നടത്തിയ പദ്ധതി, നിർവഹണത്തിലെ പാളിച്ചകൾ കാരണം ലക്ഷ്യപ്രാപ്തിയിൽ എത്തിയോ എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കൾ സമർപ്പിച്ച കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ ആധികാരികത, ബാങ്ക് എല്ലാ JLG കൾക്കും ലോൺ തുക കൈമാറിയിട്ടുണ്ടോ എന്നും ലോൺ തുക കൈപ്പറ്റിയ ഗ്രൂപ്പുകൾ സ്വയം തൊഴിൽ സംരംഭം ആരംഭിച്ചിട്ടുണ്ടോ എന്നും തുടങ്ങി മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ ഓഡിറ്റ് കണ്ടെത്തലുകളെയും സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്യുന്നു.

## 2. കൊല്ലം കോർപ്പറേഷൻ

### 1. അമൃത് പദ്ധതി – കിറ്റ്കോയുടെ DPR പരാജയം

*(കൊല്ലം കോർപ്പറേഷൻ, ഓ.റി.2021-22, ഖ.1.63)*

കൊല്ലം കോർപ്പറേഷനിൽ അമൃത് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന സ്റ്റോം വാട്ടർ ഡ്രെയിനേജ്, ഫുഡ്പാത്തുകളുടെ നവീകരണം, ഫുട്ട് ഓവർബ്രിഡ്ജുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾക്കൊള്ളുന്ന അർബൻ ട്രാൻസ്പോർട്ട്, ഗ്രീൻ സ്പെയ്സ് പാർക്കുകൾ എന്നീ പ്രോജക്ടുകളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനുള്ള കരാർ അമൃതിന്റെ സംസ്ഥാന മിഷൻ യൂണിറ്റിന്റെ അനുമതി പ്രകാരം കൊച്ചിയിൽ പ്രവർത്തിക്കുന്ന KITCO എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരുന്നത്.

03/01/2017 ലാണ് കൊല്ലം കോർപ്പറേഷനുമായി KITCO കരാർ ഒപ്പുവച്ചത്. അമൃതിന്റെ സ്റ്റേറ്റ് അനുവൽ ആക്ഷൻ പ്ലാൻ അനുസരിച്ച് 2015-16, 2016-17, 2017-18 എന്നീ വാർഷിക പദ്ധതികളിലായി 60.67 കോടി രൂപയുടെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകൾ ഉൾപ്പെടെയുള്ള DPR ആണ് തയ്യാറാക്കിയത്. കരാർ പ്രകാരം 50 കോടി രൂപയ്ക്കും 100 കോടി രൂപയ്ക്കും ഇടയിലുള്ള DPR തയ്യാറാക്കുന്നതിനായി DPR തുകയുടെ 1% കണക്കാക്കി എല്ലാ നികുതികളും ഉൾപ്പെടെ 60 ലക്ഷം രൂപയാണ് KITCO യ്ക്ക് കൺസൾട്ടൻസി ഫീയായി അംഗീകരിച്ചത്. DPR പ്രകാരം പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്കാണ് സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകേണ്ടത്. കൺസൾട്ടൻസി ഫീ ഇനത്തിൽ ആകെ 34.50 ലക്ഷം രൂപ KITCO യ്ക്ക് നൽകിയിട്ടുണ്ട്.

KITCO തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പ്രകാരം പ്രവൃത്തികൾ ആരംഭിച്ച് വരവേയാണ് DPR പ്രകാരമുള്ള അളവുകളും നിർമ്മാണ സ്ഥലത്തെ പ്രവൃത്തികളുടെ അളവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്ന് ബോധ്യപ്പെടുന്നത്. ആയതിനാൽ ഒട്ടുമിക്ക പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ട സാഹചര്യം വന്നതായി വ്യക്തമാകുന്നു. പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലെ അപാകതകൾ പരിഹരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് കോർപ്പറേഷൻ പലതവണ ആവശ്യപ്പെട്ടെങ്കിലും KITCO ആയത് പാലിക്കാതിരുന്നതിനാൽ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗമാണ് സൈറ്റ് കണ്ടീഷനും സ്പെസിഫിക്കേഷനും അനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി

പ്രവൃത്തികളുമായി മുന്നോട്ടുപോയതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. മേൽപ്പറഞ്ഞ അമൃത് പദ്ധതിയിൽപ്പെട്ട പ്രോജക്ടുകളിൽ പലതും പൂർത്തീകരണ കാലാവധിയുടെ പല മടങ്ങുകൾ നീണ്ടുപോയതായി വ്യക്തമായിട്ടുണ്ട്. ഇതിന്റെ പ്രധാന കാരണം KITCO യുടെ DPR ലെ പിശകുകളാണ് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടിയിരുന്ന 2.3 കോടി രൂപ എസ്റ്റിമേറ്റിലുള്ള വിവിധ നടപ്പാതകളുടെ നവീകരണ പ്രവൃത്തി 10/2018 ൽ ആരംഭിച്ചെങ്കിലും 02/2022 ലാണ് പൂർത്തീകരിച്ചത്.
- ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടിയിരുന്ന 2.63 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള തങ്കശ്ശേരി ഉൾപ്പടെയുള്ള 47 മുതൽ 51 വരെയുള്ള ഡിവിഷനുകളിലെ സ്റ്റോം വാട്ടർ ഡ്രെയിനേജുകളിൽപ്പെടുന്ന പ്രവൃത്തികൾ 03/2018 ൽ ആരംഭിച്ചെങ്കിലും 02/2022 ലാണ് പൂർത്തീകരിച്ചത്.
- 6 മാസത്തിനകം പൂർത്തീകരിക്കേണ്ടിയിരുന്ന 67.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള സെന്റ് ജോസഫ് സ്കൂൾ - പാർവ്വതി മിൽ ജംഗ്ഷൻ ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി 11/2018 ൽ ആരംഭിച്ചെങ്കിലും 11/2021 ലാണ് പൂർത്തീകരിച്ചത്.

കരാർ പ്രകാരം KITCO ഉറപ്പാക്കേണ്ട ശരിയായ പ്ലാനിംഗ്, ഡിസൈനിംഗ്, ടെക്നിക്കൽ ഗൈഡൻസ് എന്നിവ ഉറപ്പാക്കിയിട്ടില്ലെന്നത് മേൽ പരാമർശിച്ച സംഗതികളിൽ നിന്ന് വ്യക്തമാണ്. ഇതിലൂടെ കോർപ്പറേഷന് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതാകുകയും, ഫണ്ടുകൾ നഷ്ടപ്പെടുന്ന സ്ഥിതിയും, പൊതുജനങ്ങൾക്ക് ക്ലേശങ്ങൾ ഉണ്ടാക്കുന്ന സാഹചര്യവും സൃഷ്ടിക്കപ്പെട്ടു. KITCO യുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് പലതവണ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും തുടക്കത്തിൽ KITCO യുടെ ഭാഗത്തു നിന്നുണ്ടായ സഹകരണം പിന്നീട് ഉണ്ടായില്ല. KITCO തയ്യാറാക്കിയ DPR പ്രകാരം ചിന്നക്കട സ്റ്റെയർകേസിന്റെ എസ്റ്റിമേറ്റ് മാത്രമാണ് കൃത്യമായിരുന്നതെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ കൺസൾട്ടൻസി ഫീ തട്ടിക്കിഴിച്ച് KITCO യ്ക്ക് നൽകിയ 34.50 ലക്ഷം രൂപയിൽ ബാക്കി തുക കോർപ്പറേഷനിൽ തിരിച്ചടയ്ക്കണമെന്ന് KITCO യോട് കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നെങ്കിലും KITCO യിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

DPR പ്രകാരമുള്ള ചിന്നക്കട സ്റ്റെയർകേസിന്റെ സാങ്കേതിക അനുമതി തുക 13,43,956/- രൂപയാണ് (TS No. 96106/2017-18). പ്രസ്തുത തുകയ്ക്ക് ആനുപാതികമായ

കൺസൾട്ടൻസി ഫീ കണക്കാക്കി ആയത് തട്ടിക്കഴിച്ച് 34.5 ലക്ഷം രൂപയിൽ ബാക്കി തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, KITCO യുടെ ഭാഗത്തുനിന്നും പ്ലാനിംഗിലും ഡിസൈനിംഗിലും ടെക്നിക്കൽ ഗൈഡൻസിലും ഉണ്ടായ വീഴ്ചകൾ വിലയിരുത്തുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ KITCO യ്ക്ക് കൺസൾട്ടൻസി നൽകുന്ന വിഷയം ഭാവിയിൽ പുനർ ചിന്തനത്തിന് വിധേയമാക്കേണ്ടതുമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

### 3. തിരുവല്ല നഗരസഭ

**1. മാലിന്യനീക്കം – സ്വകാര്യസ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്താതെ നഗരസഭ ലക്ഷങ്ങൾ ചെലവഴിച്ചു**

*(തിരുവല്ല നഗരസഭ : ഓ.റി 2021-22, ഖ.1-58)*

നഗരത്തിലെ മാലിന്യ സംഭരണം, സംസ്കരണം എന്നിവ ജനപങ്കാളിത്തം ഉറപ്പാക്കി കാര്യക്ഷമമാക്കാനും ചെലവ് നിയന്ത്രിച്ച് വരുമാനദായകമാക്കുവാനുമാണ് സർക്കാർ, കുടുംബശ്രീ സഹകരണത്തിൽ ഹരിതകർമ്മ സേന രൂപികരിക്കുവാൻ നിർദേശിച്ചത്. തിരുവല്ല നഗരസഭയിൽ ഹരിതകർമ്മ സേനയില്ല. ഹരിതകർമ്മ സേന ഇല്ലാത്ത നഗരസഭകളിൽ സംരംഭകത്വ ഗ്രൂപ്പുകൾ രൂപീകരിച്ച് മാലിന്യനീക്കം നടത്താൻ സർക്കാർ നിർദേശിച്ചിരുന്നുവെങ്കിലും അതിന് ശ്രമിക്കാതെ അജൈവമാലിന്യ നീക്കത്തിന്റെ ചുമതല ക്രിസ് ഗ്ളോബൽ എന്ന സ്വകാര്യ സ്ഥാപനത്തിന് കൈമാറി. എന്നാൽ 2021-22 ൽ മാലിന്യ സംഭരണത്തിന് അയ്യങ്കാളിതൊഴിലുറപ്പ് പദ്ധതി ഫണ്ട് മുഖേന 44.65 ലക്ഷം രൂപ നഗരസഭ ചെലവഴിക്കുകയും ചെയ്തു.

ഹരിതകർമ്മ സേനയായി ക്രിസ് ഗ്ളോബൽ പ്രവർത്തിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടോയെന്നതും, ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണോ ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്നും വ്യക്തമല്ല. സ്വകാര്യസ്ഥാപനത്തിന് യൂസർ ഫീസ് പിരിച്ച് നടപ്പിലാക്കാനായി കൈമാറിയ മാലിന്യ സംഭരണത്തിന് നഗരസഭ ഫണ്ട് ചെലവഴിക്കുന്നത് പൊതുപണത്തിന്റെ പാഴ്ചെലവാണ്.

പരാമർശിത വിഷയവുമായി ബന്ധപ്പെട്ട വ്യക്തമായ അപാകതകൾ ചുവടെ ചേർക്കുന്നു.

- ഹരിതകർമ്മ സേനയായി പ്രവർത്തിക്കുന്ന ക്രിസ് ഗ്ലോബൽ 2021-22 സാമ്പത്തിക വർഷം നഗരത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നഗരസഭക്ക് കഴിഞ്ഞില്ല. പ്രവർത്തനം ലഭ്യമായ വാർഡുകൾ, സംഭരിച്ച മാലിന്യത്തിന്റെ അളവ്, എംസിഎഫിൽ എത്തിക്കുന്ന മാലിന്യങ്ങളുടെ തരംതിരിക്കൽ, സംസ്കരിക്കാവുന്ന അജൈവമാലിന്യം കൈമാറ്റം, ലഭിക്കുന്ന വരുമാനം, പരിസ്ഥിതിക്കും ജനങ്ങൾക്കും ദോഷകരമല്ലാത്ത വിധത്തിൽ പുനസംസ്കരിക്കാനാവാത്ത അജൈവമാലിന്യങ്ങളുടെ സംസ്കരണം വ്യക്തമാക്കുന്ന രേഖകൾ ഉൾപ്പെടെ ലഭ്യമാക്കിയില്ല.

- ഹരിതകർമ്മസേനയുടെ പ്രവർത്തനം നഗരസഭ കൃത്യമായ ഇടവേളകളിൽ മോണിട്ടർ ചെയ്യേണ്ടതുണ്ട്. ഓഡിറ്റ് വർഷം ഒരിക്കൽ പോലും നഗരസഭ ക്രിസ് ഗ്ലോബലിന്റെ പ്രവർത്തനം മോണിട്ടർ ചെയ്തതായി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. സർക്കാർ നിർദേശപ്രകാരം നടത്തേണ്ട സോഷ്യൽ ഓഡിറ്റും നടത്തിയിട്ടില്ല.
- നഗരസഭ നിശ്ചയിക്കുന്ന യൂസർ ഫീ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിരിക്കാവുന്നതും, പദ്ധതിയിൽ ചേരുന്നതിന് രജിസ്ട്രേഷൻ ഫീസ് ഈടാക്കാവുന്നതുമാണ്. നഗരസഭ നിശ്ചയിച്ച രജിസ്ട്രേഷൻ ഫീസ് 50 രൂപയും, യൂസർഫീ വീടുകൾക്ക് മാസം 60 രൂപയും സ്ഥാപനങ്ങൾക്ക് മാസം 300 രൂപയുമാണ്. ഫീസ് പിരിക്കാൻ നഗരസഭയുടെ പേരിലുള്ള രസീതാണ് ക്രിസ് ഗ്ലോബൽ ഉപയോഗിക്കുന്നത്. സ്വകാര്യ സ്ഥാപനമാണെങ്കിലും, നഗരസഭ ഹരിത കർമ്മസേനയുടെ പദവി നല്കിയിരിക്കുന്നതിനാൽ ധനഇടപാടിൽ ഹരിതകർമ്മ സേനയ്ക്ക് ബാധകമായ വ്യവസ്ഥകൾ ക്രിസ് ഗ്ലോബൽ എന്ന സ്ഥാപനത്തിനും ബാധകമാണ്. എന്നാൽ യൂസർഫീ, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ പിരിച്ച തുകയുടെ കണക്കുകളും രേഖകളും നഗരസഭ ഹാജരാക്കിയില്ല.
- സ്ഥാപനങ്ങളുടെ വലിപ്പം, തരം, ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് എന്നിവ അനുസരിച്ച് യൂസർ ഫീ നിർണയിച്ചില്ല. യൂസർ ഫീ നിർണയിക്കാനുള്ള അധികാരം ശരിയായി വിനിയോഗിക്കാത്തത് നഗരസഭയുടെ ഭാഗത്തെ വീഴ്ചയാണ്.
- ക്രിസ് ഗ്ലോബൽ എന്ന സ്ഥാപനം നിയമപരമായാണോ പ്രവർത്തിക്കുന്നത് എന്നത് നഗരസഭ പരിശോധിച്ചില്ല.
- ഹരിതകർമ്മ സേന സംഭരിക്കുന്ന അജൈവമാലിന്യത്തിൽ പുനർ സംസ്കരിക്കാവുന്നവ ക്ലീൻ കേരള കമ്പനിക്ക് കൈമാറുവാനാണ് സർക്കാർ നിർ ദേശം. കമ്പനി ഇതിന് നല്കുന്ന വില ഹരിതകർമ്മസേനയുടെ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണം. ക്രിസ് ഗ്ലോബൽ തരംതിരിച്ച മാലിന്യത്തിന്റെ അളവ് വ്യക്തമാക്കുന്നതിനും, മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതിനും രേഖകളില്ല.

- മാലിന്യം സംഭരിക്കുന്നതിനും തരംതിരിക്കുന്നതിനും നഗരസഭയുടെ എംസിഎഫ് നാമമാത്ര വാടകക്ക് സ്ഥാപനത്തിന് കൈമാറിയതായി കാണുന്നു.

നഗരസഭയിലെ മാലിന്യനീക്കവുമായി ബന്ധപ്പെട്ട് സ്വകാര്യസ്ഥാപനത്തിന്റെ പ്രവർത്തനം വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

### 4. ആലപ്പുഴ നഗരസഭ

**1. റവന്യൂ പുറമ്പോക്കിൽ വികസന ഫണ്ട് ഉപയോഗിച്ച് മത്സ്യലേലഹാൾ നിർമ്മാണം**

*(ആലപ്പുഴ മുനിസിപ്പാലിറ്റി, ഓ.റി. 2020-21 ഖ.1-43)*

നഗരസഭാ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 6,29,448/- രൂപ ചെലവഴിച്ച് കാഞ്ഞിരംചിറ മത്സ്യ ലേലഹാൾ നിർമ്മാണം എന്ന പ്രോജക്ട് നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ പുറമ്പോക്കിലാണ് ലേലഹാൾ നിർമ്മാണം നടത്തിയിട്ടുള്ളത്. ലേലഹാളിൽ വെള്ളം, വൈദ്യുതി മുതലായവ ലഭ്യമായിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്ത് നഗരസഭയുടെ ഫണ്ട് ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച നടപടി ക്രമപ്രകാരമല്ലായെങ്കിലും, മത്സ്യലേലഹാളിന്റെ പ്രവർത്തനം സാധ്യമാക്കാനുള്ള നടപടികൾ പരിശോധിക്കേണ്ടതാണ്.

## അധ്യായം -3

# സർവ്വകലാശാലകളുടെ ഓഡിറ്റ് പരാമർശങ്ങൾ

### 1. കേരള കാർഷിക സർവ്വകലാശാല

1. **ഐ.സി.എ.ആർ റാങ്കിംഗ് – കാർഷികസർവ്വകലാശാല തുടർച്ചയായി പിന്നോട്ടു പോകുന്നു**

*(കാർഷിക സർവ്വകലാശാല, ഓ.റി. 2020-21, ഖ.1.3.2)*

ഭാരതത്തിലെ കാർഷിക സർവ്വകലാശാലകളുടെ ഗവേഷണ മികവ്, ഗവേഷണ ഫലങ്ങൾ, വിജ്ഞാന വ്യാപന പരിപാടികൾ, ഫാക്കൽറ്റി അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും ലഭിക്കുന്ന അംഗീകാരം, ഉൽപ്പാദനക്ഷമത, വരുമാനം വർദ്ധിപ്പിക്കൽ എന്നിവ വിലയിരുത്തി, ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) ഓരോ വർഷവും സർവ്വകലാശാലകൾക്ക് റാങ്കിംഗ് നല്കുന്ന സംവിധാനം നിലവിലുണ്ട്. സർവ്വകലാശാലകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും അവയുടെ ഉത്തരവാദിത്വങ്ങളും കഴിവുകളും വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹനം നല്കുന്നതിനും സഹായിക്കുന്ന ഐ.സി.എ.ആർ റാങ്കിംഗിൽ കേരള കാർഷിക സർവ്വകലാശാലയുടെ നിലവിലെ സ്ഥിതി പരിശോധനാവിധേയമാക്കിയതിൽ കണ്ടെത്തിയ വസ്തുതകൾ താഴെച്ചേർക്കുന്നു.

- കേരള കാർഷിക സർവ്വകലാശാലയിലൂടെ നല്കപ്പെടുന്ന കാർഷിക വിദ്യാഭ്യാസം ഭക്ഷ്യസുരക്ഷാ മേഖലയിൽ വലിയ സംഭാവന നല്കുന്നുണ്ട്. കാർഷിക വിളകളെ സാധാരണയായി ബാധിക്കുന്ന രോഗങ്ങളെക്കുറിച്ച് പഠിക്കുകയും അവശ്യാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും, കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവ് 100% ഉറപ്പാക്കുകയും ചെയ്യുകയെന്ന പ്രധാന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ഫുഡ് സെക്യൂരിറ്റി വിഭാഗം രൂപീകരിച്ചിട്ടുണ്ട്.
- ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവഹിക്കപ്പെടുമ്പോൾത്തന്നെ, ദേശീയതലത്തിൽ പ്രവർത്തനമികവ് നിലനിർത്തുന്നതിൽ സമീപ വർഷങ്ങളിൽ കേരള കാർഷികസർവ്വകലാശാലയ്ക്ക് സാധിക്കുന്നില്ല. 2016-17 ൽ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) റാങ്കിംഗിൽ 14-ാം സ്ഥാനത്ത് ആയിരുന്ന കേരള കാർഷിക സർവ്വകലാശാല 2020-21 ൽ 28-ാം സ്ഥാനത്തേക്ക് മാറി. 2002 മുതൽ 2020 വരെയുള്ള കാലഘട്ടത്തിൽ 12 ഭൗമ സൂചികപദവികൾ നേടിയ

സർവ്വകലാശാലയ്ക്ക് അതിനുശേഷം ഈ മേഖലയിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

- ടീച്ചിംഗ് റിസോഴ്സസ് & ഔട്ട്കം, ഗവേഷണം, എക്സ്റ്റൻഷൻ & ഔട്ട് റീച്ച്, പിയർ റെക്കഗ്നിഷൻ എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് സർവ്വകലാശാലയുടെ പ്രതിവർഷ റാങ്കിംഗ് നിശ്ചയിക്കുന്നത്. അക്കാദമിക്ക് - ഗവേഷണ മേഖലയിൽ സ്ഥിരം ജീവനക്കാരുടെ അഭാവം സർവ്വകലാശാല പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതും, സർവ്വകലാശാലയിലെ സ്ഥിരം ജീവനക്കാർ പുറത്തിറക്കിയ ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ കുറവ്, പേറ്റന്റ് നേടാനാകാത്തത് തുടങ്ങിയവയെല്ലാം റാങ്കിംഗിനെ ബാധിക്കുന്നു.
- അക്കാദമിക-അക്കാദമികേതര മേഖലകളിൽ മികച്ച പ്രകടനം കാഴ്ച്ചവെയ്ക്കാൻ സാധിക്കാതെ പോയതിന്റെ അടിസ്ഥാന കാരണങ്ങളിലൊന്ന് പ്രസ്തുത മേഖലകളിലെ സ്ഥിരം ജീവനക്കാരുടെ അഭാവമാണ്. സമയബന്ധിതവും യുക്തവുമായ തീരുമാനങ്ങളെടുക്കേണ്ട അക്കാദമിക - ഗവേഷണ മേഖലയിലെ ഉന്നത ഉദ്യോഗസ്ഥരെല്ലാം തന്നെ ദീർഘകാലമായി താൽക്കാലിക, ഇൻ -ചാർജ്ജ് നിയമനങ്ങളിലൂടെ തൽസ്ഥാനത്ത് തുടരുന്നവരാണ്. അടിയന്തര സ്വഭാവമുള്ള സാഹചര്യങ്ങളിൽ ഹ്രസ്വകാലത്തേയ്ക്ക് താൽക്കാലിക നിയമനങ്ങൾ നടത്തുവാൻ സ്റ്റാറ്റ്യൂട്ട് പ്രകാരം വൈസ് ചാൻസലർക്ക് അധികാരമുണ്ടെങ്കിലും, അക്കാദമിക, അക്കാദമികേതര, ഭരണ മേഖലകളിൽ സുപ്രധാന തീരുമാനങ്ങളെടുക്കുവാൻ ചുമതലപ്പെട്ട തസ്തികകളിൽ താത്ക്കാലിക, ഇൻ-ചാർജ്ജ് നിയമനങ്ങൾ നടത്തുന്നത് ഐ.സി.എ.ആർ നിർദ്ദേശങ്ങൾ, കേരള കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് എന്നിവയുടെ നിഷ്കർഷകൾക്ക് വിരുദ്ധവും സർവ്വകലാശാലയുടെ പുരോഗതിക്ക് വിഘാതവുമാണ്.

അക്കാദമിക-ഗവേഷണ മേഖലയിലെ സർവ്വകലാശാലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതോടൊപ്പം, ഇൻ–ചാർജ്ജ് നിയമനരീതി പരമാവധി ഒഴിവാക്കി കാർഷിക സർവ്വകലാശാല നിയമം, സ്റ്റാറ്റ്യൂട്ട്, യു.ജി.സി - ഐ.സി.എ.ആർ വ്യവസ്ഥകൾ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടറി തസ്തികകളിൽ നിയമനം നടത്തേണ്ടതുമാണെന്ന് അഭിപ്രായപ്പെടുന്നു.

## 2. കേരള സർവ്വകലാശാല

1. **2012-13-ൽ ഭരണാനുമതി ലഭിച്ച മറൈൻ മ്യൂസിയം നിർമ്മാണം പൂർത്തിയായില്ല - അനുവദിച്ച തുക സർവകലാശാല ഫണ്ടിൽ സൂക്ഷിക്കുന്നു - നടപടി ക്രമവിരുദ്ധം**
   *(കേരള യൂണിവേഴ്സിറ്റി, ഓ.റി.2019-20 ഖ. 3-15)*

സർവകലാശാലയുടെ 2012-13 വർഷത്തെ പ്ലാൻ പ്രൊപ്പോസൽ പ്രകാരം സമർപ്പിച്ച മറൈൻ മ്യൂസിയം എന്ന പ്രോജക്ടിന് 05.07.2012 ലെ ജി.ഒ (ആർ.റ്റി)നം.383/2012/H.Edn, 2013-14 ലെ 16.08.2013 ലെ ജി.ഒ (ആർ.റ്റി) നം.1771/2013/H.Edn എന്നീ ഉത്തരവുകൾ പ്രകാരം ഓരോ കോടി വീതം ആകെ 2 കോടി രൂപയ്ക്ക് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചു. പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി 15 ലക്ഷം രൂപ പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർക്ക് അഡ്വാൻസായി നൽകിയെങ്കിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാതിരുന്നതിനാൽ തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയ്ക്കുവേണ്ടി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിട്ടു നൽകിയ കെട്ടിടത്തോടു കൂടിയ ഭൂമി, അവകാശ തർക്കത്തെത്തുടർന്ന് ഏറ്റെടുക്കാൻ കഴിയാതെ വന്നതിനാലാണ് പദ്ധതി നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് സർവ്വകലാശാല അധികൃതർ വ്യക്തമാക്കി.

29.08.2019 ലെ സിൻഡിക്കേറ്റ് മീറ്റിംഗിൽ "Establishment of Marine Museum in the University" എന്ന പ്രോജക്ടിന്റെ ഭാഗമായി പുതിയ മ്യൂസിയം കെട്ടിടം ഡിപ്പാർട്ട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജിയുടെ എക്സ്റ്റൻഷനായി നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുത്ത് 69 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും കോവിഡ് സാഹചര്യത്തിൽ പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കരാറുകാരന് അധിക സമയം അനുവദിച്ച് നൽകിയിരിക്കുകയാണെന്നും, നാളിതുവരെ യാതൊരു തുകയും ചെലവഴിച്ചിട്ടില്ലായെന്നും സർവ്വകലാശാലാധികൃതർ വ്യക്തമാക്കി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- 2012-13, 2013-14 സാമ്പത്തിക വർഷം തുക വകയിരുത്തി ആവിഷ്കരിച്ച പദ്ധതി 9 വർഷം കഴിഞ്ഞിട്ടും നടപ്പിലായിട്ടില്ല.
- 2012-13, 2013-14 വർഷങ്ങളായി ഭരണാനുമതി ലഭിച്ച പദ്ധതി

നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഇതിനായി അനുവദിച്ച 2 കോടി രൂപ, സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതായിരുന്നു. പ്രസ്തുത തുക സർവകലാശാല ഫണ്ടിൽ നിലനിർത്തിയിരിക്കുന്ന നടപടി ക്രമപ്രകാരമല്ല.

- പ്ലാൻ ഫണ്ട് അതത് കാലയളവിൽ തന്നെ ചെലവഴിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.
- പദ്ധതി നടപ്പാക്കാതെ പ്രസ്തുത തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേകാനുമതി വാങ്ങുകയോ പുതിയ പദ്ധതി ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.
- സർക്കാർ അനുമതി ഇല്ലാതെ പദ്ധതിപ്പണം സ്ഥാപനത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

### അദ്ധ്യായം -4

# ഇതര സ്ഥാപനങ്ങളുടെ ഓഡിറ്റ് പരാമർശങ്ങൾ

## 1. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം

1. **2.5 കോടി രൂപയിലധികം മുഖവിലയുള്ള വിജ്ഞാനകോശം വാല്യങ്ങൾ വിറ്റഴിക്കാൻ അവശേഷിക്കുന്നു**

   *(എസ്.ഐ.ഇ.പി ഓ.റി.2020-21 ഖ.2.4)*

2020-21 വരെയുള്ള പ്രവർത്തനകാലയളവിൽ സർവവിജ്ഞാനകോശം-17 വാല്യങ്ങൾ, വിശ്വസാഹിത്യ വിജ്ഞാനകോശം-10 വാല്യങ്ങൾ, ഏകവിഷയ വിജ്ഞാനകോശം വാല്യം-3 എണ്ണം, വാർഷിക വിജ്ഞാനകോശം-1 എണ്ണം, റഫറൻസ് ഗ്രന്ഥം-1 എണ്ണം എന്നിവ സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 31.03.2021 ലെ കണക്ക് പ്രകാരം 2,52,50,760/- രൂപ മുഖവിലയുള്ള വാല്യങ്ങൾ വിറ്റഴിക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം -10 ആയി ചേർക്കുന്നു.

ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന, വിറ്റഴിക്കാൻ അവശേഷിക്കുന്ന വിജ്ഞാനകോശം വാല്യങ്ങളുടെ കോപ്പികൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.



(വിജ്ഞാനകോശം വാല്യങ്ങൾ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നു)

ആവശ്യകത, വിപണനസാധ്യത, സംഭരണശേഷി എന്നിവ വിലയിരുത്താതെ വിജ്ഞാനകോശം വാല്യങ്ങളുടെ കോപ്പികൾ അധികമായി അച്ചടിച്ചതിനാലാണ് അവ പൂർണമായും വിറ്റഴിക്കാനാകാത്ത സ്ഥിതി ഉണ്ടായത്.

**2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം**

1. **ബിൽഡിംഗ് മെറ്റീരിയൽ ടെസ്റ്റിംഗ് ലാബ് ഉപയോഗശൂന്യമായി നശിക്കുന്നു – 12,54,938/-രൂപ പാഴ് ചെലവ്**

   *(കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2015–16, 2016-17 സാമ്പത്തിക വർഷങ്ങളിലെ വരവ് - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് റീജിയണൽ കേന്ദ്രം - മുട്ടം ഖണ്ഡിക-3)*

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ റീജിയണൽ സെന്ററിനോട് ചേർന്നു പ്രവർത്തിക്കുന്ന പ്രൊഡക്ഷൻ സെന്ററിൽ നിർമ്മിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 18 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഒരു ബിൽഡിംഗ് മെറ്റീരിയൽ ടെസ്റ്റിംഗ് ലാബ് നിർമ്മിക്കുന്നതിന് 23.01.2012 ൽ ആസ്ഥാന ഓഫീസിൽ നിന്നും അനുമതി നൽകി. പൊതു ജനങ്ങൾക്ക് പണമടച്ച് ഇതിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. 2012-13 വർഷത്തിൽ നിർമ്മാണം ആരംഭിക്കുകയും 2014-ൽ പൂർത്തികരിക്കുകയും ചെയ്ത പ്രസ്തുത ലാബിന്റെ നിർമ്മാണ ചെലവ് 12,54,938/-രൂപ (കെട്ടിട നിർമ്മാണം ₹10,06,185/-, യന്ത്രസാമഗ്രികളുടെ വാങ്ങൽ ₹2,48,753/-) യാണ്.

എന്നാൽ പ്രൊഡക്ഷൻ സെന്ററിന്റെ പ്രവർത്തനം നിലച്ചതോടെ 2018 ഒക്ടോബർ മുതൽ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിച്ചു. ടെസ്റ്റിംഗ് ലാബിനായി നിർമ്മിച്ച കെട്ടിടവും യന്ത്രസാമഗ്രികളും നശിച്ചു തുടങ്ങിയിരിക്കുന്നു. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തിയും യന്ത്രസാമഗ്രികൾ പ്രവർത്തനക്ഷമമാക്കിയും ലാബിന്റെ പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്.

## ഭാഗം - 2

### അധ്യായം -1

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - പൊതുപരാമർശം

**1.ടേക്ക് എ ബ്രേക്ക് പദ്ധതി**

സ.ഉ (കൈ) നം.39/2020 തസ്വഭവ തീയതി 20.02.2020, സ.ഉ (കൈ) നം.45/2020 തസ്വഭവ തീയതി 06.03.2020 എന്നിവ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും, പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാവുന്ന തരത്തിൽ, ദേശീയ സംസ്ഥാന പാതയോരങ്ങളിലും പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി സ.ഉ (സാധാ) നം.1401/2020 തസ്വഭവ തീയതി 27.07.2020 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ഉപപ്രദമാകുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച 'ടേക്ക് എ ബ്രേക്ക്' പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിൽ ഒട്ടേറെ മികച്ച മാതൃകകൾ നിലവിലുള്ളപ്പോൾ തന്നെ പദ്ധതി വിഹിതം വിനിയോഗിച്ച് ചില തദ്ദേശസ്ഥാപനങ്ങളിൽ നിർമ്മിച്ച സംവിധാനങ്ങൾ തുടർ പരിപാലന സംവിധാനത്തിന്റെ അഭാവം ഉൾപ്പെടെയുള്ള കാരണങ്ങളാൽ ചുരുങ്ങിയ കാലയളവിനുള്ളിൽ ഉപയോഗശൂന്യമാകുന്ന അവസ്ഥയിലാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

1. **വിളപ്പിൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)**

   *(ഓ.റി. 2020-21 ഖ. 1.57)*

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണദ്യോഗസ്ഥനായി 10,00,000/- രൂപ ചെലവഴിച്ച് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നവീകരിച്ച വിളപ്പിൽശാല മാർക്കറ്റിലെ കക്കൂസുകൾ ഉപയോഗിക്കാൻ സാധിക്കാത്ത വിധം പ്രവർത്തനരഹിതമാണ്. വൈദ്യുതിയും ജലസംഭരത്തിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടും ചുരുങ്ങിയ കാലയളവിൽ തന്നെ ഉപയോഗ്യശൂന്യമായതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും

മറുപടി ലഭ്യമാക്കിയില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളുടെ അതീവ ഗുരുതര മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- പദ്ധതി പൂർത്തീകരിച്ചതിനുശേഷം തുടർനടത്തിപ്പിന് ആരേയും ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ലക്ഷ്യം കൈവരിക്കാതെ പാഴ്ച്ചെലവായി പരിണമിച്ചു.



**2. കരുംകുളം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)**

*(ഓ.റി. 2021-22 ഖ. 1.40)*

പുല്ലുവിള എന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന പൊതു ടോയ്‌ലെറ്റ് ശുചിത്വമിഷന്റെ സഹായത്തോടെ നവീകരിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതി പ്രകാരം ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം 13.08.2021 ൽ പൂർത്തീകരിക്കുകയും, 27.11.2021 ലെ ഭരണസമിതിയോഗം 8 (22) തീരുമാനത്തിലൂടെ പ്രവർത്തന ചുമതല നിധി കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിക്കുകയും ചെയ്തുവെങ്കിലും, ടേക്ക് എ ബ്രേക്ക് ഇതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ഇതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/15.12.2022), നിധി കുടുംബശ്രീ യൂണിറ്റ് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുമായി 01.02.2022 തീയതിയിൽ കരാറിലേർപ്പെട്ടിട്ടുള്ളതായും, ടേക്ക് എ ബ്രേക്ക് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലി തർക്കം നിലനിൽക്കുന്നതിനാൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്നും സി.ഡി.എസ്. ചെയർപേഴ്സൺ മറുപടി നൽകി. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിലവിലുണ്ടായിരുന്ന ടോയ്‌ലെറ്റ് കോംപ്ലക്സ് നവീകരിച്ച് ടേക്ക് എ ബ്രേക്ക്

പദ്ധതിക്കായി ഒരുക്കുന്നതിലേക്ക് മാത്രമായി തൻവർഷം ഗ്രാമപഞ്ചായത്ത് 29,60,353/- രൂപ ചെലവു ചെയ്തിട്ടുണ്ട്.

- സർക്കാർ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി നൽകുന്ന പണം ഫലപ്രദമായി ഉപയോഗിക്കാതെ, പാഴ്ച്ചെലവാക്കുന്നത് ഗുരുതരമായ ഉപേക്ഷയും ധനവിനിയോഗത്തിലെ പാളിച്ചയുമായി വിലയിരുത്തുന്നു.

**3. കടമ്പനാട് ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി. 2021-22 ഖ. 1.26)*

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം മുടിപ്പുര മാർക്കറ്റിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2,57,708/- രൂപ ചെലവഴിച്ച് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിച്ചിരുന്നു. ഇതിലേയ്ക്ക് വാട്ടർ കണക്ഷൻ എടുക്കുകയോ, നടത്തിപ്പിനുള്ള സംവിധാനം നാളിതുവരെ ഏർപ്പെടുത്തുകയോ ചെയ്തിരുന്നില്ല. സ്ഥല പരിശോധനയിൽ, പൂട്ടിയിട്ടിരുന്ന ടോയ്‌ലറ്റുകളുടെ വാതിലുകൾ തകർന്നതായും അകത്തേയ്ക്ക് പ്രവേശിക്കുവാൻ പോലും കഴിയാത്തവിധം വൃത്തിഹീനവുമായി കാണപ്പെട്ടു. മുടിപ്പുരയിൽ നിലവിൽ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല.




- വൃത്തിയും, ശുചിത്വവും, സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികളും, 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും, യാത്രക്കാർക്കും ഉപയോഗിക്കാൻ പാകത്തിന് പാതയോരങ്ങൾ, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കാനുള്ള

ഉപാധിയായി മാത്രം കണക്കാക്കിയതിനാലാണ് ഇപ്രകാരം ഫണ്ടിന്റെ പാഴ് ചെലവുണ്ടായത്.

**4. കടമ്പനാട് ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി. 2020-21 ഖ. 1.29)*

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ പദ്ധതി സ്പിൽ ഓവറായി 2021-22 വർഷം (176/22) 10.02.2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കടമ്പനാട് ജംഗ്ഷനിലുള്ള ഗോവിന്ദരാമപുരം മാർക്കറ്റിലാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റും ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ ആകെ 86,646/-രൂപ ചെലവഴിച്ച് വഴിയോര വിശ്രമകേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. ടോയ്‌ലറ്റ് കോംപ്ലക്സിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. നാളിതുവരെ വാട്ടർ കണക്ഷൻ ലഭ്യമാക്കുകയോ, നടത്തിപ്പിനുള്ള സംവിധാനം ഏർപ്പെടുത്തുകയോ, പൊതുജനങ്ങളുടെ ഉപയോഗത്തിന് തുറന്നുകൊടുക്കുകയോ ചെയ്തിട്ടില്ല.

- സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ടേക്ക് എ ബ്രേക്ക് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5. മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി.2021-22 ഖ. 1.16)*

മുൻവർഷം ടേക്ക്-എ-ബ്രേക്ക് പദ്ധതിയിൽപ്പെടുത്തി ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് നിർമ്മിച്ച ടോയ്‌ലറ്റ് കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങൾക്കായി 2020-21 ൽ പദ്ധതി അംഗീകാരം വാങ്ങി, സ്പിൽ ഓവറായി 6.3.2022 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 178574 ആണ്. വിശ്രമകേന്ദ്രം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയെങ്കിലും നാളിതുവരെ ആയതിന്റെ നടത്തിപ്പിന് സംവിധാനം ക്രമീകരിക്കുകയോ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയോ ചെയ്തിട്ടില്ല.

- പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമാകുന്ന വിശ്രമകേന്ദ്രം ഉപയോഗപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താത്തത് അഭിലഷണീയമല്ല. പരിഹാര നടപടി ഉണ്ടാകേണ്ടതാണ്.

**6. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി. 2021-22 ഖ. 1.22)*

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തോലൂഴം മാർക്കറ്റിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം 2021-22 ൽ

9,86,881/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്‌ലറ്റ് കോംപ്ലക്സിന് വൈദ്യുതി കണക്ഷനും, വാട്ടർ കണക്ഷനും ലഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പൊതുജനങ്ങളുടെ ഉപയോഗത്തിന് തുറന്നുകൊടുത്തിട്ടില്ല.

- ടേക്ക് എ ബ്രേക്ക് നടത്തിപ്പിനുള്ള സംവിധാനം ഏർപ്പെടുത്തി വഴിയിട വിശ്രമകേന്ദ്രം പൊതുജനങ്ങളുടെ ഉപയോഗത്തിനായി ലഭ്യമാക്കേണ്ടതാണ്.

**7. കോന്നി ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓറി. 2021-22 ഖ.1.26)*

ടേക്ക് എ ബ്രേക്ക് (വഴിയിടം) പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് നാരായണപുരം മാർക്കറ്റ്, പഞ്ചായത്ത് ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലെ ടോയ്‌ലറ്റ് കോംപ്ലക്സുകൾ 2021-22 വർഷത്തിൽ യഥാക്രമം 2,97,560/- രൂപ, 4,52,371/- രൂപ വീതം യഥാക്രമം ചെലവഴിച്ച് നവീകരിച്ചെങ്കിലും, ഒരു വർഷം കഴിഞ്ഞിട്ടും പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല.

- സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് ടോയ്‌ലറ്റ് കോംപ്ലക്സുകൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കേണ്ടതാണ്.

**8. കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി. 2021-22 ഖ.1.20)*

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ 3,61,875/- രൂപ ചെലവഴിച്ച് ചുങ്കപ്പാറ ബസ് സ്റ്റാന്റിൽ നിർമ്മിച്ച 'ടേക്ക്-എ-ബ്രേക്ക്' കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയിലാണ്. ശൗചാലയത്തിൽ വെള്ളം, വൈദ്യുതി എന്നിവയുള്ള കണക്ഷനും ഏർപ്പെടുത്തിയിട്ടില്ല. ശൗചാലയത്തിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള 'നാപ്കിൻ ഡിസ്ട്രോയർ' കറന്റ് കണക്ഷൻ ഇല്ലാത്തതിനാൽ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല. സെപ്റ്റിക് ടാങ്കിന്റെ കേടുപാടുകൾ പരിഹരിക്കുന്നതാണെന്നും വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി 2022-23 സാമ്പത്തിക വർഷം ഉൾപ്പെടുത്തുന്നതാണെന്നും പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

- ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതോടൊപ്പം പരിപാലനച്ചുമതല ഏർപ്പെടുത്തി കെട്ടിടം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ തുറന്നു കൊടുത്തുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം ഫലപ്രദമാക്കേണ്ടതാണ്.

**9. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ. റി. 2021-22 ഖ.1.22)*

ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണത്തിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 28.10.2021 ൽ ടെണ്ടർ ക്ഷണിക്കുകയും, പദ്ധതിയുടെ പൂർത്തീകരണ കാലാവധി 5 മാസമായി നിജപ്പെടുത്തുകയും ചെയ്തിരുന്നു. പമ്പാ ജലസേചന പദ്ധതിയുടെ ഭാഗമായ തുണ്ടഴം PIP കനാലിനോടു ചേർന്നുള്ള സ്ഥലത്ത് പദ്ധതി പ്രകാരമുള്ള കെട്ടിടം നിർമ്മിക്കുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചതിനെ തുടർന്ന് 8,15,941/- രൂപയുടെ ഇ-ടെണ്ടർ 11.11.2021 ൽ അംഗീകരിച്ച് കരാറിൽ ഏർപ്പെടുകയും ചെയ്തു. പദ്ധതിയുടെ എം ബുക്ക് പരിശോധിച്ചതിൽ നാളിതുവരെ 2.76 ലക്ഷം രൂപയുടെ മാത്രം പാർട്ട് ബിൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം എസ്റ്റിമേറ്റിൽ അധിക പ്രവൃത്തികൾ ഉൾപ്പെടുത്താനായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല.

- പാതിവഴിയിൽ നിലച്ചുപോയ പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**10. കൊറ്റനാട് ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി. 2021-22 ഖ. 1.26)*

നിലവിലുള്ള പൊതുശൗചിമുറികളിൽ ഉപയോഗശൂന്യമായിട്ടുള്ളതോ പുനർ നിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ മഠത്തുംചാൽ പി.എച്ച്.സി. കോമ്പൗണ്ടിൽ 2020-21 സാമ്പത്തിക വർഷം 3,59,668 രൂപ ചെലവഴിച്ച് 157 ച.അടിയിൽ ടേക്ക് എ ബ്രേക്ക് (വഴിയിടം) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. ഒരു വർഷമായിട്ടും പദ്ധതി പ്രയോജനപ്പെടുത്താത്തിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ, വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാലാണ് ശൗചാലയം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാഞ്ഞതെന്നും വൈദ്യുതി കണക്ഷൻ പൂർത്തിയാക്കി കെട്ടിടം അടിയന്തിരമായി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

- പദ്ധതി ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നതിൽ ഉണ്ടായ പരിമിതി മറികടക്കേണ്ടതാണ്.

**11. വള്ളിക്കോട് ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി. 2021-22 ഖ.1.17)*

ചന്ദനപ്പള്ളി - കോന്നി റോഡിൽ ആമ്പൽപ്പൂഞ്ചിറയിൽ പഞ്ചായത്ത് സ്ഥാപിച്ച മിനിപാർക്കിലാണ് ടോയ്‌ലറ്റ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 1.8.2022 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം ജി.എസ്.റ്റി ഉൾപ്പെടെ 866506 രൂപയാണ്. അനുബന്ധ സൗകര്യങ്ങൾ സഹിതം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം ഇപ്പോഴും പൂട്ടിക്കിടക്കുന്ന സ്ഥിതിയിലാണ്.

- നാളിതുവരെ യാഥാർത്ഥ്യമാക്കാനാകാത്ത മിനിപാർക്കിനോടനുബന്ധിച്ച് ടോയ്‌ലറ്റ് കെട്ടിടം പണിതതിനാലാണ് ഉപയോഗമില്ലാതെ നിഷ്ക്രിയ ആസ്തിയായി മാറിയത് എന്ന് വിലയിരുത്തുന്നു.

**12. പുറമറ്റം ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)**

*(ഓ.റി. 2021-22 ഖ.1.20)*

ഓഡിറ്റ് വർഷം 5,00,000/- രൂപ അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ടോയ്‌ലറ്റ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. കെട്ടിട നിർമ്മാണത്തിന് 4,44,331/- രൂപയും വൈദ്യുതീകരണത്തിന് 33,194/- രൂപയും ചെലവഴിച്ചു. നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കെട്ടിടം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാതെ പൂട്ടിയിട്ട നിലയിലാണ്.

- കെട്ടിടം പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**13. പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)**

*(ഓ.റി. 2021-22 ഖ. 1.26)*

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പടിയൂർ ടൗണിൽ 11,93,029 രൂപ ചെലവഴിച്ച് പൊതു ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കിയെങ്കിലും, സർക്കാർ ഉദ്ദേശിച്ച തരത്തിൽ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൊതുശൗചാലയം തുറന്ന് കൊടുക്കുകയോ, പരിപാലന ചുമതല കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകുകയോ ചെയ്തിട്ടില്ല.

- പരിപാലനത്തിന് ക്രമീകരണം ഏർപ്പെടുത്തി പൊതുശൗചാലയം പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കേണ്ടതാണ്.

**2. ഖരമാലിന്യ പരിപാലനം – എംസിഎഫ് സംവിധാനമൊരുക്കൽ**

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ മാലിന്യം കുറവ് ചെയ്യൽ, പുനരുപയോഗിക്കൽ, പുന:ചംക്രമണം ചെയ്യൽ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് മനുഷ്യ ആരോഗ്യം, പരിസ്ഥിതി എന്നിവയിന്മേലുള്ള ഖരമാലിന്യത്തിന്റെ ആഘാതം കുറയ്ക്കുക എന്ന ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ സ്രോതസ്സിൽത്തന്നെ വേർതിരിച്ച് പ്രത്യേക സംഭരണികളിൽ ശേഖരിച്ച് പുന:ചംക്രമണം നടത്താവുന്ന മാലിന്യങ്ങൾ മാലിന്യം ശേഖരിക്കുന്നവർക്കോ പുന:ചംക്രമണം നടത്തുന്നവർക്കോ കൈമാറേണ്ടതും, ജൈവമാലിന്യങ്ങൾ കഴിയുന്നിടത്തോളം കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ തുടങ്ങിയ വിവിധ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ സംസ്കരിക്കേണ്ടതും, ശേഷിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന മാലിന്യ ശേഖരണം നടത്തുന്നവർക്ക് കൈമാറേണ്ടതുമാണ്. ഇതിനായി മാലിന്യ ശേഖരണം നടത്തുന്നവർക്ക് റീസൈക്കിൾ ചെയ്യാവുന്ന പേപ്പർ, പ്ലാസ്റ്റിക്, ലോഹം, തുണി തുടങ്ങിയവ എളുപ്പത്തിൽ ശേഖരിക്കാവുന്ന വിധത്തിൽ, വേർതിരിക്കുന്നതിനായി മതിയായ സ്ഥല സൗകര്യത്തോടുകൂടിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയോ, സെക്കന്ററി സംഭരണ സംവിധാനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

2018-19 വർഷം മുതലുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.11/2018/തസ്വഭവ/29.01.18, ഖ.7 നിർദ്ദേശമനുസരിച്ച്, ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന: ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 15.7.2017 ലെ സ.ഉ (സാധാ) നം. 2420/2017/ തസ്വഭവ ഉത്തരവിൽ, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാകുന്നതിന് പൊതുസമീപനം നിർദ്ദേശിച്ചിട്ടുണ്ട്. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾക്ക് അനുസൃതമായി സംസ്ഥാന സർക്കാർ മാതൃക ഉപനിയമാവലി അംഗീകരിച്ച്

പുറപ്പെടുവിച്ച സ.ഉ (കൈ) നം.85/2022/എൽ എസ് ജി ഡി തീയതി - 19.04.2022 ഉത്തരവിൽ, വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം, സംസ്കരണം, പുന:ചംക്രമണം, വിപണനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകളെകുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

അജൈവമാലിന്യ ശേഖരണം/പരിപാലനവുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണാർത്ഥത്തിൽ ഫലപ്രദമാകുന്നില്ല. എം സി എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) പദ്ധതികളിൽ ചിലതിൽ നിരീക്ഷിച്ച പരിമിതികളും അപാകതകളും ചുവടെ ചേർക്കുന്നു.

**1. എല്ലാ വാർഡുകളിലും മിനി എംസിഎഫ് സ്ഥാപിച്ചില്ല**

നാവായിക്കുളം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

*(ഓ.റി 2021-22 ഖ.1.46)*

പഞ്ചായത്തിലെ 22 വാർഡുകളിലും മിനി എംസിഎഫ് സ്ഥാപിക്കുന്നതിനായി 15,18,000/- രൂപ വകയിരുത്തി 2020-21 ൽ പ്രോജക്റ്റ് രൂപീകരിച്ചു. NREGS പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും മിനി എംസിഎഫ് നിർമ്മാണം നടന്നുവരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം, 28-ാം മൈൽ മാർക്കറ്റിൽ മാത്രമായി മിനി എംസിഎഫ് നിർമ്മിക്കുന്നതിനായി പ്രോജക്റ്റ് റിവൈസ് ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം 4,55,400/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ മറ്റ് വാർഡുകളിൽ ഒന്നും തന്നെ മിനി എംസിഎഫ് സ്ഥാപിച്ചിട്ടില്ല.

സ്ഥലപരിശോധന നടത്തിയതിൽ എല്ലാ വാർഡുകളിലെയും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് 28-ാം മൈൽ മാർക്കറ്റിൽ മാത്രമായി നിർമ്മിച്ചിട്ടുള്ള മിനി എം സി എഫിലും, സ്ഥലപരിമിതി മൂലം മാർക്കറ്റിനുള്ളിൽ തന്നെ പല സ്ഥലങ്ങളിലും ചാക്കുകെട്ടുകളിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു.





28-ാം മൈൽ മാർക്കറ്റിൽ അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട നിലയിൽ

2. **എം.സി.എഫ് നിർമ്മിക്കുന്നതിന് വസ്തു വാങ്ങിയത് – റോഡ് സൗകര്യം ലഭ്യമല്ല**

കരകുളം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

*(ഓ.റി 2021-22 ഖ.1.17)*

പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി എം.സി.എഫ് നിർമ്മിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 15,58,042/-രൂപ വിനിയോഗിച്ച് 10 സെന്റ് ഭൂമി വാങ്ങിയിട്ടുണ്ട്. റോഡ് സൗകര്യം ഉള്ള പ്രദേശത്ത് വസ്തു വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും, നിലവിൽ വാങ്ങിയിട്ടുള്ള വസ്തുവിൽ റോഡ് സൗകര്യം ഇല്ല. വസ്തുവിന്റെ ഒരു വശത്ത് തോട് ആയതിനാലും റോഡ് നിരപ്പിൽ നിന്നും 3.5 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാലും 3.5 മീറ്റർ വീതിയിൽ റാമ്പിനു വേണ്ടി മണ്ണ് നീക്കം ചെയ്തശേഷം പാലം നിർമ്മിച്ചാൽ മാത്രമെ എംസിഎഫ് നിർമ്മാണം സാധ്യമാകുകയുള്ളു എന്നും അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി സെക്ഷൻ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൗകര്യമുള്ള സ്ഥലം ലഭ്യമാകാത്തതിനാലാണ് ലഭ്യമായ സ്ഥലം തെരഞ്ഞെടുത്തതെന്നും മണ്ണ് നീക്കി പാലം നിർമ്മിക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ കാലതാമസവും അധികച്ചെലവും കൂടാതെ ലക്ഷ്യം കൈവരിക്കുന്നതിനായി, അനുകൂലമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിന് വർക്കിംഗ് കമ്മിറ്റിയും ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ജാഗ്രത പുലർത്തേണ്ടതാണ്.

**3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ – പ്രവർത്തനം ആരംഭിച്ചിട്ടില്ല**

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് (ആലപ്പുഴ ജില്ല)

*(ഓ.റി 2021-22 ഖ.1.14)*

ബ്ലോക്ക് പഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിലേക്ക് 2018-19 വർഷം പദ്ധതി ആരംഭിച്ചുവെങ്കിലും നിലവിലും കെട്ടിടം പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ഷ്രഡ്ഡിംഗ് മെഷീന്റെയും ബെയിലിംഗ് മെഷീന്റെയും സ്ഥാപനം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ പദ്ധതിക്ക് 14,62,967/- രൂപ സ്വച്ച് ഭാരത് മിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ച് കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ വിവിധ പ്രവർത്തനങ്ങളുടെ നിർവഹണോദ്യോഗസ്ഥരായി, 2018-19 വർഷം മുതൽ നാളിതുവരെ പദ്ധതിക്കായി 35.58 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും ഇതേ വരെ ലക്ഷ്യം പൂർത്തീകരിച്ചില്ല.

സ്ഥലപരിശോധന നടത്തിയതിൽ, നിർമ്മിച്ച രണ്ട് കെട്ടിടങ്ങൾക്കും ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ലാത്തതും, പ്രദേശമാകെ കാട്ടുമൂടിയ അവസ്ഥയിലുമാണെന്ന് ബോദ്ധ്യപ്പെട്ടു. ബയ്ലിംഗ് മെഷീൻ, ഷ്രെഡ്ഡിംഗ് മെഷീൻ എന്നിവക്കായി 2018-19, 2020-21 വർഷങ്ങളിൽ തുക ചെലവഴിച്ചെങ്കിലും ആയവ സ്ഥാപിച്ചിട്ടില്ലാത്തതാണ്. സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഇടപെടൽ അനിവാര്യമാണ്.



**4. മാലിന്യശേഖരണത്തിനായി സ്ഥാപിച്ച വാർഡുതല മെറ്റീരിയൽ ഫെസിലിറ്റി സെന്റർ – ലക്ഷ്യം കൈവരിച്ചില്ല**

ചേർപ്പ് ഗ്രാമ പഞ്ചായത്ത്, (തൃശ്ശൂർ ജില്ല)

*(ഓ.റി 2020-21, ഖ.1.45)*

മാലിന്യ സംസ്കരണ നിർമ്മാർജന പ്രവർത്തനങ്ങൾക്കായി 2019-20, 2020-21 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് സ്പിൽ ഓവറായി പൂർത്തിയാക്കിയ വാർഡുതല മെറ്റീരിയൽ ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ പദ്ധതിക്ക് 14,03,264/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ, മാലിന്യക്കൂമ്പാരം സംഭരിച്ച് വെച്ചിരിക്കുന്ന നിലയിൽ, സ്ഥാപിക്കപ്പെട്ട മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ ഉപയോഗശൂന്യമായ അവസ്ഥയിലാണ് കാണപ്പെട്ടത്. ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിന് മികച്ച സൗകര്യത്തോടു കൂടിയ എംസിഎഫ് ഇല്ലാത്തത് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം വെവ്വേറെ തരംതിരിച്ച് സൂക്ഷിക്കുന്നതിനു പര്യാപ്തമായ വിധത്തിലല്ല പഞ്ചായത്തിൽ നിർമ്മിച്ച എം.സി.എഫുകൾ കാണപ്പെട്ടത്.

# ഭാഗം 3

## അദ്ധ്യായം-1
## ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വേളയിൽ കണ്ടെത്തി ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങളിന്മേൽ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് സത്വര നടപടി സ്വീകരിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങൾക്ക് ഗുണപരമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്, അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

**1. തിരുവനന്തപുരം നഗരസഭ**

**1. സ്ഥിരനിക്ഷേപങ്ങളിന്മേലുള്ള പലിശയിൽ നിന്നും തെറ്റായി TDS കുറവ് ചെയ്ത തുക തിരികെ ലഭിക്കാൻ നടപടിയായി.**

*(ഓ.റി.2019-20, ഖ.1.11.1)*

നഗരസഭയുടെ ഉടമസ്ഥതയിലുള്ള SBI, വികാസ് ഭവൻ ബ്രാഞ്ചിൽ 37462822046, 67131919518 എന്നീ രണ്ട് സ്ഥിര നിക്ഷേപങ്ങൾക്ക് ലഭിച്ചിരുന്ന പലിശയിൽ നിന്നും ടി.ഡി.എസ് (ആദായനികുതി) ഈടാക്കിയതുവഴി നഗരസഭയ്ക്ക് നഷ്ടം ഉണ്ടായി

ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ നടത്തിയ തുടർ നടപടികളെ തുടർന്ന് 2020-21 ൽ ബാങ്ക് TDS ഇനത്തിൽ ഈടാക്കിയ 10,58,239/- രൂപ 03.01.2022 ന് നഗരസഭയുടെ തനത് അക്കൗണ്ടിലേയ്ക്ക് റീഫണ്ട് ചെയ്യുകയും ഭാവിയിൽ സ്ഥിരനിക്ഷേപങ്ങളിൽ മേൽ TDS ഈടാക്കാതിരിക്കുന്നതിനുള്ള നടപടികളും ബാങ്ക് സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**2. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ചെക്കുകൾ പണമാക്കി**

*(ഓ.റി.2019-20, ഖ.1.11.2)*

നഗരസഭയുടെ മെയിൻ ഓഫീസിലും വിവിധ സോണൽ കാര്യാലയങ്ങളിലുമായി 81,63,397.00/- രൂപയുടെ പണമാകാത്ത ചെക്കുകളുടെ വിശദാംശങ്ങൾ നൽകിയതിനെ തുടർന്ന് 5,47,709/- രൂപയുടെ ചെക്കുകൾ പണമാക്കിയിട്ടുണ്ട്.

**3. അക്കൗണ്ട് മാറി ക്രെഡിറ്റ് ചെയ്ത പാർക്കിംഗ് ഫീ – 27,600/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ബാങ്ക് തിരികെ നൽകി.**

*(ഓ.റി.2019-20, ഖ.1.11.3)*

17.06.2019-ൽ ട്രാഫിക് നോർത്തിൽ നിന്നും 4 Wheeler Parking-ന്റെ 10/- രൂപ മുഖവിലയുള്ള രസീതുകളും Two Wheeler Parking-ന്റെ 2/- രൂപ വിലയുള്ള രസീതുകളും ഉപയോഗിച്ച് പിരിച്ച 27,600/-രൂപ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് ബാങ്ക്

അക്കൗണ്ടിൽ ഒടുക്ക് വരുത്തിയതായ പേയ് ഇൻ സ്ലിപ്പ് കളക്ഷൻ രജിസ്റ്ററിൽ ഒട്ടിച്ചിട്ടുണ്ടെങ്കിലും തുക ബാങ്കിൽ വരവ് വന്നിട്ടില്ല. പ്രസ്തുത വിഷയം ഓഡിറ്റ് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി ക്ലറിക്കൽ എറർ മൂലം മറ്റൊരു അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തിരുന്ന തുക ബാങ്കിൽ നിന്നും നഗരസഭാ അക്കൗണ്ടിലേക്ക് (Ac.No67342766070)തിരികെ 09.02.2022 ൽ ക്രെഡിറ്റ് ചെയ്തു.

**4. ബാങ്ക് ചാർജ്ജിനത്തിൽ കുറവ് ചെയ്ത 2,75,664/- രൂപ തിരികെ ലഭിച്ചു**

*(ഓ.റി.2019-20, ഖ.1.11.4)*

നഗരസഭയുടെ തനത് വരവ് നിക്ഷേപിക്കുന്ന SBI സേവിംഗ്സ് അക്കൗണ്ട് (No. 67041351385) കറണ്ട് അക്കൗണ്ട് (No. 57044087376), എന്നിവയിൽ നിന്നും ചെക്ക് ബൗൺസ് ചെയ്യുന്ന അവസരത്തിലും ക്യാഷ് ഹാൻഡ്ലിംഗ് ചാർജ്ജ് ആയും ബാങ്ക് തുക ഈടാക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തനത് വരുമാനത്തിൽ നിന്നും നഗരസഭ അറിയാതെയാണ് ബാങ്ക് പ്രസ്തുത തുക ഈടാക്കിവന്നിരുന്നത്. ഓഡിറ്റ് ഈ വിവരം നഗരസഭയെ അറിയിച്ചതിനെ തുടർന്ന് നഗരസഭ ബാങ്കിന് കത്ത് നൽകുകയും, ബാങ്ക് ബാങ്ക് ചാർജ്ജ് ഇനത്തിൽ കുറവ് ചെയ്ത 2,75,664/- രൂപ (സേവിംഗ്സ് അക്കൗണ്ട് - 54944.68/- രൂപ, കറണ്ട് അക്കൗണ്ട് - 220720.21/- രൂപ) അതത് അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തു. നിലവിൽ ബാങ്ക് പ്രസ്തുത അക്കൗണ്ടുകളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നില്ല.

**5. Government e Market Place (GeM) മുഖേന വാങ്ങൽ നടത്താത്തതിനാൽ 61,665/- രൂപയുടെ അധിക ചെലവ് ഉണ്ടായി- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി.**

*(ഓ.റി.2019-20, ഖ.1.11.5)*

വള്ളക്കടവ് സിദ്ധ ഹോസ്പിറ്റലിൽ ARTCO യിൽ നിന്നും 9,99,965/- രൂപ ചെലവഴിച്ച് ആശുപത്രിയ്ക്കാവശ്യമായ ഫർണിച്ചറുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ LG TV (43" Smart TV Full HD), LG LED TV (32" Full HD), LG Fridge (45 l), Lenova Compi Intel core I3-9100 എന്നീ ഉപകരണങ്ങൾ GeM മുഖേന വാങ്ങുന്നതിനേക്കാൾ 61,665/- രൂപ കൂടുതൽ നൽകി ARTCO യിൽ നിന്നും വാങ്ങി.

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നിർവഹണോദ്യോഗസ്ഥൻ ARTCO യിൽ നിന്നും തുക തിരികെ ഈടാക്കി "3604-00-911-99-ROP" എന്ന അക്കൗണ്ട് ഹെഡിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

**6. രസീത് പിരിവ് ഒടുക്കാത്ത 7,925/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന പലിശ സഹിതം അടവാക്കി.**

*(ഓ.റി.2019-20, ഖ.1.11.6)*

കടകംപള്ളി സോണൽ കാര്യാലയത്തിൽ രസീത് ഉപയോഗിച്ച് പിരിച്ച 7925/- രൂപ ബാങ്കിൽ ഒടുക്ക വരുത്താത്തതിനെ തുടർന്ന് നൽകിയ ഓഡിറ്റ് നർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പിഴ പലിശ സഹിതം ആകെ 11,833/- രൂപ (7925+3908) 20.09.2021 ൽ നഗരസഭ ഫണ്ടിൽ ഒടുക്കുവരുത്തി.

**7. ഓഡിറ്റ് ഇടപെടലിനെ തുടർന്ന് മരുന്ന് ലഭ്യമായി**

*(ഓ.റി.2019-20, ഖ.1.11.7)*

1/2020, 7/2020 എന്നീ പ്രോജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി ആകെ 28,00,000/- രൂപ 16.1.2020 ന് ഹോംകോയ്ക്ക് നല്കിയെങ്കിലും പ്രോജക്ട് കാലയളവ് (മാർച്ച് 2020) അവസാനിച്ചതിനുശേഷവും മരുന്നുകൾ ലഭ്യമാക്കിയിരുന്നില്ല. ഈ വിഷയം 23.12.2020 ന് നഗരസഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് മെഡിക്കൽ ഓഫീസർ, DMO മുഖാന്തിരം പരാതി നല്കുകയും 08.01.2021 ന് മുഴുവൻ മരുന്നുകളും ഹോംകോയിൽ നിന്നും ലഭിക്കുകയുമുണ്ടായി.

**8 തിരികെ കൈപ്പറ്റാത്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തനത് ഫണ്ടിൽ മുതൽക്കൂട്ടി**

*(ഓ.റി.2019-20, ഖ.1.11.8)*

നഗരസഭ മെയിൻ ഓഫീസ് പരിധിയിലുള്ള മൈതാനങ്ങൾ/പാർക്ക്/സ്റ്റേജ്/മണ്ഡപം എന്നിവ വിവിധ ആവശ്യങ്ങൾക്കായി ബുക്ക് ചെയ്യുമ്പോൾ നിശ്ചിത നിരക്കിൽ ഡെപ്പോസിറ്റ് നൽകേണ്ടതുണ്ട്. ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കാൻ പ്രോഗ്രാം നടത്തിപ്പിന് ശേഷം മൈതാനം/പാർക്ക് സെക്യൂരിറ്റിയിൽ നിന്നും clearance certificate സഹിതം Deposit refund ന് അപേക്ഷ നൽകേണ്ടതാണ്. ഡെപ്പോസിറ്റ് തുക പ്രോഗ്രാം കഴിഞ്ഞ് 15 ദിവസത്തിനകം പ്രോഗ്രാം നടത്തിയ വ്യക്തികൾ/സ്ഥാപനങ്ങൾ കൈപ്പറ്റേണ്ടതാണെന്ന് നഗരസഭ നൽകുന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ ആവശ്യങ്ങൾക്കായി മൈതാനങ്ങൾ/പാർക്ക്/സ്റ്റേജ്/മണ്ഡപം എന്നിവ ബുക്ക് ചെയ്തിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ നിശ്ചിത സമയത്തിന് ശേഷവും Deposit തുക തിരികെ കൈപ്പറ്റാതെ ആകെ 50,250/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നഗരസഭയുടെ കൈവശമുണ്ടായിരുന്നു.

ഈ വിഷയം 07.09.2021 ൽ ഓഡിറ്റ് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 34,750/-രൂപയുടെ ഡി.ഡി. തനത് ഫണ്ടിൽ അടവാക്കുകയും 15500/-

രൂപയുടെ ഡി.ഡി റീവാലിഡേറ്റ് ചെയ്യുന്നതിന് വിവിധ ബാങ്കുകളിൽ നിന്നും ഒബ്ജക്ഷൻ ഉന്നയിച്ചതിനെ തുടർന്ന് ആ ഡി.ഡി കൾ അപേക്ഷകർക്ക് തിരികെ നൽകുകയും ചെയ്തു.

**9 പണാപഹരണം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കി.**

*(ഓ.റി.2019-20, ഖ.1.11.9)*

സോണൽ കാര്യലയങ്ങളിലെ പണാപഹരണം കണ്ടെത്തുകയും ഇതിന് നിദാനമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മകൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനെയും തുടർന്ന് നഗരസഭ സോണൽ കാര്യാലയങ്ങളിൽ എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് പണപ്പിരിവിന്റെ കൃത്യതയും ഒടുക്കും സംബന്ധിച്ച ആഭ്യന്തര പരിശോധന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**2. മണമ്പൂർ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)**

**1. കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും 11,409/- രൂപ പിഴ ഈടാക്കി**

*(ഓ.റി. 2020-2021, ഖ.1-38)*

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം മരാമത്ത് പ്രവൃത്തിയുടെ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതുണ്ട്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. മണമ്പൂർ ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ 2020-21 കാലയളവിൽ നടപ്പിലാക്കിയ പ്രോജക്ട് നം. 195/21, 202/21, 135/21, 133/21 എന്നീ മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ കരാറുകാരനിൽ നിന്നും 1% പിഴ ഈടാക്കിയിരുന്നില്ല.

14.06.2022 ലെ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 16.06.22 ൽ 11,409/- രൂപ കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തി.

**3. വക്കം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)**

**1. ടെണ്ടർ കിഴിവ് തുക ബില്ലിൽ നിന്നും കുറവു ചെയ്തില്ല - ഓഡിറ്റ് നിർദ്ദേശാനുസരണം 41285/- രൂപ ഒടുക്കു വരുത്തി.**

*(ഓ.റി. 2020-21, ഖ.1-32)*

വക്കം ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് നം. 98/21 പ്രകാരമുള്ള മരാമത്ത് പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ സമർപ്പിച്ചിരുന്നതിൽ എറ്റവും കുറവു തുക ക്വാട്ട് ചെയ്ത ശ്രീ.ബിനീഷ് ചന്ദ്രന് (ടെണ്ടർ ബിലോ 16.2%) പ്രവൃത്തിയുടെ നിർവഹണം ഏൽപ്പിച്ചു.

എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 254847/-രൂപയിൽ നിന്നും ടെണ്ടർ ബിലോ തുക കുറവു ചെയ്തതായി കാണുന്നില്ല. ഈയിനത്തിൽ 41285/- രൂപ (254847 ന്റെ 16.2%) രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ഈ വിഷയം 09.03.2022 ൽ ഓഡിറ്റ് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 41,285/- രൂപ 18.03.2022 ൽ ട്രഷറിയിൽ ഒടുക്കു വരുത്തി.

## അദ്ധ്യായം-2
# അനുകരണീയ മാതൃക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ട അനുകരണിയമായ മാതൃകകളായ പ്രവർത്തനങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

### 1. ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

**1. കാർഷികപദ്ധതികളുടെ പുരോഗതി പ്രശംസനീയം**

*(ഓ.റി. 2020-21, ഖ.1-27)*

പഞ്ചായത്തിലെ കാർഷികപുരോഗതിക്കുതകുന്ന വിവിധ പദ്ധതികൾ 2020-21 വർഷം നടപ്പിലാക്കിയിട്ടുണ്ട്. 18 പുതിയ പദ്ധതികളും 5 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടെ 23 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നതിൽ 20 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പുതിയ പദ്ധതികളിൽ 8 എണ്ണവും സ്പിൽ ഓവറായ 5 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതികളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

- 2020-21 വർഷം നിറപറ പദ്ധതിയിൽ വിരിപ്പ് നെൽകൃഷിയിൽ 16 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 56 ടൺ നെല്ലുൽപ്പാദിപ്പിച്ചു.
- സഞ്ജീവനി പദ്ധതി പ്രകാരം 341 കർഷകർക്ക് രോഗകീട നിയന്ത്രണ ഉപാധികളും സസ്യസംരക്ഷണ ഉപാധികളും 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.
- പച്ചക്കറി കൃഷി തിരിനനയിലൂടെ എന്ന പദ്ധതി പ്രകാരം 10 യൂണിറ്റ് തിരിനന കൃഷി നടപ്പിലാക്കി.
- ജീവനി ഹരിത മൈത്രി പദ്ധതി പ്രകാരം 50 യൂണിറ്റ് ഗ്രോ ബാഗ് വിതരണം ചെയ്തു.
- മഴമറയിൽ പച്ചക്കറി കൃഷി, ഫലവൃക്ഷ തൈ നട്ട് പരിപാലിക്കൽ, ഇടവിളയിലൂടെ ഇരട്ടി മധുരം, വീട്ടുവളപ്പിലെ കുളത്തിലെ മൽസ്യ കൃഷി, കേരസമൃദ്ധി പദ്ധതി, തരിശു ഭൂമി കൃഷി, ഹരിതഭവനം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിലെ കാർഷിക അഭിവൃദ്ധി വർദ്ധിപ്പിക്കുവാനും കൂടുതൽ ആൾക്കാരെ കൃഷിയിലേക്ക് ആകർഷിക്കുവാനും സാധിച്ചിട്ടുണ്ട്.

## 2. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

### *1.* പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ പ്രശംസാർഹം

*(ഓ.റി 2020-21, ഖ.1-16)*

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളത് പ്രശംസാർഹമാണ്

| ക്രമ നം | നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം. | പഞ്ചായത്ത് തല ജൈവ വൈവിദ്ധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ കാവുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| 2 | ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം | കാവുകളിൽ സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കയിട്ടുണ്ട്. |

## 3. തൃശ്ശൂർ ജില്ല പഞ്ചായത്ത്

### 1. പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി-ശാസ്ത്രീയ വീക്ഷണത്തോടെ നടപ്പാക്കിയത് അഭിനന്ദനാർഹം

*(ഓ.റി. 2020-21, ഖ.1.29)*

തെക്കുംകര ഗ്രാമപഞ്ചായത്തിലെ വാട്ടർ അതോറിറ്റിയുടെ കണക്ഷനുകൾ ലഭ്യമല്ലാത്ത അഞ്ച് വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി. ലാറ്ററൈറ്റ് മണ്ണും കുറ്റൻ പാറകൾ നിറഞ്ഞതും ഭൂനിരപ്പിൽ നിന്നും താരതമ്യേന ഉയർന്ന നിൽക്കുന്നതും ജലക്ഷാമം നേരിടുന്നതുമായ പറമ്പായി, കുത്തുപാറ, കുണ്ടുകാട് എന്നീ പ്രദേശങ്ങളിൽ പൂർണ്ണമായും അടങ്ങളും,

പനങ്ങാട്ടുകര എന്നീ പ്രദേശങ്ങളിൽ ഭാഗികമായും കുടിവെള്ളക്ഷാമം നേരിടുന്ന ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കുന്നതിന് തെക്കുംകര ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ വട്ടായി ക്വാറിയിലെ ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിന് പഠനം നടത്തുന്നതിനായി പീച്ചിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള കേരള എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രത്തെ (KERI) ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തി.





ചുറ്റുമുള്ള മലനിരകളിൽ നിന്നും വർഷം മുഴുവൻ ഒഴുകി/ഊർന്നിറങ്ങുന്ന വെള്ളത്തിൽ നിന്നും 239 ദശലക്ഷം ലിറ്റർ സംഭരിക്കുന്നതിന് ക്വാറിയ്ക്ക് ശേഷിയുള്ളതായും, ക്വാറിയിൽ ശേഖരിക്കുന്ന ജലം ട്രീറ്റ്മെന്റ് പ്ലാൻ സ്ഥാപിച്ച് ശുദ്ധീകരിച്ച് പമ്പ് ചെയ്ത് ഉയർന്ന പ്രദേശത്തെ ഓവർഹെഡ് ടാങ്കിൽ സംഭരിക്കുകയും ചെയ്താൽ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ വഴി ഈ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യാനും അതുവഴി ജലക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നും KERI നടത്തിയ പഠന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വട്ടായി ക്വാറിക്കരികിലായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, 4 കിലോമീറ്റർ അകലെ അഞ്ചിട്ടി എന്ന ഉയർന്ന പ്രദേശത്ത് 3.2

ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർഹെഡ് ടാങ്ക് എന്നിവ നിർമ്മിച്ച് മൂന്ന് 60 എച്ച്.പി മോട്ടോർ പമ്പ് സെറ്റുകൾ, പമ്പിംങ്ങ് ലൈൻ, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ എന്നിവ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിനും, അനുബന്ധ ചെലവുകൾക്കുമായി നാല് പദ്ധതികളിലായി ജില്ലാ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം 1,82,48,627/- രൂപ ചെലവഴിച്ചു.

07.06.2022 തീയതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ പദ്ധതിയുടെ ഭാഗമായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, 3.2 ലക്ഷം ലിറ്റർ ശേഖരണശേഷിയുള്ള വാട്ടർ ടാങ്ക്, 4 കിലോമീറ്റർ നീളത്തിൽ 200 എം.എം. ഡക്ടൈൽ അയേൺ പമ്പിംഗ് ലൈൻ എന്നിവ സ്ഥാപിച്ചതായി കണ്ടു. 2019-20 മുതൽ നിർമ്മാണം ആരംഭിച്ച പദ്ധതിക്കായി ആകെ വിവിധ ഫണ്ടുകളിലായി 10.5 കോടി രൂപ ചെലവഴിച്ചതായും, ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയതായും, ജില്ലാ പഞ്ചായത്ത് നൽകിയ തുക ലക്ഷ്യമിട്ടതു പ്രകാരം വിനിയോഗിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

ശാസ്ത്രീയ വീക്ഷണത്തോടെ, പ്രദേശത്ത് വർഷങ്ങളായി ഉപയോഗശൂന്യമായി കിടന്ന ജലസ്രോതസ്സിനെ, ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിൽ പ്രയോജനപ്രദമാക്കി മാറ്റിയ നടപടി മാതൃകാപരമാണ്.

## ഭാഗം - 4

# സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രത്യേക റിപ്പോർട്ടുകളിലെയും പ്രത്യേക കത്തുകളിലെയും ഓഡിറ്റ് നിരീക്ഷണങ്ങൾ - സംക്ഷിപ്തം

2022-23 സാമ്പത്തിക വർഷത്തിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രത്യേക റിപ്പോർട്ടുകളിലെയും പ്രത്യേകം കത്തുകളിലെയും ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച വിവരങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

### 1. MGNREGS 2021-22 പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട്

*(കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്ത്)*

*കൊല്ലം ജില്ല ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 09.12.2022 ലെ കെ.എസ്.എ./കെ.എൽ.എം./പി.ജി/2086/2022-ാം നമ്പർ റിപ്പോർട്ട്*

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ, MGNREGS പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റിൽ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തതിനാൽ 2021-22 ലെ മഹാത്മാഗാന്ധി NREGS നടത്തിപ്പ് സമഗ്രമായ ഓഡിറ്റ് ചെയ്ത് പ്രത്യേക റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കൊല്ലം MGNREGS ജോയിന്റ് പ്രോഗ്രാം കോ-ഓപ്പറേറ്റർ അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് പ്രസ്തുത കാലയളവിലെ MGNREGS പദ്ധതി, പ്രത്യേക ഓഡിറ്റ് നിർവഹിച്ച് റിപ്പോർട്ട് പുറപ്പെടുവിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ (ജലസംരക്ഷണ പദ്ധതികൾ, വ്യക്തിഗത നിർമ്മാണ പ്രവൃത്തികൾ) രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

- മസ്റ്റർ റോളുകൾ വ്യാപകമായി വെട്ടിത്തിരുത്തൽ നടത്തി ഹാജർനില, തൊഴിൽ കൂലി എന്നിവയിൽ കൃത്രിമം നടത്തി.
- അളവുപുസ്തകങ്ങൾ (എം.ബുക്ക്) ക്രമപ്രകാരമല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. എം.ബുക്കിൽ പാർട്ട് ബില്ലുകൾ കൂട്ടി എഴുതി ഫൈനൽ ബിൽ ആക്കി രേഖപ്പെടുത്തൽ വരുത്തുന്നില്ല. പല അളവു പുസ്തകങ്ങളിലും വെട്ടിത്തിരുത്തൽ വരുത്തുകയും സാക്ഷ്യപ്പെടുത്തൽ നടത്താതിരിക്കുകയും ചെയ്തിട്ടുണ്ട്. എം.ബുക്കിന് നമ്പർ നൽകുകയോ ഏത് പ്രവൃത്തിക്ക് ഉപയോഗിച്ചതാണെന്ന് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.
- ഫണ്ട് ട്രാൻസ്ഫർ ഓർഡർ (എഫ്.ടി.ഒ) പ്രസിഡന്റ്, സെക്രട്ടറി എന്നിവർ

സാക്ഷ്യപ്പെടുത്തുന്നില്ല. ഒട്ടു മിക്ക ഫയലുകളിലും എഫ്.ടി.ഒ പകർപ്പ് സൂക്ഷിക്കുന്നില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12.01.2023 ലെ ഡി.കെ.എസ്.എ 3699/എസ്.എസ്.4/2022 നമ്പർ കത്ത് പ്രകാരം പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾക്കായി MGNREGS ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്കും തദ്ദേശ സ്വയംഭരണ (എബി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കേരള MGNREGS സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർക്കും നൽകിയിട്ടുണ്ട്.

**2. കുത്തകപ്പാട്ടത്തിന് നൽകിയ ഭൂമി അന്യാധീനപ്പെട്ടത് സംബന്ധിച്ച പ്രത്യേക കത്ത്**

*(പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്ത്)*

*പത്തനംതിട്ട ജില്ല ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10.12.2021 ലെ കെ.എസ്.എ./പി.റ്റി.എ./പി11/621/2021-ാം നമ്പർ കത്ത്*

കുളനട ഗ്രാമപഞ്ചായത്തിലെ കുത്തകപ്പാട്ടം പിരിവ് രജിസ്റ്റർ പ്രകാരം 46 വ്യക്തികൾക്ക് 2 സെന്റ് മുതൽ 34 സെന്റ് വരെ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. 1978-79 മുതലുള്ള കുത്തകപ്പാട്ടം പിരിവ് രജിസ്റ്റർ മാത്രമാണ് പാട്ടഭൂമി സംബന്ധിച്ച് പഞ്ചായത്തിന്റെ കൈവശമുള്ള ഏകരേഖ. 1989-90 വർഷം വരെ കുത്തകപ്പാട്ടം പിരിച്ചെടുത്തതായാണ് കാണുന്നത്. അതിനുശേഷം പാട്ടം പിരിക്കുകയോ, രജിസ്റ്റർ കാലികമാക്കുകയോ ചെയ്തതായ രേഖകൾ ലഭ്യമല്ല. റീസർവ്വേയിലുണ്ടായ അപാകതകൾ കാരണം പാട്ടഭൂമിയിൽ പലതും കൈവശക്കാരായ വ്യക്തികൾ സ്വന്തം പേരിലാക്കിയിട്ടുണ്ടെന്ന വസ്തുത പഞ്ചായത്ത് അധികൃതരുടെയും ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതാണ്. എന്നാൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടമായ ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

വിഷയം പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെത്തുടർന്ന്, 10.06.2022 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് 2(2) നമ്പർ ആയി സ്വീകരിക്കേണ്ട നടപടികളിൽ തീരുമാനം എടുത്തിട്ടുള്ളതാണെന്നും കുത്തകപ്പാട്ടം സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ച് സ്ഥലങ്ങളുടെ റീസർവ്വേ നമ്പർ, നിലവിൽ വില്ലേജ് രേഖകൾ പ്രകാരമുള്ള ഉടമസ്ഥർ എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കുളനട, മെഴുവേലി വില്ലേജ് ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും റീസർവ്വേ നമ്പർ 362/8, 362/10 നോട് ചേർന്നുള്ള സ്ഥലത്ത് കൈയ്യേറ്റം നടന്നിട്ടുള്ളത് സംബന്ധിച്ച കേസ് നിലവിലുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി

പഞ്ചായത്ത് ഡയറക്ടർ മറുപടി ലഭ്യമാക്കി. റീസർവ്വെയിലെ അപാകത പരിഹരിച്ച് പാട്ടക്കാരിൽ നിന്നും ഭൂമി ഏറ്റെടുക്കാൻ പഞ്ചായത്ത് കമ്മിറ്റി ജില്ലാ കളക്ടർക്കും തഹസീൽദാർ (ഭൂരേഖ) കോഴഞ്ചേരിക്കും കത്ത് നൽകിയതായും, താലൂക്ക് സർവ്വേയർ അളവിനായി എത്തുകയും കൈയ്യേറ്റം ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ ഡീറ്റെയിൽഡ് സ്കെച്ചിനായി തിരുവനന്തപുരം ഓഫീസിൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കുത്തകഭൂമികളിൽ നിന്നുള്ള പാട്ടപ്പിരിവിന്റെയും, അന്യാധീനമാക്കപ്പെട്ട ഭൂമി തിരികെ ആർജ്ജിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക് വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും സംബന്ധിച്ച് 16.05.2018, 08.11.2018 തീയതികളിലെ സി.2/15471-18 നമ്പർ സർക്കുലറുകൾ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിയമങ്ങളിലെയും ചട്ടങ്ങളിലെയും മാർഗ്ഗനിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാത്തതിനാൽ പഞ്ചായത്ത് വസ്തുവകകൾ അന്യാധീനപ്പെടുകയാണുണ്ടായത്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12.12.2022 ലെ ഡി.കെ.എസ്.എ 414/എസ്.എസ്.1/2022 നമ്പർ പ്രത്യേക കത്ത് പ്രകാരം പ്രസ്തുതവിവരങ്ങൾ തുടർനടപടികൾക്കായി ധനകാര്യ (എസ്റ്റാ.ഡി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും, ജില്ലാ കളക്ടർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർക്കും നൽകിയിട്ടുണ്ട്.

**3. നേമം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നടത്തിയ പ്രത്യേക ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ട്**

*(തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്ത്)*

*തിരുവനന്തപുരം ജില്ല ഓഡിറ്റ് കാര്യാലയം ജോയിന്റ് ഡയറക്ടറുടെ 08.09.2021 ലെ കെ.എസ്.എ.റ്റി.വി.എം.ബി.പി.1299/2021-ാം നമ്പർ റിപ്പോർട്ട്*

നേമം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ സംസ്ഥാന വിജിലൻസിന്റെ തിരുവനന്തപുരം യൂണിറ്റ് ഉദ്യോഗസ്ഥർ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഭൂരഹിതരും താഴ്ന്ന വരുമാനക്കാരുമായ

പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിനും ഭൂമി വാങ്ങലിനുമായുള്ള പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ കണ്ടെത്തുന്നതിന് ധനകാര്യ വകുപ്പിനോട് പട്ടികജാതി പട്ടികവർഗ്ഗ വികസന(സി) വകുപ്പ് ആവശ്യപ്പെടുകയും തുടർന്ന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സ്പെഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ചെയ്യാൻ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് നടത്തിയ പ്രത്യേക ഓഡിറ്റിൽ പട്ടികജാതി വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടും നേമം ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉപയോഗപ്പെടുത്തിയിട്ടുള്ള 2015-16 മുതൽ 2018-19 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ ഭൂരഹിത – പുനരധിവാസ പദ്ധതി, ഭവന നിർമ്മാണം, പഠനമുറി നിർമ്മാണം എന്നീ പദ്ധതികൾ പരിശോധനാ വിധേയമാക്കി. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

- ആനുകൂല്യം ലഭിച്ചവർ വാങ്ങിയ ഭൂമി വാസയോഗ്യമാണെന്ന് പട്ടികജാതി വികസന വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- ഗ്രാമപഞ്ചായത്തുകൾ ക്ലേശഘടകങ്ങൾ പരിഗണിച്ച് മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റുകളിൽ നിന്നും ആനുകൂല്യം നൽകുന്നതിന് പകരം, ക്ലേശഘടകങ്ങൾ പരിഗണിക്കാതെ വാർഡ് അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും ക്രമനമ്പറുകൾ പോലും അടിസ്ഥാനമാക്കാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.
- മുൻവർഷത്തിൽ ലഭിച്ച ഗുണഭോക്തൃലിസ്റ്റുകളിൽ നിന്നും ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കളെ തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കാതെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പുതുതായി ആവശ്യപ്പെട്ട ലിസ്റ്റുകളിൽ നിന്നും ആനുകൂല്യം നൽകി.
- പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റുകൾ പട്ടികജാതി വികസന ഓഫീസുകൾ തിരിച്ചയച്ചിട്ടില്ല.
- സർക്കാർ തലത്തിൽ ഗുണഭോക്തൃ ലിസ്റ്റിന് പ്രത്യേക ഫോർമാറ്റ് തയ്യാറാക്കപ്പെട്ടിട്ടില്ല.
- പദ്ധതി ലക്ഷ്യത്തെ കുറിച്ചും പദ്ധതി ആനുകൂല്യം ലഭ്യമാകുന്നതിന് ഹാജരാക്കേണ്ട രേഖകളെ കുറിച്ചും പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ ബോധവാൻമാരാക്കാത്തതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്ന സമയത്തിനും നിർവഹണ ഘട്ടത്തിന്റെ സമയത്തിനും ഇടയിൽ ഗുണഭോക്താതാവ് ആനുകൂല്യം കൈപ്പറ്റാൻ വിസമ്മതിക്കുന്ന സാഹചര്യം ഉണ്ടായി.

- ഫീൽഡ് തലത്തിൽ എസ്.സി പ്രൊമോട്ടർമാരുടെ പ്രവർത്തനം ഉദ്ദേശിച്ചിട്ടുള്ള രീതിയിൽ നടന്നിട്ടില്ല. യഥാർത്ഥ ഗുണഭോക്താവിന് പകരം മറ്റൊരാൾക്ക് ആനുകൂല്യം നൽകുന്ന സാഹചര്യങ്ങൾ ഇതിലേയ്ക്ക് വിരൽ ചൂണ്ടുന്നവയാണ്.
- തദ്ദേശ സ്വയംഭരണ വകുപ്പ് ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾ യഥാവിധി പാലിക്കപ്പെടാത്തത് കാരണം ആനുകൂല്യം ലഭ്യതയ്ക്കായി വകുപ്പ് മന്ത്രി മുതലുള്ളവർക്ക് പരാതി നൽകി കാണുന്നുണ്ട്. ഇത്തരം പരാതികൾ ബ്ലോക്ക്/ജില്ല ഘടകങ്ങളുടെ നിർവഹണ സമയത്തെ ബാധിക്കുന്നുണ്ട്.
- ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ പൂർണ്ണമായ വിവരം പൊതുജന സമക്ഷം പ്രസിദ്ധീകരിക്കപ്പെടുന്നില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.08.2022 ലെ കെ.എസ്.എ 975/എസ്.എസ്.4/2021 നമ്പർ കത്ത് പ്രകാരം പ്രത്യേക റിപ്പോർട്ട് തുടർ നടപടികൾക്കായി ധനകാര്യ (എസ്റ്റാ.ഡി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

**4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ നിർവഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്**

*(കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്ത്)*

*കോട്ടയം ജില്ല ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 20.07.2022 ലെ കെ.എസ്.എ.കെ.റ്റി.എം.പി.14/1583/2022-ാം നമ്പർ റിപ്പോർട്ട്*

കോട്ടയം മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സമിതിയ്ക്ക് നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സ്പെഷ്യൽ ഓഡിറ്റ് നടത്തണമെന്ന് മൂന്നിലവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിനെത്തുടർന്ന് സ്പെഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

- 2019-20 വർഷം ഏറ്റെടുത്ത പ്രവൃത്തി മൂന്ന് വർഷങ്ങൾക്ക് ശേഷവും

പൂർത്തീകരിച്ചിട്ടില്ല.

- പഞ്ചായത്തിന്റെ പേരിലല്ലാത്ത സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി റോഡ് കോൺക്രീറ്റിംഗ് നടത്തി.
- വിദഗ്ധ തൊഴിലാളികളുടെ വേതനം അനുവദിക്കുന്നതിൽ ക്രമക്കേടുകളുണ്ടായിട്ടുണ്ട്.
- ഭവന നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തൊഴിലുറപ്പ് പണിക്കൂലി നൽകിയിട്ടില്ല.
- പ്രവൃത്തി നടന്ന എന്നുറപ്പ് വരുത്താതെ വേതനം നൽകി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.11.2022 ലെ ഡി.കെ.എസ്.എ 423/എസ്.എസ്.4/2022 നമ്പർ കത്ത് പ്രകാരം പ്രസ്തുത പ്രത്യേക റിപ്പോർട്ട് തുടർനടപടികൾക്കായി ധനകാര്യ (എസ്റ്റാ.ഡി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും നൽകിയിട്ടുണ്ട്.

**5. വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഉദയപുരം ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് മുൻകൂർ നല്കിയതുമായി ബന്ധപെട്ട് കണ്ടെത്തിയ അപാകതകൾ സംബന്ധിച്ചുള്ള പ്രത്യേക കത്ത്.**

*(കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത്)*

| |
|---|
| *കാസർഗോഡ് ജില്ല ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 19.08.2022 ലെ കെ.എസ്.എ.കെ.എസ്.ഡി11/1748/2022-ാം നമ്പർ കത്ത്.* <br> കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ. 1.21 |

കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവത്തികൾക്ക് ഉദയപുരം ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയ്ക്ക് മുൻകൂർ നൽകിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ഉദയപുരം ലേബർ കോൺട്രാക്റ്റ് സൊസൈറ്റി കരാർ തുകയുടെ 25% മുൻകൂറായി കൈപ്പറ്റിയെങ്കിലും പദ്ധതികൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തി. മുൻകൂർ തുക കൈപ്പറ്റിയ ശേഷം അസാധാരണമായ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാതെ കാലാവധി

ദീർഘിപ്പിച്ചു നൽകി.

- ഉദ്യോഗസ്ഥതല പരിശോധന കൂടാതെയാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റി പിഴ ഒഴിവാക്കി നൽകിയിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഈ നടപടി ഗ്രാമപഞ്ചായത്തിനു നഷ്ടമുണ്ടാക്കി.
- മരാമത്ത് പ്രവത്തികളിലെ എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാണിച്ച് ഉദയപുരം ലേബർ കോൺട്രാക്റ്റ് സൊസൈറ്റി അനർഹമായ സാമ്പത്തികാനുകൂല്യം നേടി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29.03.2023 ലെ ഡി.കെ.എസ്.എ 310/എസ്.എസ്.1/2023 നമ്പർ പ്രത്യേക കത്ത് പ്രകാരം പ്രസ്തുത വിവരങ്ങൾ തുടർനടപടികൾക്കായി ധനകാര്യ (എസ്റ്റാ.ഡി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർക്കും നൽകിയിട്ടുണ്ട്.

**6. ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിലെ ക്രമക്കേടുകൾ പ്രത്യേക കത്ത്**

*(മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭ)*

*മലപ്പുറം ജില്ല ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 25.07.2022 ലെ കെ.എസ്.എ.എം.പി.എം.25/1724/2022-ാം നമ്പർ കത്ത്.*

പരപ്പനങ്ങാടി നഗരസഭയുടെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് പരിശോധനയിൽ 01.04.2019 മുതൽ 15.07.2022 വരെയുള്ള ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകകൾ അക്കൗണ്ടിൽ അടവാക്കുന്നതിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയുണ്ടായി. സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

- വരവ് തുകകൾ പൂർണ്ണമായോ, ഭാഗികമായോ അക്കൗണ്ടിൽ അടവാക്കാതെ സാമ്പത്തിക തിരിമറിനടത്തി.
- നഗരസഭയുടെ പണം സ്വീകരിക്കൽ, ഒടുക്ക്, കണക്ക് സൂക്ഷിപ്പ്, പരിശോധന എന്നിവ ക്രമപ്രകാരമായിരുന്നില്ല.
- 2007 ലെ കേരളാ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ഫിനാൻഷ്യൽ കോഡ് എന്നിവ പ്രകാരം പണം അടവ് മേൽപരിശോധനയ്ക്ക് വിധേയമാക്കേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പരപ്പനങ്ങാടി നഗരസഭയിൽ ആയത് പാലിക്കപ്പെട്ടില്ല.
- കേരള മുനിസിപ്പാലിറ്റി നിയമം 2 2 എ (iv), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 5 6 പ്രകാരം ഓരോ മാസത്തെയും ഓരോ

ഇനങ്ങളിലുള്ള വരവിനങ്ങളിലെയും ചെലവിനങ്ങളിലെയും പത്രിക അടുത്തമാസം 20 ന മുൻപ് തയ്യാറാക്കി സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും കമ്മിറ്റി പരിശോധിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ അപ്രകാരം വിശദമായ പത്രികകൾ സമർപ്പിച്ചിട്ടില്ല എന്ന വ്യക്തമായി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.03.2023 ലെ ഡി.കെ.എസ്.എ 3013/എസ്.എസ്.4/2022 നമ്പർ പ്രത്യേക കത്ത് പ്രകാരം പ്രസ്തുത വിവരങ്ങൾ തുടർനടപടികൾക്കായി ധനകാര്യ (എസ്റ്റാ.ഡി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

## ഭാഗം -5

# അനുബന്ധങ്ങൾ

### അനുബന്ധം - 1

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ജനറൽ, എസ്.സി ഫണ്ടുകളിൽ നിന്നും പ്രോജക്ട് പരിഗണിക്കാതെ 4,00,000/- രൂപയിൽ അധികം നൽകിയത്

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്ട്, ഫണ്ട്, ബിൽ ഐ.ഡി/വൗച്ചർ നം./തീയതി |
| 1 | സുജിത്.പി.പി പേങ്ങാട്ടിരിപ്പടി, 098205300 0000391 SIB | I | 2020-21 | 40000 | 278/21 -ലൈഫ്-SC- ബ്ലോക്ക് വിഹിതം, വൗച്ചർ നം 22001040/30.01.21 |
| | | II | 2020-21 | 160000 | 152/21 -ലൈഫ് -SC ജില്ലാ പഞ്ചായത്ത് വിഹിതം (20210752016001180398/ 10.03.21) |
| | | III | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട് -SCP (21210752016000136055/ 22.06.21) |
| | | IV | 2021-22 | 100000 | 40/22-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ (21210752016001133784/ 16.02.2022) |
| | | **V** | 2021-22 | 189497 | 44/22 (ലൈഫ് -SC , ബ്ലോക്ക് വിഹിതം 21-22 (21210752016000879762/ 15.01.2022) |
| | ആകെ അധികം നൽകിയത് | | | **189497** | |
| 2 | പുഷ്പലത മണ്ണാരപുരക്കൽ, 82880100006479 Bank of Baraoda | I | 2020-21 | 40000 | 152/21-ലൈഫ് -SC ബ്ലോക്ക് വിഹിതം (20210752016001072853/ 12.02.21) |

| | | | | | |
|---|---|---|---|---|---|
| | | II | 2020-21 | 160000 | 152/21 -ലൈഫ് -SC ബ്ലോക്ക് വിഹിതം (20210752016001317053/ 22.03.21) |
| | | III | 2021-22 | 100000 | 40/22-വികസനഫണ്ട്-ജനറൽ (21210752016001133784/ 16.02.22) |
| | | IV | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി (21210752016000138236/ 16.02.22) |
| | | V | 2021-22 | 60000 | 44/22-ലൈഫ് -SC-വികസനഫണ്ട്-എസ്.സി.പി (21210752016000160565/ 29.06.21) |
| | | VI | 2021-22 | 100000 | 44/22-ലൈഫ് -SC-സംസ്ഥാന സർക്കാർ വിഹിതം വൗച്ചർ നം 42100526/ 31.03.2022 |
| | | VII | 2021-22 | 40000 | 163/22-ഭവന പുനരുദ്ധാരണം (വികസനഫണ്ട്-എസ്.സി.പി) (21210752016001035086/ 31.01.22) |
| | ആകെ അധികം നൽകിയത് | | | **200000** | |
| 3 | തങ്കമണി, തറയിൽ 82880100000532 Bank Of Baroda - Vavannur | I | 2020-21 | 40000 | 278/21-ലൈഫ് -SC, ബ്ലോക്ക് പഞ്ചായത്ത് വിഹിതം വൗച്ചർ നം. 22001040/30.01.21 |
| | | II | 2020-21 | 160000 | 152/21-ലൈഫ് -SC ജില്ലാ പഞ്ചായത്ത് വിഹിതം (20210752016001180398/ 10.03.21) |
| | | III | 2021-22 | 100000 | 44/22-ലൈഫ് -SC ജില്ലാ പഞ്ചായത്ത് വിഹിതം (21210752016000483802/ 11.10.21) |

| | | | | | |
|---|---|---|---|---|---|
| | | IV | 2021-22 | 100000 | 40/22--ലൈഫ് -SC വികസനഫണ്ട് -ജനറൽ (21210752016001133784/ 16.02.22) |
| | | V | 2021-22 | 40000 | 163/22-ഭവന പുനരുദ്ധാരണം - എസ്.സി.പി (വികസനഫണ്ട്-എസ്.സി.പി) (21210752016001035086/ 31.01.22) |
| | ആകെ അധികം നൽകിയത് | | | **40000** | |
| 4 | മിനി<br>മുല്ലത്ത് വളപ്പിൽ,<br>40280101019403<br>KLG bank | I | 2019-20 | 40000 | 40/20-ലൈഫ് -SC വികസനഫണ്ട്-SCP (19210752016000938842/ 03.01.2020) |
| | | II | 2019-20 | 160000 | 40/20-ലൈഫ് -SC വികസനഫണ്ട്-SCP (19210752016001175803/ 31.01.2020) |
| | | III | 2019-20 | 160000 | 40/20-ലൈഫ് -SC-വികസനഫണ്ട്-SCP (19210752016001386722/ 17.03.2020) |
| | | IV | 2020-21 | 40000 | 278/21-ലൈഫ് -SC വികസനഫണ്ട്-SCP (20210752016000611767/ 14.10.2020) |
| | | V | 2021-22 | 100000 | 40/22-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ (21210752016001345019/ 17.03.22) |
| | ആകെ അധികം നൽകിയത് | | | **100000** | |
| 5 | ഷീജ.കെ. വി<br>തട്ടാരക്കുന്നത്ത്<br>206201011003182<br>വിജയ ബാങ്ക്, | I | 2019-20 | 40000 | 40/20-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 19210752016001141963/ 28.01.2020 |

| | | | | | |
|---|---|---|---|---|---|
| | 206201011003182 ബാങ്ക് ഓഫ് ബറോഡ | II | 2019-20 | 160000 | 40/20-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 19210752016001512664/ 17.03.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 20210752016000280896/ 24.06.2020 |
| | | IV | 2020-21 | 100000 | 278/21-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം വൗച്ചർ നം. 22000672/ 25.11.2020 |
| | | V | 2021-22 | 100000 | 40/22-ലൈഫ് -ജനറൽ വികസനഫണ്ട്- ജനറൽ 21210752016001345019/ 17.03.22 |
| | ആകെ അധികം നൽകിയത് | | | **100000** | |
| 6 | സരസ്വതി, വാമനം പുരയിടത്ത് 16970100058821 ഫെഡറൽ ബാങ്ക് | I | 2019-20 | 40000 | 39/20-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ 19210752016000514276/ 31.08.2019 |
| | | II | 2019-20 | 160000 | 39/20-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ 19210752016000671345/ 11.10.2019 |
| | | III | 2019-20 | 100000 | 39/20-ലൈഫ് -ജനറൽ ബ്ലോക്ക് വിഹിതം വൗച്ചർ നം.21901076/ 31.01.2020 |
| | | IV | 2020-21 | 100000 | 277/21-ലൈഫ് -ജനറൽ ബ്ലോക്ക് വിഹിതം വൗച്ചർ നം 22000627/ 06.11.2020 |
| | | V | 2021-22 | 160000 | 40/22-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 21210752016000136070/ 22.06.21 |
| | ആകെ അധികം നൽകിയത് | | | **160000** | |
| 7 | ഇന്ദിര, കുവപ്പാട്ടിൽ 206201231000332- വിജയബാങ്ക് 82880100006738 | | 2018-19 | 40000 | 43/19-ലൈഫ്-ജനറൽ ജില്ലാ പഞ്ചായത്ത് വിഹിതം വൗച്ചർ നം . 21800753/ 16.01.2019 |
| | | | 2018-19 | 160000 | 43/19-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർ നം. 21801352/30.03.2019 |
| | | | 2019-20 | 100000 | 39/20-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 19210752016000671345/ 11.10.2019 |
| | | | 2019-20 | 40000 | 39/20-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 19210752016000760542/ 07.11.2019 |
| | | | 2019-20 | 60000 | 185/20-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർനം. 21900327/26.07.2019 |
| | | | 2021-22 | 100000 | 40/22-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 21210752016001165776/ 21.02.2022 |
| | ആകെ അധികം നൽകിയത് | | | **100000** | |
| 8 | ദിഷ.പി, കൊണ്ടപ്പുറത്ത് 206201010005431 വിജയ ബാങ്ക്, 82880100002642 (ബാങ്ക് ഓഫ് ബറോഡ) | I | 2018-19 | 40000 | 43/19-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 18210752016000581811/ 15.10.2018 |
| | | II | 2018-19 | 160000 | 43/19-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 18210752016000689596/ 27.10.2018 |
| | | III | 2018-19 | 100000 | 43/19-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർ നം .21801352/ 30.03.2019 |
| | | IV | 2018-19 | 100000 | 43/19-ലൈഫ്-ജനറൽ ലോൺ വിഹിതം വൗച്ചർ നം 21800787/17.01.2019 |
| | | V | 2021-22 | 100000 | 40/22-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 21210752016001133784/ 16.02.22 |
| | ആകെ അധികം നൽകിയത് | | | **100000** | |
| **ക്രമ നം 1 മുതൽ 8 വരെ ആകെ അധികം നൽകിയത്** | | | | | **9,89,497** |

## അനുബന്ധം - 2

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് എസ്.സി ഫണ്ടിൽ നിന്നും 4,00,000/- രൂപയിൽ അധികം നൽകിയത്

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്ട്, ഫണ്ട്, ബിൽ ഐ.ഡി |
| 1 | ദിനീഷ്.സി.പി ചിറ്റിലങ്ങാട്ടുപടി 99980113995646, Federal Bank | I | 2020-21 | 40000 | 278/21-S.O-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം വൗച്ചർ നം.22001040/ 30.01.21 |
| | | II | 2020-21 | 160000 | 278/21-S.O-ലൈഫ്-SC ബ്ലോക്ക് വിഹിതം 20210752016001180398/ 10.03.21 |
| | | III | 2020-21 | 100000 | 278/21-S.O-ലൈഫ്-SC ബ്ലോക്ക് വിഹിതം 20210752016001317053/ 22.03.21 |
| | | IV | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 21210752016000136055/ 22.06.2021 |
| | | V | 2021-22 | 100000 | 44/22-ലൈഫ് -SC വികസനഫണ്ട്-എസ്.സി.പി 21210752016001342288/ 17.03.2022 |
| | ആകെ അധികം നൽകിയത് | | | **100000** | |
| 2 | രുഗ്മിണി, എരുമപ്പറമ്പിൽ 40704101041615 KLGB | I | 2019-20 | 40000 | 40/20-ലൈഫ്-SC വികസനഫണ്ട്-എസ്.സി.പി 19210752016001029068/ 14.01.2020 |

| | | | | | |
|---|---|---|---|---|---|
| | | II | 2020-21 | 160000 | 278/21-S.O-ലൈഫ്-SC വികസനഫണ്ട്-SCP 2021075201600611767/ 14.10.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ്-SC വികസനഫണ്ട്-SCP 2021075201600971793/ 21.01.2021 |
| | | IV | 2021-22 | 100000 | 44/22-ലൈഫ്-SC വികസനഫണ്ട്-SCP 2121075201600138236/ 22.06.2021 |
| | | V | 2021-22 | 100000 | 44/22-ലൈഫ്-SC സംസ്ഥാനാവിഷ്കൃതം വൗച്ചർ നം.42100528/ 31.03.22 |
| | ആകെ അധികം നൽകിയത് | | | **100000** | |
| 3 | ഉണ്ണികൃഷ്ണൻ (ഗുണഭോക്താവിന്റെ പിതാവ് മാധവൻ എന്നവരുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് തുക മാറിയിട്ടുള്ളത്) ചില ബില്ലുകളിൽ ഉണ്ണിക്കൃഷ്ണൻ എന്നും ചിലതിൽ മാധവൻ എന്നും കാണുന്നു. 017201818625190001 (കാത്തലിക് സിറിയൻ ബാങ്ക്) | I | 2020-21 | 40000 | 278/21-S.O-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം വൗച്ചർ നം.22001040/ 30.01.21 |
| | | II | 2020-21 | 160000 | 152/21-ലൈഫ് SC ജില്ലാപഞ്ചായത്ത് വിഹിതം, (2021075201600180398/ 10.03.21) |
| | | III | 2020-21 | 100000 | 152/21-ലൈഫ്-SC ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2021075201600131705З/ 22.03.2021 |
| | | IV | 2021-22 | 100000 | 44/22-ലൈഫ്-SC ജില്ലാ പഞ്ചായത്ത് വിഹിതം |

| | | | | | |
|---|---|---|---|---|---|
| | | | | | 212107520160004838O2/<br>11.10.21 |
| | | V | 2021-22 | 100000 | 44/22-ലൈഫ്-SC<br>ബ്ലോക്ക് പഞ്ചായത്ത്<br>വിഹിതം<br>21210752016001342288/<br>17.03.22 |
| | ആകെ അധികം നൽകിയത് | | | **100000** | |
| 4 | വിജിത.വി.എം<br>67321552031<br>SBI | I | 2019-20 | 40000 | 40/20-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>19210752016001141967/<br>28.01.2020 |
| | | II | 2019-20 | 160000 | 40/20-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>19210752016001512229/<br>17.03.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>20210752016000335364/<br>15.07.2020 |
| | | IV | 2020-21 | 23622 | 278/22-ലൈഫ്-SC<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>വൗച്ചർ നം. 22001300/<br>23.03.21 |
| | | V | 2021-22 | 100000 | 44/22-ലൈഫ്-SC<br>വികസനഫണ്ട്-എസ്.സി.പി<br>21210752016000136064/<br>22.06.21 |
| | ആകെ അധികം നൽകിയത് | | | **23622** | |
| **ക്രമ നം. 1 മുതൽ 4 വരെ ആകെ അധികം നൽകിയത്** | | | | | **3,23,622** |

## അനുബന്ധം – 3

2020-21 വർഷം വരെ ജനറൽ, എസ്. സി ഫണ്ടുകളിൽ നിന്നും തുക അധികം നൽകിയത്

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്ട്, ഫണ്ട്, ബിൽ ഐ.ഡി /തീയതി |
| 1 | അജിത ഓറച്ചാന്നൂർ, കളരിക്കൽ 40704101033652 KGB | I | 2019-20 | 40000 | 39/20-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 19210752016001141971/ 28.01.2020 |
| | | II | 2019-20 | 100000 | 39/20-ലൈഫ്-ജനറൽ ബ്ലോക്ക് വിഹിതം 19210752016001631915/ 30.03.2020 |
| | | III | 2019-20 | 160000 | 39/20-ലൈഫ്-ജനറൽ ജില്ലാ പഞ്ചായത്ത് വിഹിതം 508070090119097/ 30.01.2020 |
| | | IV | 2020-21 | 100000 | 45/21-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 20210752016000326584/ 15.07.2020 |
| | | V | 2020-21 | 40000 | 45/21-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 20210752016000515839/ 17.09.2020 |
| | ആകെ അധികം നൽകിയത് | | | **40000** | |
| 2 | രാധ,ചോലയിൽ 40704101033041, KLGB | I | 2020-21 | 40000 | 45/21-ലൈഫ് -ജനറൽ വികസനഫണ്ട്-ജനറൽ 20210752016000642728/ 21.10.2020 |
| | | II | 2020-21 | 160000 | 45/21-ലൈഫ്-ജനറൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

| | | | | | |
|---|---|---|---|---|---|
| | | | | | 20210752016000998565/ 29.01.21 |
| | | III | 2020-21 | 100000 | 45/21-ലൈഫ് -ജനറൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 20210752016001099193/ 17.02.21 |
| | | IV | 2020-21 | 78000 | 45/21-ലൈഫ്-ജനറൽ വികസനഫണ്ട്-ജനറൽ 20210752016001441018/ 31.03.21 |
| | | V | 2020-21 | 86050 | 277/21 ലൈഫ്-ജനറൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 508070090120012/ 25.03.21 |
| | ആകെ അധികം നൽകിയത് | | | **64050** | |
| | **ക്രമ നം. 1 ,2 – ആകെ അധികം നൽകിയത്** | | | | **1,04,050/- രൂപ** |

## അനുബന്ധം - 4

2022-23 സാമ്പത്തിക വർഷത്തിൽ 03.10.2022 വരെ ജനറൽ, എസ്.സി ഫണ്ടുകളിൽ നിന്നും തുക അധികം നൽകിയത്

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ബാങ്ക് അക്കൗണ്ട് നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | ഗഡു | വർഷം | തുക | പ്രോജക്ട്, ഫണ്ട്, ബിൽ ഐ.ഡി /തീയതി |
| 1 | ധീരജ് 34512311718 | I | 2019-20 | 40000 | 40/20-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 19210752016001141963/28.01.2020 |
| | | II | 2020-21 | 160000 | 152/21-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 20210752016000326587/15.07.20 |
| | | III | 2022-23 | 160000 | 88/22-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 22210752016000529009/16.09.22 |
| | | IV | 2022-23 | 100000 | 88/22-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 22210752016000529011/16.09.22 |
| | | V | 2022-23 | 100000 | 88/22-ലൈഫ്-SC വികസനഫണ്ട്-എസ്.സി. പി 22210752016000532039/16.09.22 |
| | ആകെ അധികം നൽകിയത് | | | **160000** | |

| | | | | | |
|---|---|---|---|---|---|
| 2. | വിജയലക്ഷ്മി<br>206201231001315<br>Bank Of Baraoda -Vavannur,<br>206201231001315-(Vijaya Bank) | I | 2019-20 | 40000 | 40/20-ലൈഫ്-എസ്.സി വികസനഫണ്ട്-എസ്.സി.പി 19210752016001141967/28.01.2020 |
| | | II | 2019-20 | 160000 | 40/20-ലൈഫ് - എസ്.സി വികസനഫണ്ട്-എസ്.സി.പി 19210752016001424983/20.03.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ് - എസ്.സി (വികസനഫണ്ട്-എസ്.സി.പി) 20210752016000335364/15.07.2020 |
| | | IV | 2022-23 | 100000 | 88/23-ലൈഫ് - എസ്.സി വികസനഫണ്ട്-എസ്.സി.പി 22210752016000532039/16.09.22 |
| | | V | 2022-23 | 100000 | 88/23-ലൈഫ് - എസ്.സി വികസനഫണ്ട്-എസ്.സി.പി 22210752016000532047/16.09.22 |
| | ആകെ അധികം നൽകിയത് | | | **100000** | |

| | | | | | |
|---|---|---|---|---|---|
| 3. | സരസ്വതി,<br>ചക്കും തടം<br>ബാങ്ക് ഓഫ് ബറോഡ-<br>82880100004329 | I | 2019-20 | 40000 | 40/20-ലൈഫ് -<br>എസ്.സി<br>വികസനഫണ്ട്-<br>എസ്.സി.പി<br>19210752016001283025/<br>17.02.2020 |
| | | II | 2020-21 | 160000 | 152/21-ലൈഫ് -<br>എസ്.സി<br>വികസനഫണ്ട്-<br>എസ്.സി.പി<br>20210752016000611767/<br>14.10.2020 |
| | | III | 2020-21 | 100000 | 152/21-ലൈഫ് -<br>എസ്.സി<br>ബ്ലോക്ക് പഞ്ചായത്ത്<br>വിഹിതം<br>20210752016001317053/<br>22.03.21 |
| | | IV | 2022-23 | 100000 | 88/23<br>ലൈഫ്-എസ്.സി<br>വികസനഫണ്ട്-<br>എസ്.സി.പി<br>22210752016000532039<br>/16.09.22 |
| | | V | 2022-23 | 100000 | 88/23-ലൈഫ് -<br>എസ്.സി<br>വികസനഫണ്ട്-<br>എസ്.സി.പി<br>22210752016000532047<br>/16.09.22 |
| | ആകെ അധികം നൽകിയത് | | | 100000 | |
| | **ക്രമ നം 1 മുതൽ 3 വരെ ആകെ അധികം നൽകിയത്** | | | | **3,60,000 രൂപ** |

## അനുബന്ധം – 5

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ഭവന നിർമ്മാണത്തിനുള്ള ആദ്യഗഡു നൽകിയത്

| ക്രമ നം. | വ്യക്തിയുടെ പേര് | ആകെ നൽകിയ തുക | ഫണ്ട് | അക്കൗണ്ട് നമ്പർ | ട്രഷറി ബിൽ ഐ.ഡി/ തീയതി |
|---|---|---|---|---|---|
| 1 | കൃഷ്ണൻകുട്ടി, തായാട്ടുപടി | 40000 | വികസന ഫണ്ട്-ജനറൽ | SBI 35173355548 | 21210752016 001365403 / 18.03.22 |
| 2 | നീലി, കുട്ടത്ത് പടി | 40000 | വികസന ഫണ്ട്-ജനറൽ | Bank Of Baroda 8288010 0006392 | 21210752016 001517039/ 30.03.22 |
| 3 | കാർത്യായനി, മാത്തൂർ ലക്ഷം വീട് | 40000 | വികസന ഫണ്ട്-ജനറൽ | Bank Of Baroda 8288010 0009283 | 2121075201600 1517039/ 30.03.22 |
| 4 | സുരേഷ്, പൂളക്കൽ പറമ്പിൽ | 40000 | വികസന ഫണ്ട്-ജനറൽ | Bank Of Baroda 8288010 0014638 | 21210752016 001517039/ 30.03.22 |
| 5 | ബ്രിജിത ചെറുകുളപ്പുരത്ത് പടി | 200000 (40000-2021-22) | 40000-വികസന ഫണ്ട്-ജനറൽ *160000-വികസന ഫണ്ട്-എസ്.സി.പി | Canara Bank 074210 1035664 | Rs.40000 -2021-22- 21210752016 001517039/ 30.03.22 Rs.160000-(2022-23)- SCP ഫണ്ട്- 22210752016 000529011/ 16.09.22 |

*മേൽ പട്ടിക ക്രമ നം 5 ലെ ഗുണഭോക്താവ് ശ്രീമതി ബ്രിജിതക്ക് നൽകിയ 2,00,000/- രൂപയിൽ 1,60,000/- രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് - എസ്.സി.പി ഫണ്ടിൽ നിന്നമാണ് നൽകിയിട്ടുള്ളത്.

## അനുബന്ധം – 6

Approved Status ൽ ഉള്ള ഗുണഭോക്താക്കളെ Eligible ആക്കാതെ തുക അനുവദിച്ചു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ആകെ നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | അഷ്റഫ് പന്നിമുള്ളൻ പറമ്പിൽ എഗ്രിമെന്റ് തീയതി – 30.11.21 | 672890 25224 | 300000 | ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഇദ്ദേഹം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങിയതിനെ തുടർന്ന് ട്രാൻസ്ഫർ ചെയ്തു വന്നതാണ്. ഇദ്ദേഹത്തിന്റെ റേഷൻ കാർഡിൽ വീട് ഉണ്ട്. ടിയാൻ നിലവിൽ വിദേശത്താണ്. |
| 2 | സുലൈഖ മുളക്കൽ എഗ്രിമെന്റ് തീയതി – 08.02.2021 | 828801000140 76 | 200000 | മുൻ വി.ഇ.ഒ ഇവർക്ക് 200000 രൂപ നൽകിയിട്ടുണ്ട്. ഫീൽഡ് പരിശോധനയിൽ ഈ വ്യക്തി അർഹനാണെന്ന് കണ്ടെത്തിയതിനാൽ 100000 കൂടി നിലവിലെ വി.ഇ.ഒ ഇവർക്ക് നൽകി. എന്നാൽ സംസ്ഥാന വിഹിതം 100000 കൂടി നൽകുന്നതിനായി സെക്രട്ടറി ലോഗിനിൽ പരിശോധിക്കുമ്പോൾ ഇവർ റേഷൻ കാർഡിൽ വീട് ഉള്ളതിനാൽ അനർഹനാണെന്ന കണ്ടെത്തിയിട്ടുണ്ട്. |
| 3 | റഹ്മത്ത് പുഞ്ചയിൽ എഗ്രിമെന്റ് തീയതി – 10.02.2021 | 346455 29777 | 40000 | ഫീൽഡ് പരിശോധനയിൽ ഈ വ്യക്തി അർഹനാണെന്ന് കണ്ടെത്തിയതിനാൽ 100000 കൂടി നിലവിലെ വി.ഇ.ഒ ഇവർക്ക് നൽകി. എന്നാൽ സംസ്ഥാന വിഹിതം 100000 കൂടി നൽകുന്നതിനായി സെക്രട്ടറി ലോഗിനിൽ പരിശോധിക്കുമ്പോൾ ഇവർ റേഷൻ കാർഡിൽ വീട് ഉള്ളതിനാൽ അനർഹനാണെന്ന കണ്ടെത്തിയിട്ടുണ്ട്. |

## അനുബന്ധം – 7

ഒരേ ഗുണഭോക്താവ് ഒന്നിലധികം ഗ്രൂപ്പിൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രൂപ്പിന്റെ പേര് |
|---|---|---|
| 1 | മായാലേഖ.ബി | ദേവികൃപ, ചിലമ്പ് |
| 2 | പ്രസന്ന.എസ് | കൈരളി, പ്രിയങ്ക |
| 3 | പ്രഭ.റ്റി | മെഹൻസ്, ഐശ്വര്യ |
| 4 | രമ്യ.കെ | വിദ്യ JLG, സൂര്യ JLG (Joint Liability Group) |
| 5 | രമ്യ.പി.എസ് | ആശ്രയ (ഗാർമെന്റ് യൂണിറ്റ്) സുരഭി ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ്) |
| 6 | രാജമ്മ.ആർ | മെഹൻസ് ഗാർമെന്റ് യൂണിറ്റ്, കൃപ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് |
| 7 | സംഗീത.എൽ | കൈരളി, JLG, വിദ്യ JLG |
| 8 | സുജ.എസ്.ആർ | അപ്സര, JLG, സംഗമം JLG |
| 9 | ശ്രീജ.എസ് | മെഹൻസ് ഗാർമെന്റ് യൂണിറ്റ്, ഐശ്വര്യ ഗാർമെന്റ് യൂണിറ്റ് |
| 10 | സന്ധ്യ.എസ്.എസ് | മെഹൻസ് ഗാർമെന്റ് യൂണിറ്റ്, പാർവതി ഗാർമെന്റ്സ് |

## അനുബന്ധം – 8

സ്വയം തൊഴിൽ ഗ്രൂപ്പുകൾ ലഭ്യമാക്കിയ രേഖകളിലെ അപാകതകൾ

| ക്രമ നം. | ഗ്രൂപ്പ് | അപാകതകൾ |
|---|---|---|
| 1 | നികുഞ്ജം | ഗ്രൂപ്പിലെ അംഗങ്ങളായ ശ്രീമതി. അശ്വതി.ബി.എസ്, ഷീജ.എൽ, അശ്വതി.വൈ എന്നിവരുടെ SC സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ ശ്രീമതി. ഉഷ.പി ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ ഉഷ.എം എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സംരംഭം ആരംഭിക്കാനായി സമർപ്പിച്ച അപേക്ഷയിൽ ടിയാളുടെ പേരുമില്ല. |
| 2 | ഒരുമ | അപേക്ഷ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവിന്റെ പേര് ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം സജിത എന്നാണ്. എന്നാൽ പ്രോജക്ട് ഫയൽ പ്രകാരം സുജാതയാണ് ഗുണഭോക്താവ്. |
| 3 | നളന്ദ ഗാർമെന്റ് യൂണിറ്റ് | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം സീത ആണ് ഗുണഭോക്താവ്. എന്നാൽ സമ്മതപത്രത്തിൽ ഗീത ആണ് ഗുണഭോക്താവായി ഒപ്പു വച്ചിരിക്കുന്നത്. അപേക്ഷ ഫോമുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 4 | വിദ്യ ഗാർമെന്റ് യൂണിറ്റ് | അപേക്ഷ ഫോം ഇല്ല |
| 5 | കൈരളി ഗാർ മെന്റ് യൂണിറ്റ് | അപേക്ഷ ഫോം ഇല്ല |
| 6 | ആദിത്യ ഗാർ മെന്റ് യൂണിറ്റ് | അപേക്ഷ ഫോം ഇല്ല |
| 7 | ദേവീകൃപ | അഞ്ജു.ആർ എന്ന ഗുണഭോക്താവ് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. അപേക്ഷ ഫോം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 8 | എയ്ഞ്ചൽ ഗാർ മെന്റ് യൂണിറ്റ് | അപേക്ഷ ഫോം ഹാജരാക്കിയില്ല. എഗ്രിമെന്റ് പ്രകാരം പ്രവീണി.സി ആണ് ഗുണഭോക്താവ്. പ്രവീണ.ജി.യുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. നീതു.പി.എം എന്ന ഗുണഭോക്താവ് നീതു.എം ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. |
| 9 | ആശ്രയ | അപേക്ഷ ഫോം ഇല്ല |

| | | |
|---|---|---|
| 10 | സൂര്യ ഗാർമെന്റ് യൂണിറ്റ് | അപേക്ഷ ഫോം ഇല്ല |
| 11 | രുചി | അപേക്ഷ ഫോം ഇല്ല |
| 12 | സൂര്യ | അപേക്ഷ ഫോം ഇല്ല |
| 13 | ചിലമ്പ് | അപേക്ഷ ഫോം ഇല്ല |
| 14 | സംഗമം | അപേക്ഷ ഫോം ഇല്ല |
| 15 | വനിത | • ശ്രീമതി. രാജലക്ഷ്മി.റ്റി.കെ, രാജലക്ഷ്മി.എം-ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്.<br>• ശ്രീമതി. സീതാലക്ഷ്മി ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല<br>• ജീവ.എസ് എന്ന ഗുണഭോക്താവ് ജീവ.വി-യുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. |
| 16 | അമ്മൻ ഗാർ മെന്റ്സ് | • ഗുണഭോക്താവ് രാഖി.ഡി, രാഖി.എസ്-ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്.<br>• ഗുണഭോക്താവ് കുമാരി.ജയ.കെ, ജയ.ആർ-ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്.<br>• ഗീതാകുമാരി, ഗീതാകുമാരി.എം-ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്.<br>• പാർവതി.സി, പാർവതി.എസ്-ന്റെ പേരിലുള്ള സർ ട്ടിഫിക്കറ്റാണ് ഹാജരാക്കിയത്.<br>• രമ.കെ., രമ.വി-യുടെ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. |
| 17 | കൈരളി ഗാർ മെന്റ്സ് | വിലാസിനി.എസ്, വിലാസിനി.പി-യുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് |
| 18 | ഭാവന ഗാർമെന്റ് | അപേക്ഷാ ഫോം ഹാജരാക്കിയില്ല |
| 19 | പാർവതി ഗാർ മെന്റ് | • അപേക്ഷ ഫോം ഇല്ല<br>• അനിത.ആർ, അനിത.പി-യുടെ ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്<br>• സന്ധ്യ.എസ്.എസ്, സന്ധ്യ.എ-യുടെ ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് |

| | | |
|---|---|---|
| 20 | വിനായക ഗാർ മെന്റ് | അപേക്ഷ ഫോം ഇല്ല |
| 21 | കൃപ ഗാർമെന്റ് | കവിത.എസ്, കവിത.കെ-യുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് |
| 22 | പ്രിയങ്ക ഗാർ മെന്റ്സ് | പ്രസന്ന.എസ്, പ്രസന്ന.ആർ-ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് |
| 23 | സുരഭി ഗാർമെന്റ് | ശാരദ.കെ, ശാരദ.എന്-ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് |
| 24 | മാതാ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് | അപേക്ഷ ഫോം ഇല്ല |
| 25 | ഭദ്ര ഗാർമെന്റ് | അപേക്ഷ ഫോം ഇല്ല |
| 26 | മെഹൻസ് ഗാർ മെന്റ് | അപേക്ഷ ഫോം ഇല്ല |

## അനുബന്ധം – 9

പ്രായപരിധി അധികരിച്ച് ആനുകൂല്യം നൽകിയത്

| പേര് | ജനിച്ച വർഷം/വയസ്സ് (2020-ൽ) | ഗ്രൂപ്പ് |
|---|---|---|
| ശാന്ത | 1956/64 | ഭാവന ഗാർമെന്റ് |
| പ്രഭാകുമാരി | 1959/61 | വിനായക ഗാർമെന്റ് |
| രാജമ്മ | 1958/62 | കൃപ ഗാർമെന്റ് |
| തുളസി.എസ് | 1958/62 | പ്രിയങ്ക ഗാർമെന്റ് |
| ശാരദ.കെ | 1960/60 | സുരഭി ഗാർമെന്റ് |
| വിലാസിനി | 1950/70 | ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് |
| കൃഷ്ണമ്മ | 1950/70 | ഭദ്രാ ഗാർമെന്റ് |
| യശോദ | 1955/65 | ഭദ്രാ ഗാർമെന്റ് |

## അനുബന്ധം -10

വിറ്റഴിക്കാൻ അവശേഷിക്കുന്ന വിജ്ഞാനകോശം വാല്യങ്ങൾ

(സ്റ്റോക്ക് രജിസ്റ്റർ പ്രകാരം)

| ക്രമ നം | സർവ വിജ്ഞാനകോശം | ബാലൻസ് (31.03.2021 ൽ) | മുഖവില | ആകെ വില |
|---|---|---|---|---|
| 1 | വാല്യം 1 | 2233 | 500 | 1116500 |
| 2 | വാല്യം 2 | 2632 | 500 | 1316000 |
| 3 | വാല്യം 3 | 1655 | 600 | 993000 |
| 4 | വാല്യം 4 | 3774 | 700 | 2641800 |
| 5 | വാല്യം 5 | 5 | 300 | 1500 |
| 6 | വാല്യം 5 (പരിഷ്കരിച്ചത്) | 4237 | 700 | 2965900 |
| 7 | വാല്യം 6 | 1500 | 600 | 900000 |
| 8 | വാല്യം 7 | 51 | 300 | 15300 |
| 9 | വാല്യം 7 (പരിഷ്കരിച്ചത്) | 2165 | 700 | 1515500 |
| 10 | വാല്യം 8 | 30 | 700 | 21000 |
| 11 | വാല്യം 8 (പരിഷ്കരിച്ചത്) | 4030 | 700 | 2821000 |
| | വാല്യം 9 | 12 | 300 | 3600 |
| 12 | വാല്യം 9 (പരിഷ്കരിച്ചത്) | 4243 | 700 | 2970100 |
| 13 | വാല്യം 10 | 3276 | 600 | 1965600 |
| 14 | വാല്യം 11 | 2511 | 450 | 1129950 |
| 15 | വാല്യം 12 | 1207 | 450 | 543150 |
| 16 | വാല്യം 13 | 417 | 500 | 208500 |
| 17 | വാല്യം 14 | 197 | 600 | 118200 |
| 18 | വാല്യം 15 | 212 | 720 | 152640 |
| 19 | വാല്യം 16 | കൃത്യമല്ല | 720 | - |
| 20 | വാല്യം 17 | 7 | 870 | 6090 |
| | | | ആകെ | 2,14,05,330 |

| ക്രമ നം. | വിശ്വസാഹിത്യ വിജ്ഞാനകോശം | ബാലൻസ് (31.03.2020 ൽ) | മുഖവില | ആകെ വില |
|---|---|---|---|---|
| 1 | വാല്യം 1 | 606 | 600 | 363600 |
| 2 | വാല്യം 2 | കൃത്യമല്ല | 500 | - |
| 3 | വാല്യം 3 | 7 | 600 | 4200 |
| 4 | വാല്യം 4 | 2 | 450 | 900 |
| 5 | വാല്യം 5 | 829 | 540 | 447660 |
| 6 | വാല്യം 6 | 6 | 500 | 3000 |
| 7 | വാല്യം 7 | 4 | 500 | 2000 |
| 8 | വാല്യം 8 | 229 | 700 | 160300 |
| 9 | വാല്യം 9 | 931 | 720 | 670320 |
| 10 | വാല്യം 10 | കൃത്യമല്ല | 950 | - |
| **ആകെ** | | | | 16,51,980 |
| **ക്രമ നം.** | **ഏകവിഷയ വിജ്ഞാനകോശം** | **ബാലൻസ് (31.03.2020 ൽ)** | **മുഖവില** | **ആകെ വില** |
| 1 | പരിസ്ഥിതി വിജ്ഞാനകോശം | 0 | 500 | 0 |
| 2 | പരിസ്ഥിതി വിജ്ഞാനകോശം (പരിഷ്കരിച്ചത്) | 34 | 700 | 23800 |
| 3 | ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം | 1235 | 900 | 1111500 |
| 4 | പരിണാമ വിജ്ഞാനകോശം | 1138 | 900 | 1024200 |
| 5 | സാംസ്കാരികം | 97 | 350 | 33950 |
| 6 | 2011 - വാർഷിക വിജ്ഞാനകോശം | ലഭ്യമല്ല | ലഭ്യമല്ല | - |
| **ആകെ** | | | | **21,93,450** |
| **ആകെത്തുക (Grand Total)** | | | | **2,52,50,760** |

കേരള സർക്കാർ
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
വികാസ് ഭവൻ, തിരുവനന്തപുരം
Email: director.ksad@kerala.gov.in
Web site: https://ksad.kerala.gov.in/